# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/25-27
**License to post without prepayment of postage**
**No. KL/PMG/NR/WPP/83/TLY/2025-27**

**Vol. 16 / Issue 7**
**July 2025**

"For their sake I consecrate myself, that they also may be consecrated in truth."
(John 17:19)



JUBILEE 2025
PILGRIMS OF HOPE

**FAMILY RENEWAL YEAR**
DIOCESE OF MANANTHAVADY



ജൂലൈ 3

# മാർ തോമാശ്ലീഹായുടെ

## ദുക്റാന തിരുനാൾ

മാനന്തവാടി രൂപതാ കുടുംബം

## 2025 - 2027

### പാസ്റ്ററൽ കൗൺസിൽ

### സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട



**ശ്രീ.ജോസ് മാത്യു പുഞ്ചയിൽ**

# ഒരായിരം അഭിനന്ദനങ്ങൾ



# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് 4:8)**


**Printed, Published and Edited by**
**Fr. Thankachan alias Joseph Paruvummel, Published from Bishop's House**
**Mananthavady, P.B. No. 1, Wayanad 670645.**
**Owned by the Roman Catholic Diocese of Mananthavady**
**Printed at St. Joseph's Offset Press, Mananthavady 670645**

വാല്യം 16 ജൂലൈ 2025 ലക്കം 7

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം

ഇടയലേഖനം ........ 07
സർക്കുലർ ........ 13
സർക്കുലർ ........ 18
Secundum Probatum ........ 20
രൂപതാ കച്ചേരി വാർത്തകൾ ........ 29
കുടുംബകൂട്ടായ്മ - പഠനവിഷയം ........ 31
മാസധ്യാന റിപ്പോർട്ട് ........ 36
പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് ........ 37
മൈനർസെമിനാരി വാർത്തകൾ ........ 40
മതബോധനരംഗം ........ 41
ചെറുപുഷ്പ മിഷൻലീഗ് ........ 44
തിരുബാലസഖ്യം ........ 50
Department of Youth Ministry ........ 51
കെ.സി.വൈ.എം ........ 53
കുടുംബപ്രേഷിതത്വം ........ 58
സീയോൻ വാർത്തകൾ ........ 69
സാമൂഹ്യ സേവനരംഗം (WSSS) ........ 70
ജീവസ് & കെ.എൽ.എം ........ 75
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി ........ 77
ബയോവിൻ അഗ്രോ റിസർച്ച് ........ 82
റേഡിയോ മാറ്റൊലി ........ 85
Mary Matha Arts & Science College ........ 87
ഫെഡാർ ഫൗണ്ടേഷൻ ........ 89
സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റൽ ........ 91
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ........ 92
ബിഷപ്സ് പ്രോഗ്രാം ........ 97

Prot. No. 0482/2025

## ഇടയലേഖനം
## ദുക്റാനതിരുനാൾ – സഭാദിനം 2025

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ! ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ മരണദിവസമായ ജൂലൈ മൂന്നാം തീയതി നമ്മുടെ സഭയിൽ ദുക്റാന തിരുനാളാണ്. ധീരനായ ഈ ശ്ലീഹായുടെ പ്രേഷിതപ്രഘോഷണത്തിലൂടെയും രക്തസാക്ഷിത്വത്തിലൂടെയും വളർച്ചയാരംഭിച്ച നമ്മുടെ സഭ ഈ ദിവസംതന്നെ സഭാദിനമായും ആചരിക്കുന്നു. സീറോമലബാർ സഭയുടെ മക്കളായ നമുക്കു ഈ ഓർമ്മത്തിരുനാളും സഭാദിനവും കൃതജ്ഞതാ പ്രകാശനത്തിനും ആത്മപരിശോധനയ്ക്കും ദൗത്യ നവീകരണത്തിനുമുള്ള അവസരമാണ്.

മാർതോമാശ്ലീഹായുടെ മാതൃക അനുകരിച്ചുകൊണ്ടു, വിശ്വാസത്തിനു സാക്ഷ്യം നല്കുന്ന ക്രൈസ്തവ ജീവിതശൈലിക്ക് സമകാലിക സമൂഹത്തിൽ ഏറെ പ്രാധാന്യമുണ്ട്. ഉപരിപ്ലവങ്ങളായ അറിവുകളുടെയും അടിസ്ഥാനരഹിതമായ വാദഗതികളുടെയും ഈ കാലഘട്ടത്തിൽ നമ്മൾ പ്രഘോഷിക്കുന്ന സുവിശേഷം ഫലമണിയണമെങ്കിൽ അതു ഹൃദയത്തിൽ നിറയുന്ന ദൈവസ്നേഹത്തിൽനിന്ന് ഉയരുന്നതാകണം. സംശയത്തിന്റെ വഴിയിൽനിന്നു ദൈവാനുഭവത്തിന്റെ വ്യക്തിപരമായ സാക്ഷ്യം തോമാശ്ലീഹാ നല്കിയതു ഹൃദയത്തിൽനിന്നുള്ള സ്നേഹത്തിന്റെ പ്രകടനമായിട്ടായിരുന്നു. "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന വിശ്വാസ പ്രഖ്യാപനം ഈശോയുമായുള്ള ശ്ലീഹായുടെ സ്നേഹത്തിന്റെ സാക്ഷ്യപ്പെടുത്തലായിരുന്നു. വിശ്വാസ പ്രതിസന്ധികളുടെയും അനിശ്ചിതത്വങ്ങളുടെയുമിടയിൽ ഈശോയുടെ പുനരുത്ഥാന സത്യത്തെ ഹൃദയം നിറഞ്ഞ സ്നേഹത്തോടെ പ്രഘോഷിക്കാൻ ഓരോ

രുത്തർക്കും സാധിക്കുമ്പോഴാണു നമ്മുടെ പിതാവിന്റെ ദുക്റാന അർത്ഥപൂർണമാകുന്നത്. കുരിശിന്റെ അപമാനവും വേദനയും സഹിച്ചെങ്കിൽ മാത്രമേ ഉത്ഥിതന്റെ മഹത്വാനുഭവം സ്വന്തമാക്കാൻ സാധിക്കുകയുള്ളു. ഉത്ഥാനം ചെയ്ത ഈശോയുടെ മഹത്വീകൃതമായ ശരീരത്തിൽ തോമാശ്ലീഹാ വിശ്വാസപൂർവം ദർശിച്ച തിരുമുറിവുകൾ നമ്മുടെ ജീവിതവഴികളിൽ വിശ്വാസ പ്രഘോഷണത്തിനുള്ള പ്രചോദനവും ഊർജവും നല്കട്ടെ.

ജൂലൈ മൂന്നാം തീയതി സീറോമലബാർ സഭാദിനം വർഷങ്ങളായി നമ്മൾ ആചരിച്ചു വരികയാണല്ലോ. നമ്മുടെ സഭയ്ക്കു ദൈവം നല്കിയ അനുഗ്രഹങ്ങൾക്കു നന്ദിപറയാനും സഭാമക്കൾ എല്ലാവരുടെയും പ്രവർത്തന മേഖലകളിൽ ദൈവാനുഗ്രഹത്തിന്റെ തണൽമേഘങ്ങൾ രൂപപ്പെടാൻ പ്രാർത്ഥിക്കുന്നതിനും ഈ അവസരം പ്രയോജനപ്പെടുത്താം. ത്യാഗപൂർണമായ ചരിത്രവഴികളിലൂടെ യാത്രചെയ്താണ് ഒരു മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി സീറോമലബാർ സഭ വളർന്നിരിക്കുന്നത്. കേരളത്തിൽ നിന്നു ഭാരതം മുഴുവനിലേക്കും ഭാരതത്തിന്റെ അതിർത്തികളിൽ നിന്നു വിവിധ രാജ്യങ്ങളിലേക്കും വ്യാപിച്ചിരിക്കുകയാണ് നമ്മുടെ അജപാലന മേഖലകൾ. ലോകത്തിന്റെ എല്ലാഭാഗങ്ങളിലും തന്നെ സീറോമലബാർ സഭയിലെ വൈദികരും സിസ്റ്റേഴ്സും അല്മായ സഹോദരങ്ങളും തങ്ങളുടെ മാതൃസഭയിൽന്നു ലഭിച്ച വിശ്വാസവെളിച്ചം മറ്റുള്ളവർക്കു പകർന്നുകൊടുത്തുകൊണ്ടു ജീവിക്കുന്നു എന്നത് അഭിമാനകരമായ വസ്തുതയാണ്. ഈ യാഥാർഥ്യം അജപാലനപരമായ നമ്മുടെ ഉത്തരവാദിത്വത്തെയും അതിനുള്ള അനന്തമായ സാധ്യതകളെയുംകുറിച്ചും നമ്മെ ഓർമ്മപ്പെടുത്തുന്നു. ''ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം'' (1 കോറി. 9:16) എന്ന പൗലോസ് ശ്ലീഹായുടെ ഏറ്റുപറച്ചിൽ സീറോമലബാർ സഭയെ സംബന്ധിച്ചിടത്തോളം ഏറെ പ്രസക്തമാണ്. നമ്മുടെ സഭയ്ക്കു ദൈവം നല്കിയിരിക്കുന്ന വൈദികരും സമർപ്പിതരും അല്മായ പ്രേഷിതരും നമ്മുടെ മിഷൻ പ്രദേശങ്ങളിലേയ്ക്കും സുവിശേഷം പ്രഘോഷിക്കാനും കൂദാശകൾ പരികർമ്മം ചെയ്യാനും സാധ്യതകളിലാത്ത ഇടങ്ങളിലേയ്ക്കും ഇനിയും കടന്നുചെല്ലണം. അങ്ങനെ നമ്മുടെ സഭ ഒരു മിഷനറിസഭയായി എന്നും നിലനില്ക്കണം. രൂപതകളും സമർപ്പിത സഹോദരങ്ങളും അല്മായ മിഷൻ സംവിധാനങ്ങളും

ഈ മേഖലയിൽ ഒരു പുനഃക്രമീകരണത്തിനു തയ്യാറാകേണ്ടതു കാലഘട്ടത്തിന്റെ ആവശ്യമാണ്.

2025 ജനുവരി മാസത്തിലെ സിനഡു സമ്മേളനത്തിൽ അവതരിപ്പിച്ച കണക്കനുസരിച്ച് നമ്മുടെ സഭയിൽ കഴിഞ്ഞവർഷം 283 വൈദിക വിദ്യാർഥികൾ രൂപതകളിലും സമർപ്പിത സമൂഹങ്ങളിലുമായി തിരുപ്പട്ടം സ്വീകരിച്ചു. സീറോമലബാർ സഭയിലെ പുരുഷന്മാർക്കായുള്ള സമർപ്പിത സമൂഹങ്ങളിൽ 132 പേർ ആദ്യവ്രതവാഗ്ദാനം നടത്തിയപ്പോൾ 145 പേർ നിത്യവ്രതവാഗ്ദാനം നടത്തി. സ്ത്രീകളുടെ സമർപ്പിത സമൂഹങ്ങളിൽ 272 പേർ സമർപ്പിത വസ്ത്രം സ്വീകരിച്ച് ആദ്യവ്രതവാഗ്ദാനം നടത്തുകയും 338 പേർ നിത്യവ്രതം ചെയ്യുകയും ചെയ്തു. മറ്റ് വ്യക്തിസഭകളിലും അവിടെയുള്ള സമർപ്പിത സമൂഹങ്ങളിലും ചേർന്ന് വൈദികപട്ടം സ്വീകരിക്കുകയും വ്രതവാഗ്ദാനം ചെയ്യുകയും ചെയ്ത സീറോമലബാർ സഭാംഗങ്ങളുടെ എണ്ണം ഇതിനുപുറമേയാണ്. ഞാൻ നിങ്ങളുമായി ഈ കണക്കുകൾ പങ്കുവയ്ക്കുന്നതു നമ്മുടെ സഭയ്ക്കു ദൈവം നല്കികൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്കു നന്ദിപറയാനും നമ്മുടെ വൈദികരെയും സമർപ്പിതരെയും അല്മായ പ്രേഷിതരെയും പ്രത്യേകമായി, ക്ലേശകരമായ സാഹചര്യങ്ങളിൽ ജീവനുപോലും ഭീഷണി നേരിട്ടുകൊണ്ട് ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്നവരെയും ഓർത്തു പ്രാർത്ഥിക്കുന്നതിനുവേണ്ടിയാണ്. വൈദിക സമർപ്പിത ദൈവവിളികൾ സ്വീകരിക്കുന്നതിനു സന്നദ്ധതയും കഴിവുമുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിച്ചു വളർത്താൻ സഭാസമൂഹം ഒന്നായി ശ്രദ്ധിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

ആഗോളസഭയെയും സമൂഹത്തെയും ദുഃഖത്തിലാഴ്ത്തിയാണു പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2025 ഏപ്രിൽ 21 നു കാലം ചെയ്തത്. ഏപ്രിൽ 26 നു പരിശുദ്ധ പിതാവിന്റെ കബറടക്ക ശുശ്രൂഷയിൽ പങ്കെടുക്കാൻ സാധിച്ചത് വലിയ ഒരു ആത്മീയാനുഭവമായിരുന്നു. മാർപാപ്പയെ കബറടക്കിയിരിക്കുന്ന മേരി മേജർ ബസിലിക്കയിൽ നമ്മുടെ സഭയിലെ ഏതാനും പിതാക്കൻമാരോടൊത്തു വിശുദ്ധ കുർബാനയർപ്പിച്ചു മാർപാപ്പയ്ക്കുവേണ്ടി പ്രാർഥിക്കാനും അവസരം ലഭിച്ചു. സീറോമലബാർ സഭയെ സ്നേഹിച്ച ഒരു മാർപാപ്പയാണ് കടന്നുപോയത്. ഭാരതം മുഴുവനിലും നമുക്ക് അജപാലനാധികാരം നല്കിയതും ഗൾഫുരാജ്യങ്ങളിൽ നമ്മുടേതായ അജപാലന സംവിധാനം രൂപപ്പെടുത്താനുള്ള നടപ

ടികൾ ദ്രുതഗതിലാക്കിയതും നമ്മുടെ സഭാമക്കളുടെ ആത്മീയ ആവശ്യത്തിനായി റോമിലെ സാന്താ അനസ്താസിയ മൈനർ ബസിലിക്ക നമുക്കു നല്കിയതും ഫ്രാൻസിസ് മാർപാപ്പയാണെന്നതു കൃതജ്ഞതയോടെ ഓർക്കാം. നമ്മുടെ സഭയുടെ ഐക്യവും കൂട്ടായ്മയും പരിപോഷിപ്പിക്കുന്നതിനുവേണ്ടി പിതൃസഹജമായ ഇടപെടലുകൾ മാർപാപ്പ നടത്തിയതും നമ്മുടെ സഭയോടുള്ള കരുതലിന്റെ ഭാഗമായിരുന്നു. സിനഡൽ സംവിധാനത്തിലൂടെ പരസ്പരം ശ്രവിച്ചും ഉൾക്കൊണ്ടും ഒരുമിച്ചുനടക്കാൻ നമ്മെ പഠിപ്പിച്ച ആ വന്ദ്യപിതാവിന്റെ ഓർമ്മയ്ക്കു മുൻപിൽ, നന്ദിനിറഞ്ഞ ഹൃദയത്തോടെ സീറോമലബാർസഭയുടെ ആദരവും സ്നേഹവും ഞാൻ അർപ്പിക്കുന്നു. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ ആത്മശാന്തിക്കുവേണ്ടി നമുക്കു തുടർന്നും പ്രാർത്ഥിക്കാം.

ദൈവം സഭയ്ക്കു നല്കിയിരിക്കുന്ന സമ്മാനമാണ് പുതിയ മാർപാപ്പ ലെയോ പതിനാലാമൻ. പാപ്പാസ്ഥാനം ഏറ്റെടുത്ത ദിനങ്ങളിൽത്തന്നെ വിവിധവിഷയങ്ങളിലുള്ള വ്യക്തമായ നിലപാടുകളും ലോകത്തോടും ആഗോളസഭയോടുമുള്ള സംവേദനങ്ങളും വഴി മാർപാപ്പ ലോകശ്രദ്ധ ആകർഷിച്ചു കഴിഞ്ഞു. പൗരസ്ത്യ സഭകളെസംബന്ധിച്ചു ഏറെ സുപ്രധാനമായ ഒരു ഇടപെടൽ മാർപാപ്പ നടത്തിയത് 2025 മെയ് 14നാണ്. അന്ന് പൗരസ്ത്യസഭകൾക്കായുള്ള റോമിലെ ജൂബിലിയാഘോഷങ്ങളിൽ പങ്കെടുത്ത പൗരസ്ത്യസഭകളുടെ തലവന്മാരെയും മറ്റുള്ളവരെയും അഭിസംബോധനചെയ്തുകൊണ്ട് പരിശുദ്ധ പിതാവ് നടത്തിയ പ്രസംഗം പൗരസ്ത്യസഭകളോടുള്ള പരിശുദ്ധപിതാവിന്റെ അജപാലന സമീപനം എന്താണെന്നുള്ള പ്രഖ്യാപനമായിരുന്നു. പൗരസ്ത്യ സഭകൾ കത്തോലിക്കാസഭാ കൂട്ടായ്മയുടെ വിലപ്പെട്ട ഘടകങ്ങളാണെന്നും അവയുടെ തനതായ വ്യക്തിത്വം കാത്തുസൂക്ഷിക്കുന്നതിന് ആവശ്യമായ പ്രതിബദ്ധത കാണിക്കണമെന്നും ആരാധനക്രമ സഭാശാസ്ത്ര വൈവിധ്യങ്ങൾ എല്ലാവരും ബഹുമാനിക്കുകയും അംഗീകരിക്കുകയും വേണമെന്നുള്ള മാർപാപ്പയുടെ ആഹ്വാനം പൗരസ്ത്യസഭകളുടെ തനതായ്മയ്ക്കുള്ള പ്രോത്സാഹനവും അംഗീകാരവുമായിരുന്നു. അന്നേദിവസം പൗരസ്ത്യസഭാതലവന്മാർക്ക് അനുവദിച്ച പ്രത്യേക കൂടിക്കാഴ്ചയ്ക്കിടയിൽ പരിശുദ്ധ പിതാവിനെ വ്യക്തിപരമായി കാണാനും സീറോമലബാർസഭയുടെ പ്രാർഥനാശംസകൾ അറിയിക്കാനും എനിക്ക് അവസരം

ലഭിച്ചു. പൗരസ്ത്യ പാരമ്പര്യങ്ങളോടു വിശ്വസ്തത പുലർത്തി ആഗോളസഭയിൽ സജീവസാന്നിധ്യമായി മുന്നോട്ടുപോകാനുള്ള അവസരമാണ് മാർതോമാശ്ലീഹായുടെ മക്കളായ നമുക്കു ലഭിച്ചിരിക്കുന്നത്. പരിശുദ്ധ പിതാവു പറഞ്ഞതുപോലെ ആധുനികലോകത്തിൽ പൗരാണികവിശ്വാസത്തിന്റെ സാക്ഷ്യംനല്കുന്ന കിഴക്കുനിന്നുള്ള വെളിച്ചമാകാൻ ഒരു പൗരസ്ത്യസഭയെന്ന നിലയിൽ നമുക്കു കൂട്ടായ്മയിൽ പരിശ്രമിക്കാം. ഈശോയുടെ ഭൂമിയിലെ വികാരിയും പത്രോസിന്റെ പിൻഗാമിയുമായ മാർപാപ്പയുടെ ഭാരിച്ച ഉത്തരവാദിത്വങ്ങൾ ഫലപ്രദമായി നിർവഹിക്കുന്നതിനുള്ള കരുത്തും ആത്മാവിന്റെ വെളിച്ചവും പരിശുദ്ധ പിതാവു ലെയോ പതിനാലാമനു ലഭിക്കുന്നതിനുവേണ്ടി നമുക്കു പ്രത്യേകം പ്രാർത്ഥിക്കാം.

പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ, നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ വിശ്വാസ പ്രഖ്യാപനം ഈശോയുമായുള്ള ആത്മബന്ധത്തിന്റെ ഫലമായി ഹൃദയത്തിൽനിന്നുയർന്ന വിശ്വാസത്തിന്റെ സാക്ഷ്യപ്പെടുത്തലായിരുന്നു എന്നു ഞാൻ പറഞ്ഞുവല്ലോ. നമ്മുടെ ആത്മീയ ജീവിതത്തിലും സഭാത്മക ജീവിതത്തിലും ഹൃദയബന്ധത്തിന്റെ പ്രാധാന്യം എടുത്തുകാണിക്കുന്ന ഫ്രാൻസിസ് മാർപാപ്പയുടെ പ്രബോധനമാണ് 2024 ഒക്ടോബർ മാസത്തിൽ പുറപ്പെടുവിച്ച ''അവൻ നമ്മെ സ്നേഹിച്ചു'' (Dilexit Nos) എന്ന ചാക്രിക ലേഖനം. ദൈവവുമായും സഹോദരങ്ങളുമായും കൂട്ടായ്മയിലായിരിക്കാനും അതുവഴി യഥാർത്ഥവും പൂർണവുമായ ജീവിതം നയിക്കാനും നമ്മെ പ്രചോദിപ്പിക്കുന്നതു നിരുപാധികവും സമ്പൂർണവുമായ സ്നേഹത്തിന്റെ തികഞ്ഞ മാതൃകയായ ഈശോയുടെ ഹൃദയമാണെന്നു പരിശുദ്ധ പിതാവ് ഈ ചാക്രിക ലേഖനത്തിലൂടെ നമ്മെ പഠിപ്പിക്കുന്നു. ഇന്നു ലോകത്തിൽ കാണപ്പെടുന്ന നിസ്സംഗതയും അനാസ്ഥയും ഉപരിപ്ലവതയും മനുഷ്യഹൃദയത്തിൽ ഉരുത്തിരിയുന്ന ശൂന്യതയുടെ പ്രതിഫലനമാണ്. സമൂഹത്തിലെ വ്യത്യസ്തതകളെ സമന്വയിപ്പിക്കാനും മനുഷ്യവംശത്തെ നവീകരിക്കാനും സാധിക്കുന്നത് ഈശോയുടെ ഹൃദയവുമായി ഐക്യത്തിലായിരിക്കുന്ന ഹൃദയങ്ങളിലൂടെയാണ്. അതിനാൽ നമ്മുടെ സമൂഹങ്ങൾ നവീകരിക്കപ്പെടേണ്ടത് നാമോരോരുത്തരുടെയും ഹൃദയനവീകരണത്തിൽ നിന്നാണ്. വ്യത്യസ്ത ചിന്താധാരകളെയും ആഗ്രഹങ്ങളെയും യോജിപ്പി

ക്കുന്നതിനും അനുരഞ്ജിപ്പിക്കുന്നതിനും നമ്മുടെ സമൂഹങ്ങൾ പ്രാപ്തമാകണമെങ്കിൽ നവീകരണം ഓരോരുത്തരുടെയും ഹൃദയത്തിൽനിന്ന് ആരംഭിക്കണം. അതുവഴി സാഹോദര്യത്തിന്റെ ഐക്യത്തിൽ പരിശുദ്ധാത്മാവു നമ്മെ നയിക്കുന്നതിന് ഇടയാകും (നമ്പർ 28). ഈ ഹൃദയനവീകരണം സാധ്യമാകണമെങ്കിൽ സ്വന്തം കഴിവിൽ അമിതമായി ആശ്രയിക്കാതെ ഈശോയുടെ തിരുഹൃദയത്തിലേക്കു തിരിയേണ്ടത് അത്യാവശ്യമാണ്. തിരുഹൃദയത്തിലാണു നമ്മൾ നമ്മെത്തന്നെ കണ്ടെത്തുന്നതും സ്നേഹിക്കാൻ പഠിക്കുന്നതും (നമ്പർ 30). അതിനാൽ നാം മാറ്റം ആഗ്രഹിക്കുന്നുവെങ്കിൽ നമ്മുടെ ഹൃദയങ്ങളുടെ നവീകരണത്തിൽനിന്നു തുടക്കം കുറിക്കണം. നമ്മുടെ കുടുംബങ്ങളുടെയും സഭാസമൂഹങ്ങളുടെയും യഥാർത്ഥത്തിലുള്ള നവീകരണം സാധ്യമാകണമെങ്കിൽ ഓരോരുത്തരും മുൻവിധികളും ഇഷ്ടാനിഷ്ടങ്ങളും മാറ്റിവച്ച് ഈശോയുടെ ഹൃദയവുമായി ബന്ധംസ്ഥാപിച്ച് അതിൽനിന്നു ലഭിക്കുന്ന ആത്മീയ ഉണർവിലൂടെ സാഹോദര്യത്തിന്റെയും ഐക്യത്തിന്റെയും മനോഭാവം സ്വീകരിക്കണം.

ദുക്റാനതിരുനാളിന്റെയും സഭാദിനത്തിന്റെയും ആശംസകൾ എല്ലാവർക്കും നേരുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യാകാ മറിയത്തിന്റെയും മാർ യൗസേപ്പു പിതാവിന്റെയും മാർ തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2025-ാം ആണ്ട് ജൂൺ മാസം 20-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

---

NB:- ഈ ഇടയലേഖനം 2025 ജൂൺ 29-ാം തീയതി ഞായറാഴ്ച സീറോമലബാർ സഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിത ഭവനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

No. 4117/K-5/KCBC/OL/DS 11.06.2025

# ജൂലൈ 6 യുവജനദിനം

## കെ സി ബി സി യുവജന കമ്മീഷൻ സർക്കുലർ

## മഹാജൂബിലി വർഷത്തിൽ പ്രത്യാശയുടെ തീർത്ഥാടകരായ യുവജനങ്ങൾ

കർത്താവിൽ പ്രിയ യുവജനങ്ങളേ,

മുൻവർഷങ്ങളിൽ നാം അനുവർത്തിച്ചിരുന്നതുപോലെ, ജൂലൈ മൂന്നിന് ശേഷം വരുന്ന ഞായറാഴ്ചയായ ജൂലൈ ആറിന് കേരള കത്തോലിക്കാസഭ ഈ വർഷം യുവജനദിനമായി ആചരിക്കുമ്പോൾ രണ്ടു സവിശേഷതകൾ കൂടിയുണ്ട്. ഒന്നാമതായി, ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച മഹാജൂബിലി വർഷത്തിലെ യുവജന ദിനാഘോഷം എന്നതും മറ്റൊന്ന്, നമുക്ക് ലഭിച്ചിരിക്കുന്ന ദിനമായ ജൂലൈ 6 ശുദ്ധതയുടെ സ്വർഗ്ഗീയ മധ്യസ്ഥയായ വി. മരിയ ഗൊരേത്തിയുടെ തിരുന്നാൾ ദിനം കൂടിയാണെന്നുള്ളതും. ജൂബിലി വർഷം 2025 ആചരണത്തോടൊപ്പം സമാഗതമായിരിക്കുന്ന യുവജനദിനവുമായി ബന്ധപ്പെട്ട് യുവജനങ്ങളായ ഏവർക്കും തിരുസഭ വളരെ പ്രത്യേകമായ ചില സന്ദേശങ്ങൾ നൽകുന്നുണ്ട്. യുവജന ദിനാചരണത്തോടൊപ്പം, ജൂബിലി വർഷത്തോടനുബന്ധിച്ചുള്ള കർമ്മപരിപാടികൾ ഇടവകാ - സംഘടനാ തലങ്ങളിൽ ആസൂത്രണം ചെയ്ത് നടപ്പാക്കാനും കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ യുവജന കമ്മീഷൻ ആഹ്വാനം ചെയ്യുന്നു. ഒരിക്കലുമുണ്ടായിട്ടില്ലാത്ത പലവിധ പ്രതിസന്ധികളെ ലോകം മുഴുവനും വിശിഷ്യാ കേരളസമൂഹവും യുവജനങ്ങളും നേരിടുന്ന പശ്ചാത്തലത്തിൽ മഹാജൂബിലി വർഷാചരണത്തോടും യുവജനദിനാഘോഷത്തോടും അനുബന്ധിച്ച് നാം പ്രത്യേകമായി വിചിന്തന വിധേയമാക്കേണ്ടതും പ്രവൃത്തിപഥത്തിലെത്തിക്കേണ്ടതുമായ ചില പ്രധാന വിഷയങ്ങൾ സ്നേഹപൂർവ്വം നിങ്ങളോട് പങ്കുവയ്ക്കാൻ ഈ ഘട്ടത്തിൽ ഞങ്ങൾ ആഗ്രഹിക്കുന്നു.

**പ്രത്യാശയുടെ തീർത്ഥാടകരായ യുവജനങ്ങൾ**

2025 ജൂബിലി വർഷത്തോടനുബന്ധിച്ച് ഫ്രാൻസിസ് പാപ്പ നിർദ്ദേശിച്ച ആപ്തവാക്യമാണല്ലോ 'പ്രത്യാശയുടെ തീർത്ഥാടകർ'. ആത്മീയമായും ഭൗതികമായും പ്രത്യാശാപൂർണ്ണമായ ജീവിത

ശൈലിയിലേക്കുള്ള പരിവർത്തനത്തിനാവശ്യമായ മുന്നൊരുക്കവും നവീകരണവുമാണ് ഈ കാലഘട്ടത്തിൽ തിരുസഭ നാമേവരിൽനിന്നും ആവശ്യപ്പെടുന്നത്. യുവജനങ്ങളുടെ ആത്മീയ ശാക്തീകരണത്തിനും പക്വമായ ഭൗതിക സമുദ്ധാരണത്തിനും ഏറ്റവുമധികം പ്രവർത്തിക്കുകയും ആഹ്വാനങ്ങൾ നൽകുകയും ചെയ്ത ഫ്രാൻസിസ് പാപ്പയോടും പാപ്പയുടെ പിൻഗാമിയായി ദൈവം നൽകിയ പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പയോടും ചേർന്നുനിന്നുകൊണ്ട് ഈ വലിയ ലക്ഷ്യത്തിനായി നമുക്ക് പരിശ്രമിക്കാം.

**ക്രിസ്തു വിപ്ലവം, പ്രത്യാശയുടെ യുവത്വം**

രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിന്റെ യൗവ്വന തീക്ഷ്ണതയാണ് സുവിശേഷങ്ങളിൽ ജ്വലിച്ചു നിൽക്കുന്നത്. ക്രിസ്തുവിലുണ്ടായിരുന്ന വിപ്ലവ വീര്യവും അവിടുന്ന് പകർന്നു നൽകിയ പ്രത്യാശയുമാണ് ഈ കാലഘട്ടത്തിലെ യുവജനങ്ങൾ അടുത്തു വീക്ഷിക്കുകയും മാതൃകയാക്കുകയും ചെയ്യേണ്ടത്. ആരെയും ഒരിക്കലും അകറ്റി നിർത്താതിരുന്ന ക്രിസ്തുവിന്റെ മാതൃക ഹൃദയത്തിൽ സ്വീകരിച്ചുകൊണ്ട് വിവേകവും കരുണയും മുഖമുദ്രയാക്കിയ യുവജനങ്ങളെ ഇന്നത്തെ ലോകത്തിന് ആവശ്യമുണ്ട്. അവിടെ ആഴമുള്ള വിചിന്തനങ്ങളും ആത്മാർത്ഥവും പ്രത്യാശാപൂരിതവുമായ പരിശ്രമങ്ങളും സ്വർഗം നമ്മിൽനിന്ന് പ്രതീക്ഷിക്കുന്നു.

'ക്രിസ്തുവിന്റെ വാഗ്ദാനങ്ങളിൽ വിശ്വാസമർപ്പിച്ചും നമ്മുടെ ശക്തിയിൽ ആശ്രയിക്കാതെ പരിശുദ്ധാത്മാവിന്റെ കൃപാവരത്തിന്റെ സഹായത്തിൽ ആശ്രയിച്ചും, നമ്മുടെ സൗഭാഗ്യമെന്ന നിലയിൽ സ്വർഗ്ഗരാജ്യത്തെയും നിത്യജീവിതത്തെയും നാം ആഗ്രഹിക്കുന്നത് ഏത് സുകൃതത്താലാണോ അതാണ് പ്രത്യാശ എന്ന ദൈവിക സുകൃതം' (CCC 1817).

**സാമൂഹിക പ്രതിസന്ധികളോടുള്ള പ്രതികരണം**

ഇക്കാലഘട്ടത്തിൽ നാം നേരിടുന്ന സാമൂഹിക പ്രതിസന്ധികൾ പലതാണ്. ലഹരിയുടെ ഭയാനകമായ സ്വാധീനവും, നിരീശ്വരവാദ പ്രസ്ഥാനങ്ങളും സഭാവിരുദ്ധ പ്രത്യയശാസ്ത്രങ്ങളും വേരാഴ്ത്തിക്കൊണ്ടിരിക്കുന്നത്, വൈവാഹിക ജീവിതവുമായി

ബന്ധപ്പെട്ട പ്രതിസന്ധികൾ, തൊഴിൽ - സാമ്പത്തിക പ്രതിസന്ധികൾ, രാഷ്ട്രീയവും വർഗീയവുമായ വെല്ലുവിളികൾ തുടങ്ങിയവ ഉദാഹരണങ്ങളാണ്. അനേകം യുവജനങ്ങൾ ക്രൈസ്തവ വിശ്വാസത്തിൽനിന്നും സഭയിൽനിന്നും അകലാൻ ഇത്തരം പ്രതികൂല സാഹചര്യങ്ങൾ വഴിയൊരുക്കുന്നു. വിശ്വാസജീവിതത്തിൽ നിന്നുള്ള അകൽച്ച കൂടുതൽ വലിയ വീഴ്ചകളിലേയ്ക്ക് അനേകരെ നയിക്കുന്നുണ്ട്. മാനസികവും സാമ്പത്തികവുമായ ദുർബലാവസ്ഥകളാണ് അനേകരെ ഇത്തരം കെണികളിൽ അകപ്പെടുത്തിക്കൊണ്ടിരിക്കുന്നത് എന്ന വസ്തുത ഉൾക്കൊണ്ടുകൊണ്ട് വിവിധ പ്രതിസന്ധികളിൽ അകപ്പെട്ടിരിക്കുന്നവരോട് പ്രത്യേകം കരുതലുള്ളവരായിരിക്കാൻ വ്യക്തിപരമായും സംഘടനാ പ്രവർത്തനങ്ങൾ വഴിയായും നമുക്ക് പരിശ്രമിക്കാം.

ഒപ്പം, മയക്കുമരുന്ന് മാഫിയകളും നിരീശ്വരവാദ പ്രസ്ഥാനങ്ങളും സഭാവിരുദ്ധ ശക്തികളും കുട്ടികൾക്കും യുവജനങ്ങൾക്കുമിടയിൽ ശക്തിപ്രാപിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ ക്രിയാത്മക ഇടപെടലുകൾ ആവശ്യമുണ്ട്. ജൂബിലി വർഷത്തോടനുബന്ധിച്ചുള്ള നവീകരണ പ്രവർത്തനങ്ങളിൽ ഇത്തരം പദ്ധതികൾക്ക് സംഘടനാ തലങ്ങളിലും ഇടവകാതലത്തിലും കൂടിയ പരിഗണന നൽകാൻ ശ്രദ്ധിക്കുമല്ലോ.

**തൊഴിൽ മേഖലയും സംരംഭകത്വവും**

ക്രൈസ്തവ യുവജനങ്ങൾ ഏറിയപങ്കും പ്രവാസ ജീവിതം തെരഞ്ഞെടുക്കുന്ന സാഹചര്യമാണല്ലോ ഇന്നുള്ളത്. മികച്ച വിദ്യാഭ്യാസ, തൊഴിൽ, ജീവിത സാധ്യതകൾ തേടി വിദേശരാജ്യങ്ങളിലേയ്ക്ക് ചേക്കേറുന്നവരെ നിരുൽസാഹപ്പെടുത്താൻ കഴിയില്ലെങ്കിലും ജൻമനാട്ടിൽ ജീവിക്കാൻ തൽപ്പരരായ ചെറുതല്ലാത്ത ഒരു സമൂഹം യുവജനങ്ങളിലുണ്ട് എന്നത് ഒരു വസ്തുതയാണ്. അത്തരക്കാർക്കെങ്കിലും നാട്ടിൽ തുടരാൻ കഴിയുന്ന വിധത്തിലുള്ള തൊഴിൽ - സംരംഭകത്വ സാധ്യതകൾ അവഗണിക്കപ്പെടാൻ പാടില്ല. പ്രൊഫഷണലായി തൊഴിൽ - സംരംഭകത്വ മേഖലകളെ സമീപിക്കാനുതകുന്ന ബോധ്യങ്ങൾ വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും പകർന്നുനൽകാൻ സംഘടനാ നേതൃത്വങ്ങൾക്ക് കൂടുതലായി സാധിക്കും.

**ആർട്ടിഫിഷ്യൽ ഇന്റലിജൻസ്**

നിർമ്മിത ബുദ്ധി സംബന്ധിച്ച സഭാ പ്രബോധനങ്ങൾ യുവജനങ്ങൾ ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്. എ. ഐ (AI) യുടെ അനന്ത സാധ്യതകളെ, ധാർമ്മികമൂല്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഉത്തരവാദിത്തപൂർവ്വം സമീപിക്കണമെന്ന ആഹ്വാനം പരിശുദ്ധ സിംഹാസനം പലപ്പോഴായി ആവർത്തിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളിൽ അത്യന്തം ശ്രദ്ധാലുവായിരുന്ന ഫ്രാൻസിസ് പാപ്പയുടെ പ്രബോധനങ്ങൾ നമുക്ക് ഹൃദയത്തിൽ സൂക്ഷിക്കാം. നിർമ്മിത ബുദ്ധി സംബന്ധമായ സംവിധാനങ്ങളെ ക്രിയാത്മകമായി ഉപയോഗിക്കാനും, അതേസമയം ധാർമ്മികവും മാനവികവുമായി സംഭവിച്ചേക്കാവുന്ന അപചയങ്ങളിൽ കരുതലുള്ളവരായിരിക്കാനും ഇക്കാലഘട്ടത്തിൽ യുവജനങ്ങൾ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതുണ്ട്. ഈ വിഷയത്തിൽ ആഴത്തിലുള്ള പഠനങ്ങൾക്കും പരിശീലന പദ്ധതികൾക്കും യുവജനസംഘടനകൾ നേതൃത്വം നൽകുന്നത് ഉചിതമാണ്.

**രാഷ്ട്രീയം**

അത്യന്തം കലുഷിതവും ആശയക്കുഴപ്പങ്ങൾക്കിടയാക്കുന്നതുമായ രാഷ്ട്രീയ സാഹചര്യങ്ങളാണ് ഇന്നുള്ളത്. ഈ ഘട്ടത്തിൽ സഭാത്മകതയും നേതൃപാടവവും ചിന്താശേഷിയുമുള്ള ക്രൈസ്തവ യുവനിര മുഖ്യധാരാ രാഷ്ട്രീയത്തിൽനിന്ന് അകലം പാലിക്കുന്നത് ശരിയായ സമീപനമല്ല. അറിവും കഴിവും കാര്യപ്രാപ്തിയുമുള്ള യുവതലമുറ മുഖ്യധാരാ രാഷ്ട്രീയത്തിലേയ്ക്ക് കടന്നുവരികയാണ് ഇക്കാലഘട്ടത്തിൽ നമ്മുടെ നാട് അഭിമുഖീകരിക്കുന്ന പലവിധ പ്രതിസന്ധികളുടെയും പരിഹാരത്തിന് ആവശ്യം. നേതൃഗുണമുള്ള യുവതീയുവാക്കളെ സഭാത്മകമായി പരിശീലിപ്പിക്കാനും മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനുമുള്ള ദൗത്യത്തെ കത്തോലിക്കാ യുവജന സംഘടനകൾ ഗൗരവമായെടുക്കണം. പൊതുസമൂഹത്തിന്റെയും ക്രൈസ്തവ സമുദായത്തിന്റെയും ആവശ്യമെന്ന നിലയിൽ തങ്ങളുടെ നിയോഗം തിരിച്ചറിഞ്ഞ് മുന്നോട്ടുവരാൻ യോഗ്യരായവർ തയ്യാറാവുകയും വേണം.

ആത്മീയവും സഭാപരവും സാമൂഹികവുമായ വിവിധ മേഖലകൾ പരിഗണിച്ചുകൊണ്ട് അവരവരുടെ വിളിക്കനുസൃതമായ ജീവിത പന്ഥാവിലേയ്ക്ക് ഓരോരുത്തരും കടന്നുവരി

കയും ആത്മാർത്ഥതയോടെ ജീവിതത്തിൽ മുന്നേറുകയുമാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം. അത്തരത്തിൽ ഈ ജൂബിലി വർഷത്തോടും യുവജനദിനാചരണത്തോടും സഭാത്മകമായി നമുക്ക് പ്രത്യുത്തരിക്കാം.

ജൂബിലി വർഷത്തിന്റെ ചൈതന്യത്തോട് ചേർന്നു നിന്നു കൊണ്ട് ഇത്തവണത്തെ യുവജനദിനം സവിശേഷമായി ആചരിക്കാനുള്ള ആഹ്വാനം ജൂൺ 3,4 ദിവസങ്ങളിൽ പിഒസിയിൽ ചേർന്ന കെസിബിസി വർഷകാല സമ്മേളനത്തിൽ പിതാക്കന്മാർ നൽകുകയുണ്ടായി. എല്ലാ യുവജനങ്ങൾക്കും ദൈവാനുഗ്രഹവും യുവജനദിനത്തിന്റെ മംഗളങ്ങളും ഏറ്റവും സ്നേഹത്തോടെ പ്രാർത്ഥനാപൂർവം ആശംസിക്കുന്നു.

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ**
(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)
**ഡോ. മാർ ജോസഫ് പണ്ടാരശ്ശേരിൽ**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)
**ഡോ. മാത്യൂസ് മാർ പോളികാർപ്പോസ്**
(വൈസ് ചെയർമാൻ, കെസിബിസി യുവജനകമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, പി.ഒസി.,
കൊച്ചി - 682 025

---

NB:- 2025 ജൂലൈ ആറാം തീയ്യതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലാറ്റിൻ, സീറോ മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

**ജൂലൈ 6 ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച യുവജന പ്രവർത്തനങ്ങൾക്കായി രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.**

No. 4116/K-5/KCBC/OL/DS 09.06.2025

# പരിഷ്ക്കരിച്ച പി ഒ സി ബൈബിൾ വിശ്വാസി സമൂഹത്തിന്റെ ഉപയോഗത്തിനായി സമർപ്പിക്കുന്ന വേളയിൽ കേരള കത്തോലിക്കാ മെത്രാൻ സമിതി പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

2008-ൽ ആരംഭിച്ച്, നീണ്ട 16 വർഷത്തെ പരിശ്രമഫലമായുള്ള പരിഷ്ക്കരിച്ച പി ഒ സി ബൈബിൾ (Revised POC Bible) സഭയ്ക്ക് സമർപ്പിക്കുമ്പോൾ, കേരളസഭയ്ക്കും കേരള കത്തോലിക്കാ മെത്രാൻ സമിതിക്കും പി ഒ സിക്കും കെ സി ബി സി ബൈബിൾ കമ്മീഷനും ഇത് അഭിമാനത്തിന്റെ ചരിത്രമുഹൂർത്തമാണ്. കെ സി ബി സി ബൈബിൾ കമ്മീഷൻ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത്, പി ഒ സി ആദ്യമായി സമ്പൂർണ ബൈബിൾ പ്രസിദ്ധീകരിച്ചത് 1981-ലാണ്. ഭാഷാലാളിത്യത്താലും വായനക്ഷമതയാലും പരക്കെ ജനകീയത നേടിയ പി ഒ സി ബൈബിൾ, കഴിഞ്ഞ നാല്പതിൽപരം വർഷങ്ങളായി വായിക്കാനും പഠിക്കാനും ധ്യാനിക്കാനും അനേകം പേർ താത്പര്യപൂർവം ഉപയോഗിച്ചുവരുന്നു.

വിശുദ്ധഗ്രന്ഥത്തിന്റെ മൂലരൂപത്തോടു വിശ്വസ്തത പുലർത്തുന്നതും പ്രമാദരഹിതവുമായ വിവർത്തനങ്ങൾ ദൈവജനത്തിനു ലഭ്യമാക്കാൻ ശ്രദ്ധിക്കണമെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ (ദൈവവചനം ഖ. 22) നിർദേശിക്കുന്നു. 2010-ൽ ബനഡിക്ട് പതിനാറാമൻ പാപ്പാ പുറത്തിറക്കിയ, ''കർത്താവിന്റെ വചനം'' (Verbum Domini) എന്ന സിനഡനന്തര അപ്പസ്തോലിക ആഹ്വാനവും ബൈബിൾ പരിഭാഷ നടത്തുന്നതിന്റെയും ബൈബിൾ സംബന്ധ പഠനങ്ങളുടെ പുരോഗതി അനുസരിച്ച് പരിഭാഷകൾ പരിഷ്ക്കരിക്കുന്നതിന്റെയും പ്രാധാന്യം ഊന്നിപറയുന്നു (ഖ.115 കാണുക). ഈ ലക്ഷ്യത്തെ മുന്നിൽ കണ്ടുകൊണ്ട് സമീപകാലങ്ങളിൽ ആധുനിക ഭാഷകളിലെ ബൈബിൾ വിവർത്തനങ്ങൾ പരിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണത്തിന്, ഇംഗ്ലീഷ്, ഇറ്റാലിയൻ, ജർമ്മൻ തുടങ്ങിയ ഭാഷകളിൽ ഇതിനോടകം പരിഷ്ക്കരിച്ച പതിപ്പുകൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. 2008-ൽ ആരംഭിച്ച പി ഒ സി ബൈബിളിന്റെ പരിഷ്ക്കരണം വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോയി 2024-ൽ പൂർത്തീകരിക്കപ്പെട്ടു. ബൈബിൾ പരിഷ്ക്കരണ പ്രക്രിയയിൽ പ്രവർത്തിച്ച ബൈബിൾ

പണ്ഡിതർക്കും ഭാഷാ സംശോധന നടത്തിയവർക്കും സഹായികളായിരുന്ന മറ്റെല്ലാവർക്കും അകൈതവമായ കൃതജ്ഞത രേഖപ്പെടുത്തുന്നു.

ഈ വർഷത്തിൽ പരിഷ്ക്കരിച്ച പതിപ്പിന്റെ വിപുലമായ പ്രസിദ്ധീകരണവും പ്രചാരണവും സാധ്യമാകുമ്പോൾ നിലവിലുള്ള പി ഒ സി ബൈബിളിനെക്കുറിച്ചും പരിഷ്ക്കരിച്ച പി ഒ സി ബൈബിളിനെ സംബന്ധിച്ചും വിശ്വാസികൾക്കുള്ള രണ്ടു നിർദേശങ്ങൾ നല്കുന്നു.

1. പരിഷ്ക്കരിച്ച പതിപ്പിന്റെ പ്രസിദ്ധീകരണത്തോടെ നിലവിലുള്ള പി ഒ സി ബൈബിളിന്റെ സാധുത ഇല്ലാതാകുന്നില്ല. വായിക്കാനും പഠിക്കാനും ധ്യാനിക്കാനും നിലവിലുള്ള പി ഒ സി ബൈബിളിന്റെ ഉപയോഗം തുടരാവുന്നതാണ്.
2. പരിഷ്ക്കരിച്ച പി ഒ സി ബൈബിൾ, മൂലഗ്രന്ഥങ്ങളോട് കൃത്യത പുലർത്തിക്കൊണ്ട് പഠിതാക്കൾക്കും സാധാരണക്കാർക്കും ഉപയുക്തമാകുന്ന പരിഷ്ക്കരണമാണ് കെ സി ബി സി ബൈബിൾ കമ്മീഷൻ ലക്ഷ്യമിട്ടത്. അതിനാൽ ഗവേഷണപരമായ പഠനങ്ങൾക്ക് പരിഷ്ക്കരിച്ച പി ഒ സി ബൈബിൾ കൂടുതൽ പ്രയോജനപ്പെടുത്താവുന്നതാണ്.

കേരളസഭയിലും പൊതുസമൂഹത്തിലും ദൈവവചനശോഭ പകർന്നുകൊടുക്കുന്നതിന് പി ഒ സി ബൈബിളിന്റെ വിവിധ പതിപ്പുകൾക്കാകട്ടെ എന്നാശംസിച്ചുകൊണ്ട്,

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**
പ്രസിഡന്റ്, കെ സി ബി സി
**ബിഷപ് ഡോ. ജെയിംസ് ആനാപറമ്പിൽ**
ചെയർമാൻ, കെ സി ബി സി ബൈബിൾ കമ്മീഷൻ
**ബിഷപ് മാർ ജോൺ നെല്ലിക്കുന്നേൽ**
വൈസ് ചെയർമാൻ, ബൈബിൾ കമ്മീഷൻ
**ബിഷപ് ഡോ. തോമസ് മാർ യൗസേബിയൂസ്**
വൈസ് ചെയർമാൻ, ബൈബിൾ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം, കൊച്ചി 682 025

---

NB:- 2025 ജൂലൈ 13 ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

# Secundum Probatum

## ദിവ്യപൂജയിലെ നിയോഗം സ്വീകരിക്കുന്നതിനെ സംബന്ധിച്ച നിബന്ധനകൾ വൈദികർക്കുവേണ്ടിയുള്ള മന്ത്രാലയം പുറപ്പെടുവിക്കുന്ന ഡിക്രി

''സഭ അംഗീകരിച്ചിട്ടുള്ള പ്രയോഗമനുസരിച്ച്, ദിവ്യപൂജ അർപ്പിക്കുന്ന ഓരോ പുരോഹിതനും നൽകപ്പെടുന്ന കാണിക്ക (offering) സ്വീകരിക്കുക എന്നത് നിയമാനുസൃതമാണ്; അങ്ങനെ ആ പുരോഹിതൻ നിർണയിക്കപ്പെട്ട നിയോഗത്തിനുവേണ്ടി ആ ദിവ്യപൂജ അർപ്പിക്കുന്നതിനാണ്'' (CIC കാനൻ 945 § 1).

''ദിവ്യപൂജ കൗദാശിക ജീവിതത്തിന്റെ പൂർണതയാണെങ്കിൽപ്പോലും അത് പരിപൂർണരായവർക്കുള്ള പ്രതിഫലമല്ല, മറിച്ച് അത് ഒരു ഉദാരമായ ചികിത്സയും ദുർബലരായവർക്കു പോഷണവുമാണ്. ഈ ബോധ്യങ്ങൾക്ക് അജപാലനപരമായ അനന്തരഫലങ്ങളുമുണ്ട്; അവ വിവേകത്തോടും ധൈര്യത്തോടും പരിഗണിക്കാൻ നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു. പലപ്പോഴും നാം കൃപയെ സുഗമമാക്കുന്നവരായല്ല മറിച്ച് നിയന്ത്രിക്കുന്നവരായി പ്രവർത്തിക്കുന്നു. എന്നാൽ, സഭ ഒരു നികുതി ചുമത്തുന്ന ആപ്പീസല്ല (customs house); അതൊരു പിതൃഭവനമാണ്; അവിടെ ഓരോ വ്യക്തിക്കും, അവന്റെയും അവളുടെയും, ജീവിതഭാരവുമായി ചേക്കേറാനുള്ള സ്ഥലമുണ്ട്'' [1]

ഈ കൃപയെക്കുറിച്ച് അറിഞ്ഞുകൊണ്ട്, വിശ്വാസികൾ തങ്ങളുടെ കാഴ്ച/കാണിക്ക സമർപ്പിച്ചുകൊണ്ട് ദിവ്യബലിയോടു തങ്ങളെത്തന്നെ കൂടുതലായി യോജിപ്പിക്കാൻ ആഗ്രഹിക്കുന്നു; അത് തങ്ങളുടെതന്നെ ത്യാഗങ്ങൾ (sacrifice) അതിനോട് ചേർത്തുകൊണ്ടും സഭയുടെ ആവശ്യങ്ങളോടു സഹകരിച്ചുകൊണ്ടുമാണ്, ഏറെ പ്രത്യേകിച്ച് ദിവ്യശുശ്രൂഷകരുടെ ഉപജീവനത്തിനായി തങ്ങളുടെ സംഭാവന നൽകിക്കൊണ്ട്. തന്നെത്തന്നെ സ്വയം സമർപ്പിക്കുന്ന ക്രിസ്തുവുമായി വിശ്വാസികൾ ഈ രീതിയിൽ വളരെ അടുത്ത് സംയോജിക്കപ്പെടുകയും ഒരർത്ഥത്തിൽ അവനുമായി ആഴത്തിലുള്ള കൂട്ടായ്മയിൽ ഉൾച്ചേർക്കപ്പെടുകയും ചെയ്യുന്നു. സഭ ഈ പ്രയോഗത്തെ അംഗീകരിക്കുക മാത്രമല്ല അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.[2] ബലിപീഠത്തിൽ ശുശ്രൂഷ ചെയ്യുന്നവർക്ക് ബലിപീഠത്താൽ ജീവിക്കാനുള്ള അവകാശമുണ്ടെന്ന് പൗലോസ് അപ്പോസ്തോലൻ എഴുതുന്നു

(കാണുക 1 കോറി 9: 13–14; 1 തിമോ 5:18; ലൂക്കാ 10:7). ദിവ്യപൂജാർപ്പണത്തിൽ സ്വമനസ്സാലെ നൽകിവന്ന കാണിക്കകളെക്കുറിച്ച് ആദ്യനൂറ്റാണ്ടുകളിൽ ക്രോഡീകരിച്ചിട്ടുള്ള ചട്ടങ്ങൾ വിവരിക്കുന്നു. അവ മുൻകൂട്ടി നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിതരണമാന ദണ്ഡമനുസരിച്ച് പല ഭാഗങ്ങളായി തിരിച്ചിരുന്നു: ദരിദ്രർക്കുവേണ്ടി, ''മെത്രാന്റെ മേശയ്ക്ക്'' (mensa episcopalis) വേണ്ടി, മെത്രാൻ ആതിഥ്യം നൽകുന്നവർക്കുവേണ്ടി, ആരാധനയ്ക്കുവേണ്ടി, അത് ആചരിക്കുകയോ അല്ലെങ്കിൽ അതിനു സഹായിക്കുകയോ ചെയ്യുന്ന വൈദികർക്കുവേണ്ടി, എന്നിങ്ങനെ.(3)

അങ്ങനെ കാണിക്കകൾ സമർപ്പിച്ചവർ പ്രത്യേകമാം വിധം ദിവ്യബലിയിൽ പങ്കുചേരുന്നവരായി. ദിവ്യപൂജാർപ്പണ സമയത്തോ അല്ലെങ്കിൽ അതിനുശേഷമോ നൽകപ്പെടുന്ന കാഴ്ചകൾ/ഒരു ഉപകാരിക്ക് നൽകപ്പെടുന്ന പ്രതിഫലമായാണ് കരുതിപ്പോന്നത്; അതായത്, പുരോഹിതനാൽ നിർവഹിക്കപ്പെട്ട ശുശ്രൂഷയ്ക്ക് (*occasione servitii*), തദവസരത്തിൽ നൽകപ്പെടുന്ന സമ്മാനം ഒരു ഉപവി പ്രവൃത്തിയാണ്; അത് ഒരിക്കലും ഒരു ''വില'' (sale price) ആയി കണക്കാക്കപ്പെട്ടിരുന്നില്ല; അങ്ങനെ ആയിരുന്നെങ്കിൽ അത് ഒരു ദൈവികദാനം വിലകൊടുത്തു സ്വന്തമാക്കുന്ന പ്രവൃത്തി ആകുമായിരുന്നു (simony).

അക്കാലത്ത് വിശ്വാസികൾ ആവശ്യപ്പെട്ട ഒരു പ്രത്യേക നിയോഗത്തിനുവേണ്ടി, ഒരു ദാനം (സമ്മാനം) നൽകപ്പെടാതെ തന്നെ, ദിവ്യപൂജ അർപ്പിക്കുന്ന പതിവും ഉണ്ടായിരുന്നു. പിൽക്കാലത്ത്, ദിവ്യപൂജാർപ്പണത്തിന് ഒരു ദാനം നൽകുന്ന രീതി ഉരുത്തിരിഞ്ഞു; അതായത്, പുരോഹിതനോ ആ സഭയ്ക്കോ ഒരു കാഴ്ച സമർപ്പിക്കുന്ന രീതി. ദിവ്യപൂജാർപ്പണത്തിന് കാഴ്ച സമർപ്പിക്കുന്ന രീതി ഇതിൽനിന്ന് ആവിർഭവിച്ചതാണ്. പത്താം നൂറ്റാണ്ടിന്റെ അവസാനത്തോടെ ദിവ്യപൂജാർപ്പണത്തിന് പ്രത്യേക നിയോഗങ്ങൾ ചേർക്കുന്നതിന്റെ ഭാഗമായി സ്മരണക്കാഴ്ചകൾ (commemorative gifts) നൽകുന്ന പതിവ് ഉണ്ടായിത്തുടങ്ങി. അതേ കാലത്താണ്, ദിവ്യപൂജാ ഫൗണ്ടേഷൻസ് (Mass Foundations), അതായത്, മുൻകൂട്ടി നിശ്ചയിച്ചിരുന്ന നിയോഗങ്ങൾക്കു വേണ്ടി ദിവ്യപൂജ അർപ്പിക്കാനുള്ള കടമ ഏറ്റെടുക്കുക എന്നത് (obligation) നിലവിൽവന്നത്. ഈ രീതിയിൽ നിന്നാണ് ഒരു ദിവ്യപൂജാർപ്പണത്തിനായി ഒരു കാഴ്ച സമർപ്പിക്കുക എന്ന പതിവ് ഉരുത്തിരിഞ്ഞത്. ഈ പതിവ് സഭ അംഗീകരിക്കുക മാത്രമല്ല, അത് ശുപാർശചെയ്യുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

സാധാരണയുള്ള പതിവും സഭാനിയമവും ഓരോ കാഴ്ചയും പുരോഹിതൻ അർപ്പിച്ച ഓരോ ദിവ്യപൂജയുടെയും കൃത്യമായ നിയോഗമായി കണക്കാക്കണമെന്നു നിഷ്കർഷിക്കുന്നു. മാത്രമല്ല, പുരോഹിതൻ അർപ്പിക്കുന്ന ദിവ്യപൂജയിൽ ഏത് വ്യക്തിക്കും നിയോഗത്തിനും വേണ്ടിയാണോ അത് അർപ്പിക്കപ്പെടുന്നത് ആ വ്യക്തിക്ക്, കൃപയുടെ പദ്ധതിയനുസരിച്ച്, ആധ്യാത്മികമായ ആനുകൂല്യവും പ്രയോജനവും ഉണ്ടാകുമെന്ന് കത്തോലിക്ക വിശ്വാസവും അതോടൊപ്പം ജനങ്ങളുടെ വിശ്വാസബോധവും (sensus fidelium) സാക്ഷ്യപ്പെടുത്തുന്നു; അതേ കാഴ്ചപ്പാടിൽ ആവർത്തിക്കപ്പെടുന്ന നിയോഗസമർപ്പണം ആ വ്യക്തിക്കും ആ ലക്ഷ്യത്തിനും ഉപകാരപ്പെടുമെന്നും. മേൽപ്പറഞ്ഞ അർഥത്തിൽ, ഒരു ദിവ്യപൂജാർപ്പണത്തിനുവേണ്ടി ലഭിച്ച കാഴ്ച അതിനുവേണ്ടി മാത്രം ഉപയോഗപ്പെടുത്തണമെന്നും പല നിയോഗങ്ങൾക്കായി ലഭിച്ച കാഴ്ചകൾ ഒരേ ദിവ്യ പൂജയ്ക്കായി അർപ്പിക്കപ്പെടാൻ പാടില്ലെന്നുമുള്ള കാര്യം പലപ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. ഈ പ്രവർത്തനശൈലിയും ഏത് നിയോഗത്തിനുവേണ്ടി കാഴ്ച ലഭിച്ചുവോ ആ നിയോഗത്തിനായി പൂജാർപ്പണം നടത്താതിരിക്കുകയോ ചെയ്യുന്നത് നീതിക്ക് നിരക്കാത്തതാണെന്ന് പലപ്രാവശ്യം സഭാരേഖകളിൽ പറഞ്ഞിട്ടുണ്ട്.(4)

മാത്രമല്ല, ഒരു ദിവ്യപൂജയ്ക്കുവേണ്ടി വാഗ്ദാനം ചെയ്യപ്പെട്ട് വാങ്ങിയ കാഴ്ച ഒരു ''പ്രാർഥനാ നിയോഗമായി'' (prayerful intention) ഒരു ദൈവവചന ശുശ്രൂഷയിലോ ദിവ്യപൂജാർപ്പണ വേളയിൽ ഏതെങ്കിലും ഒരു സമയത്ത് പ്രസ്തുത കാര്യം സൂചിപ്പിക്കുന്നതിലോ ഒതുക്കുന്നത് നിയമപരമല്ല എന്നതും പഠിപ്പിച്ചിട്ടുള്ളതാണ്.

ഇക്കാര്യം - സഭാനിയമം, ശുദ്ധമായ ദൈവശാസ്ത്ര പരിഗണനകൾ ഒഴിവാക്കിയാൽത്തന്നെ - രണ്ട് പരിഗണനകളാൽ വ്യക്തമായിട്ടുള്ളതാണ്: (i) കാഴ്ച സമർപ്പിക്കുന്നവരോടുള്ള നീതി പുലർത്തൽ, അതായത്, അവർക്ക് നൽകിയ വാക്ക് പാലിക്കുന്നത്; (ii) പരിശുദ്ധമായ കാര്യങ്ങളിൽ ''വാണിജ്യം'' (trading) നടക്കുന്നു എന്ന കേവല സൂചനപോലും ഉണ്ടാകുന്നത് ഒഴിവാക്കുക എന്ന കടമ (CIC-യിലെ കാനൻ 947; 945 § 2 കാണുക).

എന്നാൽ, സമീപകാലത്ത് ഈ നിയമത്തിന്റെ ചില വിശദാംശങ്ങളിൽ യുക്തമായ അനുരൂപണങ്ങൾ നിർദേശിക്കേണ്ടതരം സാഹചര്യങ്ങളും അഭ്യർഥനകളും ഉണ്ടായിട്ടുണ്ട്, അതായത്, അടിസ്ഥാനപരമായുള്ളവയെ സംരക്ഷിക്കുന്നതിനുവേണ്ടിത്തന്നെ

സാർവത്രിക നിയമത്തിൽ ഒരു അപസർഗം (exception) ഉണ്ടാക്കുക എന്നത്.

നൂതന പ്രവർത്തനശൈലി അവലംബിക്കേണ്ടതിനു കാരണം പലതാണ്: ദിവ്യപൂജ അർപ്പിക്കാനുള്ള അഭ്യർഥനകൾ പൂർത്തിയാക്കാൻ കഴിയാത്തതരത്തിലുള്ള പുരോഹിതരുടെ ദൗർലഭ്യം; അതായത്, ''കാഴ്ച സമർപ്പിക്കുന്നവരുടെ ഭക്ത താത്പര്യത്തിൽനിന്നു വരുന്ന നല്ല ലക്ഷ്യങ്ങളിൽനിന്ന് അവരെ അകറ്റി അവർക്ക് ഇച്ഛാഭംഗം വരുത്താതിരിക്കാനുള്ള''[5] കടമ; അതോടൊപ്പം, ''ഒരുമിച്ചുള്ള ദിവ്യപൂജകൾ'' (collective Masses) എന്നറിയപ്പെടുന്നത് ''അതീവ വ്യാപകമായിത്തീരുകയും... അത് ഒരു ദുർവിനിയോഗം ആയിത്തീരുകയും, തുടർന്ന് വിശ്വാസികളുടെ ഇടയിൽ വ്യക്തിപരമായ നിയോഗങ്ങൾക്കുവേണ്ടി ദിവ്യപൂജയുടെ കാഴ്ചകൾ സമർപ്പിക്കുന്ന രീതി ക്രമേണ കുറഞ്ഞു വരുകയും അങ്ങനെ വ്യക്തിപരമായി ആത്മാക്കൾക്കും സഭയ്ക്ക് മുഴുവനും വേണ്ടി കാഴ്ചകൾ സമർപ്പിക്കുന്ന പുരാതന രക്ഷാകര രീതി ഇല്ലാതായിത്തീരുകയും ചെയ്യും''[6] എന്ന അപകടം. ഈ പശ്ചാത്തലത്തിലായിരുന്നു 1991, ഫെബ്രുവരി 22-ാം തീയതി വൈദികർക്കുവേണ്ടി ഉണ്ടായിരുന്ന അന്നത്തെ തിരുസംഘം Mos Igitur [7] (Custom therefore) എന്ന ഡിക്രി പ്രസിദ്ധപ്പെടുത്തിയത്.

കാനൻ നിയമസംഹിത (Codex Iuris Canonics) ഇപ്പോൾതന്നെ കരുതിയിട്ടുള്ള ദൈവശാസ്ത്ര സംബന്ധമായ മൂലക്കല്ലുകളും അടിസ്ഥാനപരമായ നിയമത്തിന്റേതായ ചട്ടങ്ങളും ആവർത്തിച്ചുറപ്പിച്ചുകൊണ്ട് പ്രസ്തുത ഡിക്രി ഇപ്രകാരം നിർണയിച്ചു: ഒരു പുരോഹിതനു ചില പ്രത്യേക സാഹചര്യങ്ങളിൽ, അതും അപ്രകാരമുള്ള സന്ദർഭങ്ങളിൽമാത്രം, താൻ സ്വീകരിച്ചിട്ടുള്ള വ്യത്യസ്തങ്ങളായ ദിവ്യപൂജാ സംഭാവനകളുമായി ബന്ധപ്പെടുത്തി പല നിയോഗങ്ങൾക്കുവേണ്ടി ഒരൊറ്റ ദിവ്യപൂജ അർപ്പിക്കാം.

അതിന്റെ പിന്നിലെ വ്യവസ്ഥകൾ കൃത്യമായി ഉദ്ദേശിക്കപ്പെട്ടവയായിരുന്നു: ഒരു വശത്ത് ന്യായം നടപ്പാക്കുന്നതിനുവേണ്ടി (to guarantee justice), അതായത്, സംഭാവന നൽകിയ വ്യക്തിയോടുള്ള വാക്ക് പാലിക്കുന്നതിന്റെ ഭാഗം, മറുവശത്ത് വിശുദ്ധ വസ്തുക്കൾകൊണ്ട്, പ്രകടമായിപ്പോലും, ''വാണിജ്യം''(trading) നടത്തുന്നു എന്ന അപകടം ഒഴിവാക്കുന്നതിനുവേണ്ടി.

കൃത്യമായും ഇത്തരത്തിലുള്ള അപകടം ഒഴിവാക്കാനാണ് അപ്രകാരമുള്ള നിയമപരമായ വ്യത്യാസങ്ങൾ വരുത്തിയത്. ഈ

കാഴ്ചപ്പാടിൽ കൃത്യമായും ഡിക്രി ഒന്നാമതായി പറയുന്നത് ദിവ്യപൂജയ്ക്കായി സംഭാവന നൽകിയിട്ടുള്ളവരെ ഒരു ദിവ്യാർപ്പണത്തിൽ തന്നെ പല നിയോഗങ്ങൾ ചേർത്തിട്ടുണ്ടെന്ന് അറിയിക്കുകയും അക്കാര്യത്തെ സംബന്ധിച്ച് അവർ അതിനു പ്രകടമായി സമ്മതിക്കുകയും വേണം; എന്നുമാത്രമല്ല, അപ്രകാരമുള്ള ദിവ്യപൂജാർപ്പണം എല്ലാ ദിവസത്തെയും നടപടി ആകാൻ പാടില്ല; കാരണം, അതൊരു പൊതുവായ പ്രവർത്തനശൈലി ആകാനും അപൂർവമായി നടക്കുന്നതല്ലെന്ന് മനസ്സിലാക്കപ്പെടാനും സാധ്യതയുണ്ടെന്നു ഡിക്രി പറയുന്നു.

Mos Igitur എന്ന ഡിക്രി നടപ്പിലായശേഷം 34 വർഷം കഴിഞ്ഞ് നമുക്ക് ലഭിച്ച അനുഭവങ്ങളുടെ അടിസ്ഥാനത്തിലും ലോകത്തെമ്പാടുമുള്ള മെത്രാൻമാരിലും പുരോഹിതരിലും അൽമായ വിശ്വാസികളിലും സമർപ്പിത സമൂഹങ്ങളിലെ വ്യക്തികളിലും സമൂഹങ്ങളിൽനിന്നും വന്ന നിരീക്ഷണങ്ങൾക്കും ചോദ്യങ്ങൾക്കും അഭ്യർത്ഥനകൾക്കും ഉത്തരം എന്ന നിലയ്ക്കും പ്രസ്തുത കാര്യം ആഴത്തിൽ പരിശോധിക്കുകയും മറ്റ് ബന്ധപ്പെട്ട മന്ത്രാലയങ്ങളുമായി ചർച്ച ചെയ്തതിനു ശേഷം ഈ മന്ത്രാലയം ഈ വസ്തുതയുടെ കാരണത്താലും മറ്റെന്തെങ്കിലും കാരണമുണ്ടെങ്കിൽ അതിനാലും (sive ratione materiae sive alia ratione), ഈ പ്രശ്നം നിയന്ത്രിക്കാൻ പുതിയ ചട്ടങ്ങൾ ഉണ്ടാക്കണമെന്നും അതനുസരിച്ച് അത് അനുയുക്തമാക്കണമെന്നും ഉള്ള നിഗമനത്തിൽ എത്തിച്ചേർന്നു.

ഈ നിയമങ്ങൾ കാലികമാക്കുന്നതിനുള്ള (ദിനവത്കരിക്കുന്നതിനുള്ള) അവസരമാണെന്നുള്ള പരിഗണനയാലും അതോടൊപ്പംതന്നെ ചില സ്ഥലങ്ങളിൽ തെറ്റായ രീതിയിൽ നടന്നുവരുന്ന ചില പ്രവർത്തനശൈലികൾ പ്രകടമായി ഒഴിവാക്കുന്നതിന്റെയും ഭാഗമായി ഈ മന്ത്രാലയം താഴെപ്പറയുന്ന ചട്ടങ്ങൾ പ്രാബല്യത്തിൽ വരുത്താൻ തീരുമാനിക്കുകയും ഇപ്പോൾ പ്രാബല്യത്തിൽ വരുത്തുകയും നിലവിലുള്ള ചട്ടങ്ങളോട് അതിനെ യോജിപ്പിക്കുകയും ചെയ്യുന്നു.

ആർട്ടിക്കിൾ 1 § 1. CIC-യിലെ 945-ാം കാനൻ നിലനിർത്തിക്കൊണ്ടുതന്നെ, പ്രൊവിൻഷ്യൽ കൗൺസിലിനോ (Provincial Council) പ്രോവിൻസിലെ മെത്രാൻമാരുടെ സമ്മേളനത്തിനോ (Assembly of the Bishops of the Province) ഇപ്രകാരം ഒരു തീരുമാനമെടുക്കാം: ഉദാഹരണത്തിന്, ദിവ്യപൂജാർപ്പണത്തിന്റെ നിയോഗങ്ങളുടെ സംഖ്യ തങ്ങളുടെ സാമൂഹിക, സഭാത്മക സാഹചര്യത്തിൽ

തങ്ങളുടെ അധികാരപരിധിക്കുള്ളിലുള്ള പുരോഹിതരുടെ സംഖ്യ കുറഞ്ഞിരിക്കുകയും അവ ഓരോന്നായി പൂർത്തീകരിക്കാൻ കഴിയുന്നതിനും ഉപരിയാണെങ്കിൽ, പുരോഹിതർക്ക് പല നിയോഗ കർത്താക്കളുടെ പക്കൽനിന്നും പല കാഴ്ച സമർപ്പണത്തിനുള്ള സംഭാവന സ്വീകരിക്കുകയും അവ ഒന്നിച്ചു മറ്റു നിയോഗങ്ങളു മായി ചേർത്ത് ഒരു ദിവ്യപൂജാർപ്പണത്തിൽ ''ഒരുമിച്ചുള്ള'' (collective) നിയോഗമായി അർപ്പിക്കുകയും ചെയ്യാം; എന്നാൽ അക്കാര്യം കാഴ്ച സമർപ്പിച്ച എല്ലാവരെയും അറിയിക്കുകയും അതിന് അവർ സ്വതന്ത്രമായി സമ്മതിക്കുകയും ചെയ്തിരിക്കണം.

§ 2. സംഭാവന സമർപ്പിച്ചവരിൽനിന്ന് അപ്രകാരമുള്ള സമ്മതം ഉണ്ടെന്നു കരുതാൻ പാടില്ല; തൽസംബന്ധമായി പ്രകട മായ സമ്മതമില്ലാത്തപക്ഷം എപ്പോഴും അതു നൽകിയിട്ടില്ല എന്ന് വേണം കരുതാൻ.

§ 3. മേൽപ്പറഞ്ഞ ഒന്നാം ഖണ്ഡികയുടെ അടിസ്ഥാനത്തിൽ ദിവ്യപൂജാർപ്പണം നടത്തുമ്പോൾ കാർമ്മികന് ഒരു ഏകനിയോഗ ത്തിന്റെ സംഭാവന (offering/stipend) മാത്രമേ സ്വീകരിക്കാൻ അവകാശമുള്ളൂ (CIC-യിലെ കാനൻ 950952 കാണുക).

§ 4. ഓരോ ക്രിസ്തീയ സമൂഹവും നിത്യേന ദിവ്യപൂജ ഒരു നിയോഗത്തിനായി അർപ്പിക്കാനുള്ള സാധ്യത ഒരുക്കാനായി ശ്രദ്ധിക്കേണ്ടതായുണ്ട്; അതിനുള്ള സംഭാവന (stipend) എത്രയാണെന്ന് പ്രൊവിൻഷ്യൽ കൗൺസിലോ പ്രോവിൻസിലെ മെത്രാൻമാരുടെ സമ്മേളനമോ നിശ്ചയിക്കേണ്ടതാണ് (CIC-യിലെ കാനൻ 952 കാണുക).

ആർട്ടിക്കിൾ 2. CIC-യിലെ 905-ാം കാനൻ നിലനിർത്തിക്കൊ ണ്ടുതന്നെ, ഒരു പുരോഹിതൻ ന്യായമായി ഒന്നിൽ കൂടുതൽ പ്രാവശ്യം ഒരു ദിവസംതന്നെ, വിശ്വാസികളുടെ ആവശ്യത്തിനും അവരുടെ നന്മയ്ക്കുമായി, ''ഒരുമിച്ചുള്ള'' (collective) നിയോഗത്തിനു പല പ്രാവശ്യം ദിവ്യപൂജ അർപ്പിക്കേണ്ടി വന്നാൽപ്പോലും ആ നിയോഗ ങ്ങൾക്കായി അദ്ദേഹം സ്വീകരിച്ച കാഴ്ച സമർപ്പണത്തിൽനിന്ന് ഒരു നിയോഗത്തിനുള്ളതുമാത്രമേ ആ ദിവസത്തേക്ക് സ്വന്തമായി സ്വീകരിക്കാൻ പാടുള്ളൂ (CIC-യിലെ കാനൻ 950952 കാണുക).

ആർട്ടിക്കിൾ 3 § 1. CIC-യിലെ 848-ാം കാനന്റെ ആഭിമുഖ്യ ങ്ങൾ പ്രത്യേകമായി ഉൾക്കൊള്ളേണ്ടതുണ്ട്. അതായത്, അർഹത യുള്ള അധികാരികൾ (competent authority) കൂദാശകൾ പരികർമ്മം ചെയ്യുന്നതിന് നിശ്ചയിച്ചിട്ടുള്ള സംഭാവനകൾക്കുപരിയായി

കാർമ്മികൻ ഒന്നുംതന്നെ വിശ്വാസികളിൽനിന്ന് ആവശ്യപ്പെടാൻ പാടില്ല; അത് ദരിദ്രരായ വിശ്വാസികൾക്ക് അവരുടെ ദാരിദ്ര്യംമൂലം കൂദാശകൾ ലഭ്യമാക്കുന്നതിൽ നിന്ന് ഒഴിവാക്കപ്പെടാതിരിക്കുന്നതിനാണ്. മാത്രമല്ല, CIC-യിലെ കാനൻ 945 § 2 ശക്തമായി ശുപാർശ ചെയ്യുന്ന കാര്യവും പരിഗണിക്കേണ്ടതാണ്, അതായത്,''വിശ്വാസികളുടെ നിയോഗത്തിനുവേണ്ടി, ഏറെ പ്രത്യേകിച്ച് അതിദരിദ്രരായവരുടെ നിയോഗത്തിനുവേണ്ടി, സംഭാവന ഒട്ടുമേ വാങ്ങാതെതന്നെ ദിവ്യപൂജ അർപ്പിക്കേതാണ്.''

§ 2. സംഭാവനകൾ എങ്ങോട്ടു പോകണം എന്നതിനെ സംബന്ധിച്ച് CIC-യിലെ കാനൻ 951-ന്റെ ''എന്തിനോട് എന്ത് ചേരണമെന്ന തീരുമാനപ്രകാരം'' (congrua congruis referendo) നിബന്ധന പാലിക്കേണ്ടതാണ്,

§ 3. പ്രാദേശിക സഭയുടെയും അതിന്റെ പുരോഹിത ഗണത്തിന്റെയും പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് ഈ സംഭാവനകൾ രൂപതാ മെത്രാന് തന്റെ രൂപതയിൽതന്നെ ആവശ്യമുള്ള ഇടവകകളിലേക്കോ മറ്റു രൂപതകളിലേക്കോ, ഏറെ പ്രത്യേകിച്ച് മിഷൻ രാജ്യങ്ങളിലേക്കോ, പ്രത്യേക നിയമപ്രകാരം നൽകാനുള്ള വഴി നിർണയിക്കാവുന്നതാണ്.

ആർട്ടിക്കിൾ 4 § 1. തന്റെ പുരോഹിതഗണത്തെയും ജനത്തെയും ഈ ചട്ടങ്ങളുടെ ഉള്ളടക്കവും അർത്ഥവും മനസ്സിലാക്കിക്കൊടുക്കുന്നതും അവ കൃത്യമായി പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതും രൂപതാ മെത്രാന്റെ കടമയാണ്. എത്ര ദിവ്യപൂജകൾ അർപ്പിക്കപ്പെടണം, എത്ര നിയോഗങ്ങൾ, എത്രമാത്രം സംഭാവനകൾ, എത്ര നിയോഗങ്ങൾ പൂർത്തിയാക്കപ്പെട്ടു എന്നിവ ഒരു പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കാനും ഈ രജിസ്റ്ററുകൾ വർഷാവർഷം താൻ തന്നെയോ മറ്റാരെങ്കിലുംവഴിയോ പരിശോധിക്കുകയും ചെയ്യേണ്ടത് അദ്ദേഹത്തിന്റെ ഉത്തരവാദിത്വമാണ് (CIC- യിലെ കാനൻ 958 കാണുക).

§ 2. ഒരു ദിവ്യപൂജാർപ്പണത്തിലുള്ള പ്രത്യേക നിയോഗവും, അത് ''ഒരുമിച്ചുള്ളത്'' (collective) ആണെങ്കിൽപ്പോലും, ദൈവവചന ശുശ്രൂഷയുടെ ഇടയിലോ ദിവ്യപൂജയുടെ ഏതെങ്കിലും ഭാഗത്തോ സൂചിപ്പിക്കപ്പെടുന്ന അനുസ്മരണവും തമ്മിൽ കൃത്യമായ വ്യത്യാസം ഉണ്ടെന്നുള്ളത് ഉറപ്പുവരുത്തേണ്ടത് മെത്രാന്റെയോ സഭയുടെ ഇതര അജപാലകരുടെയോ പ്രത്യേക ദൗത്യമാണ്.

§ 3. ഈ അവസാനം പറഞ്ഞ രണ്ടു കാര്യങ്ങൾക്കുവേണ്ടി സംഭാവന ആവശ്യപ്പെടുകയോ സ്വീകരിക്കുകയോ ചെയ്യുന്നത് ഗൗരവമാംവിധം നിയമവിരുദ്ധമായ പ്രവൃത്തിയാണ്. എവിടെയൊക്കെ അത്തരത്തിലുള്ള പ്രവർത്തന രീതി നിലനിൽക്കുന്നുവോ അവിടെയൊക്കെ പ്രസ്തുത പ്രതിഭാസം ഇല്ലാതാക്കാനായി അച്ചടക്ക/ശിക്ഷാനടപടികൾ സ്വീകരിക്കാൻ അർഹതയുള്ള അധികാരികൾ (competent authority) ബാധ്യസ്ഥരാണ്.

ആർട്ടിക്കിൾ 5. ഒരു ദിവ്യപൂജാർപ്പണത്തിനു ഒരു പ്രത്യേക നിയോഗാർത്ഥം സംഭാവന സ്വീകരിക്കുന്ന ധന്യവും സ്തുത്യർഹവുമായ പ്രവർത്തനരീതയിൽ അടങ്ങിയിരിക്കുന്ന മൂല്യങ്ങൾ (CIC-യിലെ കാനൻ 948 കാണുക), ഏറെ പ്രത്യേകിച്ച് അതിസ്വാഭാവിക മൂല്യങ്ങൾ, കണക്കിലെടുത്തുകൊണ്ട് അതിനെ പ്രോത്സാഹിപ്പിക്കുക അത്യാവശ്യമാണ്. ദിവ്യപൂജയ്ക്കുള്ള അധികമായുള്ള നിയോഗങ്ങളും അതിനോടുചേർന്ന സംഭാവനകളും മിഷൻ രാജ്യങ്ങളിലേക്ക് അയച്ചുകൊടുക്കുന്ന വിലപ്പെട്ട പ്രവർത്തന ശൈലിക്കു ഉപകരിക്കുന്നതാണത്. ഈ രീതി നിലനിർത്താനും, എവിടെ ഈ രീതിക്ക് കുറവ് വന്നിട്ടുണ്ടോ അവിടെയൊക്കെ അത് ശക്തിപ്പെടുത്താനും പ്രോത്സാഹിപ്പിക്കാനും ആത്മാക്കളുടെ ഇടയന്മാർ ശ്രദ്ധിക്കേണ്ടതാണ്; അന്ത്യകാര്യങ്ങളെക്കുറിച്ചും പുണ്യവാന്മാരുടെ ഐക്യത്തെക്കുറിച്ചുമുള്ള ശരിയായ മതബോധനം (adequate catechesis on Last Things and communio sanctorum) ഇതിനുപകരിക്കും.

ആർട്ടിക്കിൾ 6. ഈ വിഷയത്തെ സംബന്ധിച്ച് പ്രൊവിൻഷ്യൽ കൗൺസിലോ പ്രോവിൻസിലെ മെത്രാന്മാരുടെ സമ്മേളനമോ പ്രത്യേകമായ ഒരു നടപടിയും സ്വീകരിക്കുന്നില്ലെങ്കിൽ 1991 ഫെബ്രുവരി 22-ാം തീയതിയിലെ Mos Iugiter എന്ന ഡിക്രിയിലെ വകുപ്പുകൾ നിലനിൽക്കും.

ഇപ്പോഴത്തെ ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നിട്ട് പത്തു വർഷങ്ങൾക്കുശേഷം, ഈ പ്രവർത്തനരീതിയെക്കുറിച്ചും ഇപ്പോൾ നിലവിലുള്ള ചട്ടങ്ങളെക്കുറിച്ചും ഒരു പഠനം നടത്താൻ വൈദികർക്കുവേണ്ടിയുള്ള മന്ത്രാലയം വേണ്ട ഒത്താശ ചെയ്യും; അത് ഈ ചട്ടങ്ങളുടെ പ്രയോഗം പരിശോധിക്കുന്നതിനും അവ വേണ്ടവിധം അനുരൂപപ്പെടുത്തുന്നതിനും വേണ്ടിയായിരിക്കും.

പരിശുദ്ധ പിതാവ് 2025 ഏപ്രിൽ 13-ാം തീയതി, കുരുത്തോല ഞായറാഴ്ച ദിവസം, പ്രത്യേകമായ രീതിയിൽ ഈ ഡിക്രി അംഗീകരിക്കുകയും ഇത് 2025 ഏപ്രിൽ 20, ഉയിർപ്പ് ഞായറാഴ്ച ദിനം, പ്രാബല്യ

ത്തിൽവരുത്താൻ ഉത്തരവിടുകയും ചെയ്തു. ഏതൊക്കെ കാര്യങ്ങൾ ഒഴിവാക്കണമോ അവയെല്ലാം ഒഴിവാക്കിക്കൊണ്ടും, ഇതിനെതിരായി ഏതൊരു തരത്തിലും എതിരായി നിൽക്കുന്ന ഒന്നുംതന്നെ നിലനിൽക്കാത്തവിധം *(derogatis derogandis, contrariis quibuslibet minime obstantibus).*

Lazarus Cardinal You Heung-sik
Prefect

+ Andrés Gabriel Ferrada Moreira

Titular Archbishop of Tiburina Secretary

പരിഭാഷ: ഡോ. ജേക്കബ് പ്രസാദ്

[1] Francis, Apostolic Exhortation *Evangelii Gaudium*, November 24, 2023, in AAS 105 (2013), 1039-1040, n. 47.

[2] Cf. Paul VI, Apostolic Letter in the form of Motu Proprio *Firma in Traditione*, June 13, 1974, in AAS 66 (1974), 308; Congregation for the Clergy, Decree *Mos Iugiter*, February 22, 1991, in AAS 83 (1991), 443.

[3] Cf. for example, *Constitutiones Apostolorum* (± 380) II. 28, 5: *"Si autem (diaconus) et lector est, accipiat et ipse una cum presbyteris"*; VIII. 31, 2-3: *"Eulogias, quae in mysticis oblationibus supersunt, diaconi ex voluntate episcopi aut presbyterorum distribuant clero . . . "*, in F.X. Funk, *Didascalia et Constitutiones Apostolorum* (Paderborn, 1905; anastatic reprint, 1964), vol. 1, pp. 108-109 and 532-533; *Canones Apostolorum* (5e eeuw) 41, in C. Kirch, *Enchiridion fontium historiae Ecclesiasticae Antiquae* (Barcelona, 1965[9], n. 699.

[4] Cf, for example, Holy Office, Decree, September 24, 1665, n. 10, in DH 2030; Sacra Penintenzieria Apostolica, Instruction *Suprema Ecclesiae Bona,* July 15, 1984, in *Enchiridion Vaticanum* S1, nr. 901-912; Congregation for the Clergy, Decree *Mos Iugiter*, cit. 444, art. 1 § 1. [5] Congregation for the Clergy, Decree *Mos Iugiter,* cit., 446, art. 5 § 1.

[6] *Ibidem*, 445, art. 2 § 3.

[7] Cf. *Ibidem,* 443-444.

പി. ഒ. സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി 682 025
09 ജൂൺ 2025

# രൂപതാകച്ചേരി വാർത്തകൾ

**1. സ്നേഹസ്മരണ**

ബഹു. തോമസ് പെരുമാട്ടിക്കുന്നേലച്ചന്റെ ചരമ വാർഷികം ജൂലൈ 6-ാം തീയതിയും, ബഹു. അബ്രാഹം മൂക്കനോലിൽ അച്ചന്റെ ചരമവാർഷികം ജൂലൈ 16-ാം തീയതിയും, ബഹു. ജോസ് കുളിരാനി അച്ചന്റെ ഒന്നാം ചരമ വാർഷികം ജൂലൈ 19 നുമാണ്, ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം അനുസ്മരിക്കാം.

**2. സീറോ മലബാർ സഭാദിനം ജൂലൈ 3**

ദുക്റാന തിരുനാൾ ദിനമായ ജൂലൈ 3ന് സീറോ മലബാർ സഭയുടെ പൊതുവായ പ്രവർത്തനങ്ങൾക്കായി പ്രത്യേകം പ്രാർത്ഥിക്കുകയും കുർബാന മദ്ധ്യേ ഈ നിയോഗത്തിനുവേണ്ടി മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായിലേയ്ക്ക് നൽകുന്നതിനായി പ്രത്യേക സ്തോത്രക്കാഴ്ച എടുക്കുകയും രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യുമല്ലോ.

**3. യുവജനദിനം ജൂലൈ 06**

കേരളസഭ ജൂലൈ 06-ാം തീയതി യുവജനദിനം ആചരിക്കുന്നു. സഭയുടെയും സമൂഹത്തിന്റെയും ഭാവിവാഗ്ദാനങ്ങളായ യുവജനങ്ങളുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയിൽ നമുക്കെല്ലാവർക്കും കഴിയുന്നവിധത്തിൽ സഹായിക്കാം. ഉചിതമായ വിധത്തിൽ യുവജനദിനം ആഘോഷിക്കുവാൻ ബഹു. വികാരിയച്ചന്മാരും ബന്ധപ്പെട്ടവരും താല്പര്യം കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ രൂപതയിൽ യുവജന ശുശ്രൂഷയ്ക്ക് നേതൃത്വം നൽക്കുന്ന ബഹു. സാന്റോ അമ്പലത്തറ അച്ചനെയും, ബഹു. ലാൽ പൈനുങ്കൽ അച്ചനെയും മറ്റ് ഭാരവാഹികളെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. അന്നേദിവസം യുവജനങ്ങൾക്കുവേണ്ടി പ്രത്യേകം തോത്രക്കാഴ്ച സ്വീകരിച്ച് യുവജനപ്രവർത്തനങ്ങളെ സഹായിക്കുവാൻ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**4. ബഹു. വൈദികരുടെ വാർഷികധ്യാനം**

ഈ വർഷത്തെ വൈദികരുടെ വാർഷികധ്യാനം ആദ്യബാച്ചിന്റേത് 2025 സെപ്റ്റംബർ 8 തിങ്കളാഴ്ച വൈകുന്നേരം മുതൽ 12

വെള്ളി ഉച്ചവരെയും, രണ്ടാമത്തെ ബാച്ചിന്റെത് 2025 സെപ്റ്റംബർ 21 ഞായറാഴ്ച വൈകുന്നേരം മുതൽ 26 വെള്ളിയാഴ്ച ഉച്ചവരെയുമാണ്. ബഹുമാനപ്പെട്ട വൈദികർ ഈ തീയതികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ഈ വർഷത്തെ ധ്യാനം നയിക്കുന്നത് ലാസലറ്റ് സഭാംഗവും പ്രശസ്ത ധ്യാനഗുരുവുമായ ബഹു. ജെൻസൺ ചെന്ത്രപ്പിണ്ണി MS അച്ചനാണ്. ചെമ്പേരിയിലുള്ള ലാസലറ്റ് മരിയഭവന്റെ ഡയറക്ടറായി അച്ചനിപ്പോൾ സേവനം ചെയ്യുന്നു. വാർഷിക ധ്യാനത്തിന്റെ വിശദ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## 5. New Appointments

| | | |
|---|---|---|
| 1. Madathil Sebastian (Sunil) | - | Vicar, Thelpara |
| 2. Thenpalliyil Sebastian | - | Vicar, Kallumukku |
| 3. Kassamkuttiyil Sebastian | - | Director, NDS |
| 4. Kattamkottil Thomas (Aneesh) | - | Secretary, Priests' Provident Fund (PPF) |

## 6. വാളാട് ഇടവകയ്ക്ക് അഭിനന്ദനങ്ങൾ, ആശംസകൾ!

വാളാട് പ്രദേശത്തിന് അനുഗ്രഹമായി വാളാട് ഇടവകജനം ദൈവാരാധനയ്ക്കായി പണികഴിപ്പിച്ച മനോഹരമായ ദേവാലയം വാളാട് പ്രദേശത്തിനും മാനന്തവാടി രൂപതയ്ക്കും അഭിമാനമാണ്. ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ ഇടവകജനം ഒറ്റക്കെട്ടായി പ്രാർത്ഥിച്ചുകൊണ്ട് ത്യാഗപൂർവ്വം സഹകരിച്ചതിന്റെ ഫലമാണ് ഒരു വർഷവും ഒരു മാസവും കൊണ്ട് ഈ ദൈവാലയം നിർമ്മിക്കാനിടയായത്.

ഈ അവസരത്തിൽ ദേവാലയ നിർമ്മിതിക്ക് നേതൃത്വം നൽകിയ ഇടവക വികാരി ബഹു. ബിജു തൊണ്ടിപ്പറമ്പിൽ അച്ചനും, ബഹു. സിസ്റ്റേഴ്സിനും കൂടെ പ്രവർത്തിച്ച കൈക്കാരൻമാർക്കും ദേവാലയ നിർമ്മാണ കമ്മിറ്റി അംഗങ്ങൾക്കും ദൈവജനം മുഴുവനും രൂപതാ കുടുംബത്തിന്റെ അഭിനന്ദങ്ങൾ അറിയിക്കുന്നു.

മലമുകളിൽ ഉയർത്തപ്പെട്ട ഈ ദൈവാലയം അനേകരെ ദൈവത്തിങ്കലേക്കു അടുപ്പിക്കുന്നതിനും ദൈവാനുഗ്രഹം പ്രാപിക്കുന്നതിനും ഉപകരിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ബിഷപ്പ് അലക്സ് താരാമംഗലം**
സഹായമെത്രാൻ

# ജൂബിലി വർഷം 2025
# കുടുംബ നവീകരണ വർഷം 2025

## ജൂലൈ മാസത്തെ കുടുംബകൂട്ടായ്മകളിലെ പഠനവിഷയം
## കൗമാരക്കാർ നേരിടുന്ന പ്രധാന പ്രശ്നങ്ങളും പരിഹാരങ്ങളും

ഏകദേശം 10 മുതൽ 19 വയസ് വരെ നീളുന്ന കൗമാര കാലയളവിൽ, വ്യക്തികളിൽ ശാരീരികവും മാനസ്സികവുമായി വൻമാറ്റങ്ങൾ സംഭവിക്കുന്നു. യൗവ്വനത്തിന്റെ ആരംഭത്തോടെ ശരീരത്തിലും ഹോർമോണുകളിലും വലിയ വ്യതിയാനങ്ങളുണ്ടാവുന്നു.

അത് പോലെ തന്നെ മാനസ്സികമായി, സാമൂഹ്യമായി, ബൗദ്ധികമായി വൻപരിവർത്തനങ്ങൾ സംഭവിക്കുന്നു. സ്വയം തിരിച്ചറിയാനും വ്യക്തിത്വം രൂപപ്പെടുത്താനും സഹായിക്കുന്ന ഒരു പ്രധാന ഘട്ടമാണിത്.

കൗമാരാവസ്ഥ യൗവ്വനത്തിലേക്കുള്ള ഒരു മാറ്റകാലഘട്ടമാണെങ്കിലും, വേണ്ട പിന്തുണയും മാർഗ്ഗദർശനവും ലഭിച്ചാൽ, സമ്പൂർണ്ണ വളർച്ചയും പക്വതയിലേക്കുള്ള യാത്രയും സുഗമമാവും.

**കൗമാരാവസ്ഥയിലുള്ള പരിവർത്തനങ്ങൾ**

കൗമാരം ബാല്യാവസ്ഥയും പക്വാവസ്ഥയും തമ്മിലെ ഒരു സംക്രമണകാലമാണ്. ഈ ഘട്ടത്തിൽ വിവിധ മേഖലകളിൽ മാറ്റങ്ങൾ സംഭവിക്കും:

**ശാരീരിക പരിവർത്തനം**

- പ്യൂബർട്ടിയുടെ ആരംഭത്തോടെ ഉയരവും ഭാരവും പെട്ടെന്നു വർദ്ധിക്കും.
- ദ്വിതീയ ലൈംഗിക സവിശേഷതകൾ വികസിക്കും (സ്തന വളർച്ച, പ്യൂബിക് മുടിയുടെ വളർച്ച, ശബ്ദഭേദം മുതലായവ)

**മാനസിക പരിവർത്തനം**

- മാനസികാവസ്ഥ പെട്ടെന്നു മാറാം; കോപം, ദുഃഖം, ഭയം സന്തോഷം എന്നീ വികാരങ്ങൾ വേഗത്തിൽ വരാനും പോകാനും സാധ്യതയുണ്ട്.
- സ്വയംതിരിച്ചറിയലും വ്യക്തിത്വവളർച്ചയും ആരംഭിക്കും

**ബൗദ്ധിക പരിവർത്തനം**

- സങ്കല്പാത്മകമായി ചിന്തിക്കാനാവും.
- പ്രശ്നപരിഹാരം, തീരുമാനമെടുക്കൽ എന്നീ കഴിവുകൾ മെച്ചപ്പെടും.
- ഭാവിയെക്കുറിച്ചും മൂല്യങ്ങളെയും വിശ്വാസങ്ങളെയും കുറിച്ചും ആലോചിക്കാൻ തുടങ്ങും.

**സാമൂഹിക പരിവർത്തനം**

- സമപ്രായക്കാരുമായി കൂടുതൽ ബന്ധപ്പെട്ടിരിക്കും.
- മാതാപിതാക്കളുമായി സംഘർഷാവസ്ഥകളും സ്വാതന്ത്ര്യാവശ്യവുമുണ്ടാവാം.
- സൗഹൃദങ്ങളും ബന്ധങ്ങളും കൂടുതൽ ആഴത്തിലുള്ളതാവും

**ഭാവനാത്മക പരിവർത്തനം**

- സ്വയം വിശ്വാസത്തിലും ആത്മബോധത്തിലും മാറ്റങ്ങൾ വരും.
- അംഗീകാരം, സ്വാതന്ത്ര്യം, വ്യക്തിത്വം എന്നീ ആവശ്യങ്ങൾ പ്രധാനമാവും.

**വ്യക്തിത്വ വികസനം**

- ''ഞാൻ ആരാണ്?'' എന്ന് അന്വേഷിക്കുന്നു.
- വ്യക്തിപരമായ മൂല്യങ്ങളും വിശ്വാസങ്ങളും രൂപപ്പെടുത്തിയെടുക്കുന്നു.
- സ്വാതന്ത്ര്യത്തിനായുള്ള ആഗ്രഹം വർദ്ധിക്കുന്നു.

**ലൈംഗിക പക്വത**

- ലൈംഗിക ആകർഷണങ്ങൾ അനുഭവപ്പെടുന്നു.
- വിപരീതലിംഗത്തോടുള്ള ബന്ധങ്ങൾക്കായുള്ള ആകാംക്ഷ വർദ്ധിക്കുന്നു.

**മാനസികാവസ്ഥയിലുള്ള മാറ്റങ്ങൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ**

- പെട്ടെന്നുള്ള കോപം, മാനസിക അസ്ഥിരത.
- ആത്മ വിശ്വസം കുറയുക, രൂപത്തെക്കുറിച്ചുള്ള അസന്തുഷ്ടി.

**പരിഹാരം**

- ക്ഷമയോടെയുള്ള കേൾവി പിന്തുണ നൽകുക.
- ആത്മവിശ്വാസം വർദ്ധിപ്പിക്കാൻ സഹായിക്കുക.
- സമ്മർദ്ദം നിയന്ത്രിക്കാൻ ശ്വസനാഭ്യാസങ്ങൾ, ഡയറി എഴുതുക.

**2. സുഹൃത്തുകളിലെ സ്വാധീനം (Peer Pressure) മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ**

- സുഹൃത്തുകളെ അനുകരിക്കാനുള്ള സമ്മർദ്ദം.
- തെറ്റായ പാതയിലേക്ക് പോകാൻ സാധ്യത.

**പരിഹാരം:**

- സ്വയം വിശ്വാസം വർദ്ധിപ്പിക്കുക.
- നല്ല സുഹൃത്തുകളെ തിരഞ്ഞെടുക്കാൻ സഹായിക്കുക.
- സ്വന്തം അഭിപ്രായങ്ങൾ വ്യക്തമായി പറയാൻ കഴിയുക.

**3. പാഠഭാഗങ്ങളുടെ സമ്മർദ്ദം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ**

- പരീക്ഷഭയം, സമ്മർദ്ദം
- സമയം ശരിയായി വിനിയോഗിക്കാൻ പാടുപെടുന്നു.

**പരിഹാരം:**

- പഠനക്രമം തയ്യാറാക്കാൻ സഹായിക്കുക.
- യാഥാർഥ്യബോധമുള്ള ലക്ഷ്യങ്ങൾ നിശ്ചയിക്കുക.
- വിജയങ്ങൾ അംഗീകരിക്കുക, പിഴവ് സ്വാഭാവികമാണെന്നു പറയുക.

**4. മാതാപിതാക്കളുമായി ബന്ധത്തിലുള്ള പ്രശ്നങ്ങൾ**

- തെറ്റിദ്ധാരണകളും കലഹങ്ങളും.
- സ്വാതന്ത്ര്യാവകാശത്തെക്കുറിച്ചുള്ള സംഘർഷങ്ങൾ.

**പരിഹാരം:**

- തുറന്ന സംവാദത്തിനായുള്ള അവസരം നൽകുക.
- മാതാപിതാക്കളും മക്കളും പരസ്പരം കേൾക്കാൻ തയ്യാറാവുക.
- വ്യക്തമായ നിയമങ്ങളും പരിധികളും സ്ഥാപിക്കുക.

**5. അപകടകരമായ പെരുമാറ്റങ്ങൾ (മയക്കുമരുന്ന് ഉപയോഗം, മദ്യപാനം, അവിവേചിത ബന്ധങ്ങൾ)**

**പ്രശ്നങ്ങൾ:**

- കൗതുകമോ കൂട്ടുകാരുടെ സ്വാധീനമോ  കാരണം തെറ്റായ പാതയിലേക്ക് പോകുന്നു.

**പരിഹാരം:**

- മയക്കുമരുന്നിന്റെ ദുഷ്പ്രഭാവത്തെക്കുറിച്ച് ബോധവത്കരണം നൽകുക.
- വിശ്വസ്തരായ മുതിർന്നവരെ സമീപിക്കാൻ പ്രോത്സാഹിപ്പിക്കുക.
- കലാവിരുതുകളിലോ കായികപ്രവർത്തനങ്ങളിലോ ഏർപ്പെടുത്തുക.

**6. മാനസിക പ്രശ്നങ്ങൾ (ഉത്കണ്ഠ, വിഷാദം, അമിതഭയം, ഭക്ഷണ വ്യതിയാനങ്ങൾ)**

**പരിഹാരം:**

- മാനസിക പിന്തുണ നൽകുക.
- ആവശ്യമുണ്ടെങ്കിൽ മാനസികാരോഗ്യ വിദഗ്ദ്ധരെ സമീപിക്കുക (മനോവൈദ്യർ, കൗൺസിലർ)
- മാനസ്സിക സമ്മർദ്ദം കുറക്കാൻ യോഗ, ധ്യാനം മുതലായവ അഭ്യസിക്കുക.

വിവിധ വളർച്ചാഘട്ടങ്ങളെക്കുറിച്ചു പഠിക്കുമ്പോൾ എറിക് എറിക്സൺ എന്ന സൈക്കോളജിസ്റ്റ് പറയുന്നത് കൗമാരകാലഘട്ടത്തിലെ വെല്ലുവിളികൾ ശരിയായി തരണം ചെയ്യുന്ന വ്യക്തികൾ നല്ല സ്വത്വബോധമുള്ള വ്യക്തിത്വത്തിന് ഉടമകളാകുന്നു എന്നും

അല്ലാത്തവർ വ്യക്തതയില്ലാത്ത ജീവിതവീക്ഷണത്തിന് ഉടമകളായി തീരുന്നു എന്നുമാണ്. അതിനാൽ തന്നെ കൗമാരകാലഘട്ടത്തിൽ കുട്ടികളിൽ ലക്ഷ്യബോധവും ജീവിത ദർശനങ്ങളും രൂപപ്പെടാൻ സഹായിക്കേണ്ടത് മാതാപിതാക്കളും അധ്യാപകരും മറ്റു മുതിർന്നവരും ഉൾപ്പെടുന്ന സമൂഹത്തിന്റെ ഉത്തരവാദിത്വമാണ്.

മാതാപിതാക്കൾ, അധ്യാപകർ, സുഹൃത്തുക്കൾ, വിദഗ്ദ്ധർ എന്നിവർ ചേർന്ന് കൗമാരക്കാർക്ക് പിന്തുണ നൽകുന്നത് അനിവാര്യമാണ്. സ്നേഹവും അംഗീകാരവുമാണ് അവരുടെ ആത്മവിശ്വാസവും മാനസികാരോഗ്യവും വർദ്ധിപ്പിക്കാൻ സഹായിക്കുന്നത്.

ആധുനിക മനഃശാസ്ത്രരീതികൾ ഉപയോഗിച്ച് സ്വയാവബോധം, സമ്മർദ്ദങ്ങൾ കൈകാര്യം ചെയ്യുക, പരനുഭൂതിയോടെ മറ്റുള്ളവരുമായി ഇടപെടുക, ജീവിതലക്ഷ്യം രൂപപ്പെടുത്തുക തുടങ്ങിയ കാര്യങ്ങൾക്കായി പരിശീലനം നൽകുന്നത് ഇത്തരം കഴിവുകൾ ആർജിച്ചെടുക്കാനും സാഹചര്യങ്ങളോട് താദാത്മ്യപ്പെടാനും കുട്ടികളെ സഹായിക്കും.

**കൗമാരത്തിൽ Life skill training (ജീവിതനൈപുണ്യ) പരിശീലനത്തിന്റെ പ്രസക്തി**

കൗമാരകാലഘട്ടം വ്യക്തിത്വം രൂപപ്പെടുന്ന ഏറ്റവും പ്രധാനപ്പെട്ട ഘട്ടമാണ്. ഈ ഘട്ടത്തിൽ ലൈഫ് സ്കിൽ പരിശീലനം നൽകുന്നത് മൂലം വിദ്യാർത്ഥികൾ മാനസികമായി ആരോഗ്യവാന്മാരായി വളരുകയും, മികച്ച തീരുമാനങ്ങൾ എടുക്കുകയും, സാമൂഹ്യമായി ഉത്തരവാദിത്തം വഹിക്കുകയും ചെയ്യുന്നു.

**Lifeskills എന്നാൽ എന്ത്?**

ലൈഫ് സ്കിൽസ് എന്നത് വ്യക്തിക്ക് തന്റെ വ്യക്തിഗത, സാമൂഹിക, ബൗദ്ധിക ആവശ്യങ്ങൾ നിറവേറ്റുന്നതിനും ജീവിത പ്രശ്നങ്ങൾക്ക് കൃത്യമായി പ്രതികരിക്കുന്നതിനും സഹായിക്കുന്ന പ്രധാന ശേഷികളാണ്.

**WHO നിർദേശിച്ച 10 പ്രധാന ലൈഫ് സ്കിൽസ്:**

1. Self-awareness (സ്വയംബോധം)
2. Empathy (പരസ്പര സഹാനുഭൂതി)
3. Critical thinking (വസ്തുനിഷ്ഠമായ ചിന്തനം)
4. Creative thinking (സൃഷ്ടിപരമായ ചിന്തനം)
5. Decision making (തീരുമാനക്ഷമത)
6. Problem solving (പ്രശ്നപരിഹാരനൈപുണ്യം)
7. Effective communication (പ്രഭാവമുള്ള ആശയവിനിമയം)
8. Interpersonal relationship (അന്തർവ്യക്തി ബന്ധം)
9. Coping with stress (മാനസിക സമ്മർദ്ദം നേരിടൽ)
10. Coping with emotions (ഭാവങ്ങൾ നിയന്ത്രിക്കൽ)

കൗമാരക്കാർക്ക് ജീവിത പാടവങ്ങളുടെ പരിശീലനം നൽകുന്നത് വളരെ പ്രധാനമാണ്. കാരണം:

സ്വയം അറിയാനും ആത്മവിശ്വാസത്തോടെ ജീവിക്കാനും പ്രതിസന്ധികളും സമ്മർദ്ദങ്ങളും നേരിടാൻ ശേഷിപകരും. മാറ്റങ്ങളോട് പൊരുത്തപ്പെടാനും നല്ല തീരുമാനങ്ങൾ എടുക്കാനും സഹായിക്കും.

ആശയവിനിമയം, ബന്ധങ്ങൾ, സൗഹൃദങ്ങൾ എന്നിവ ശക്തമാക്കുന്നു.

മാനസിക ആരോഗ്യം സംരക്ഷിക്കാനും മാനോഭാവ നിയന്ത്രണം നേടാനും സഹായിക്കും.

ഭാവിയിൽ ഒരു നല്ല പൗരനായി വളരാനായുള്ള അടിസ്ഥാനമായി പ്രവർത്തിക്കും.

കൂട്ടുകാരുടെ സമ്മർദ്ദം (peer pressure) കൈകാര്യം ചെയ്യാൻ, കോപം, വിഷാദം പോലുള്ള വികാരങ്ങൾ നിയന്ത്രിക്കാൻ, ലിംഗപരമായ തിരിച്ചറിവ്, ബന്ധങ്ങൾ എന്നിവ മനസ്സിലാക്കാൻ സഹായിക്കും.

പരമ്പരാഗതമായി ചെയ്തുപോരുന്ന രീതികളിൽ നിന്ന് വ്യത്യസ്തമായ ശാസ്ത്രീയമാർഗങ്ങൾ ഉപയോഗിച്ച് കുട്ടികളുടെ അഭിരുചിയും കഴിവുകളും മനസ്സിലാക്കി അവരുടെ ജീവിതത്തെ പ്രചോദിപ്പിക്കാനും ലക്ഷ്യബോധം നൽകാനും കഴിയുന്ന നൂതന രീതികൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുകയും പരിശീലിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. പ്രത്യേകിച്ച് നമ്മുടെ വിശ്വാസപരിശീലനത്തിൽ പ്രയോഗികമാക്കാവുന്ന goal setting, vision board തുടങ്ങിയ പരിശീലന പരിപാടികൾ ക്രിസ്തീയ മൂല്യങ്ങളിൽ അധിഷ്ഠിതമാക്കി നടപ്പിലാക്കാവുന്നതാണ്. അത്തരത്തിൽ സ്വയാവബോധവും ആത്മവിശ്വാസവും പരാനുഭൂതിയും മൂല്യബോധവുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ സാധിക്കും.

കലാകായികരംഗങ്ങളിലുള്ള കഴിവുകൾ വർദ്ധിപ്പിക്കാനുതകുന്ന സാഹചര്യങ്ങൾ നൽകുക.

സംഘടനകളിൽ ഒരുമിച്ചുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക

ആധ്യാത്മികതയിലും വിശ്വാസത്തിലും അടിയുറച്ച ജീവിതം കെട്ടിപ്പടുക്കുവാൻ വേണ്ട guidance അധ്യാപകർക്കും മാതാപിതാക്കൾക്കും കൊടുക്കാൻ സാധിക്കണം. ഇതിനായി പരിശീലനം ലഭിച്ച mentors ഓരോ ഇടവകയിലും സ്കൂളിലും ഉണ്ടാവണം.

**കുടുംബ നവീകരണ വർഷ കമ്മിറ്റി**

## മാസധ്യാന റിപ്പോർട്ട്
## മുള്ളൻകൊല്ലി ഫൊറോന

മുള്ളൻകൊല്ലി ഫൊറോനയിലെ വൈദികരുടെ മാസധ്യാനം സെന്റ് മേരീസ് ഫൊറോന ദേവാലയത്തിൽ വച്ച് ജൂൺ 10 ചൊവ്വാഴ്ച്ച നടത്തപ്പെട്ടു. മെയ് മാസത്തിൽ നടന്ന വൈദികരുടെ ട്രാൻസ്ഫറിനു ശേഷം നടന്ന ആദ്യത്തെ ഈ മീറ്റിംഗിൽ ഫൊറോനയിലേക്ക് പുതുതായി വന്ന എട്ട് ഇടവക വികാരിമാർ, ഫൊറോന അതിർത്തിയിലുള്ള സെന്റ് ആന്റണീസ് കപ്പൂച്ചിൻ ആശ്രമത്തിലേക്ക് സ്ഥലംമാറ്റം ലഭിച്ച് എത്തിയിട്ടുള്ള നാല് വൈദികർ, നിലവിൽ മുള്ളൻകൊല്ലി ഫൊറോനയിൽ തുടരുന്ന അഞ്ച് വൈദികർ എന്നിവർ ഉൾപ്പെടെ പത്തൊൻപത് വൈദികർ ഒത്തുചേർന്നു. കോട്ടയം രൂപതയുടെ പെരിക്കല്ലൂർ ഫൊറോനാ വികാരിയും സാമൂഹ്യ പ്രവർത്തകനുമായ ബഹുമാനപ്പെട്ട ജോർജ് കപ്പുകാലയിൽ അച്ചൻ ധ്യാന ചിന്തകളും ഒപ്പം പുൽപ്പള്ളി പ്രദേശത്തെ ഗൗരവമുള്ള സാമൂഹ്യപ്രതിസന്ധികളും പങ്കുവച്ചു. തുടർന്നുള്ള മീറ്റിംഗിൽ പുതുതായി കൂട്ടായ്മയിലേക്ക് വന്നുചേർന്ന വൈദികരെ പ്രാർത്ഥനാശംസകളോടെ സ്വാഗതം ചെയ്തു. ഇടവക പ്രവർത്തനങ്ങളും പൊതുവിഷയങ്ങളും ചർച്ചയ്ക്കു വിധേയമായി. ഭക്തസംഘടനകൾക്കും സാമുദായിക സംഘടനകൾക്കും മേഖലാ ഡയറക്ടർമാരെ തിരഞ്ഞെടുത്ത് ഉത്തരവാദിത്വം ഏല്പിക്കുകയും ചെയ്തു.

**മേഖലാ ഡയറക്ടർമാർ**

മാതൃവേദി : ഫാ. ബിജു മാവറ
വേദപാഠം : ഫാ. ജോണി കല്ലുപുര
സി.എം.എൽ : ഫാ. റോയ് വട്ടക്കാട്ട്
കെ.സി.വൈ.എം : ഫാ. ജോജോ ഔസേപ്പറമ്പിൽ
റിന്യൂവൽ : ഫാ. ബിജോയ് ചെമ്പക്കര
എ.കെ.സി.സി : ഫാ. സുനിൽ വട്ടുകുന്നേൽ
കെ.സി.ബി.സി മദ്യവിരുദ്ധ സമിതി: ഫാ. ജോഷി പുൽപയിൽ

**ഫാ. റിജോസ് അരുമായിൽ**

# പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്

മാനന്തവാടി രൂപതയുടെ 2025-27 വർഷത്തെ പ്രഥമ പാസ്റ്ററൽ കൗൺസിൽ യോഗം 14-06-2025 ന് റവ. സി. മേഴ്സി മാനുവൽ SH നയിച്ച ഈശ്വര പ്രാർഥനയോടെ രാവിലെ 10.30 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ ആരംഭിച്ചു. അഹമ്മദാബാദ് വിമാനദുരന്തത്തിൽ മരിച്ച വർക്കുവേണ്ടി യോഗം മൗനം ആചരിച്ചു.

**സ്വാഗത പ്രസംഗവും സത്യപ്രതിജ്ഞയും**

പാസ്റ്ററൽ കൗൺസിൽ യോഗത്തിന് മാനന്തവാടി രൂപത സഹായമെത്രാൻ മാർ അലക്സ് താരാമംഗലം സ്വാഗതം ആശംസിച്ചു. തിരുസഭ ലോകത്തിന്റെ മനഃസാക്ഷിയാണെന്നും ക്രൈസ്തവ സംസ്കാരം രൂപപ്പെടുത്തുവാൻ നമ്മൾ കൂട്ടായി പരിശ്രമിക്കണ മെന്നും പിതാവ് ആഹ്വാനം ചെയ്തു. തുടർന്ന് പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ സത്യപ്രതിജ്ഞ നടന്നു.

**തെരഞ്ഞെടുപ്പ്**

മാനന്തവാടി രൂപതയുടെ 2025-27 വർഷത്തേക്കുള്ള പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയുടെയും സ്റ്റാൻറിംഗ് കമ്മിറ്റി അംഗങ്ങ ളുടെയും തെരഞ്ഞെടുപ്പിന് മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ നേതൃത്വം നൽകി. 2025-27 വർഷത്തെ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയായി ശ്രീ. ജോസ് മാത്യു പുഞ്ചയിലിനെ ഐകകണ്ഠേന തെരഞ്ഞെടുത്തു.

**സ്റ്റാൻറിംഗ് കമ്മിറ്റി അംഗങ്ങളായി താഴെ പറയുന്നവരെ യോഗം തെരഞ്ഞെടുത്തു**

1. മാർ. ജോസ് പൊരുന്നേടം (ചെയർമാൻ)
2. മാർ. അലക്സ് താരാമംഗലം
3. ശ്രീ. ജോസ് മാത്യു പുഞ്ചയിൽ (സെക്രട്ടറി)
4. മോൺ. പോൾ മുണ്ടോളിക്കൽ
5. റവ. ഫാ. ബെന്നി മുതിരക്കാലായിൽ
6. റവ. ഫാ. ജോസ് കൊച്ചറയ്ക്കൽ
7. റവ. ഫാ. അനൂപ് കാളിയാനിയിൽ
8. റവ. ഫാ. ആൽബിൻ വളയത്തിൽ
9. റവ. ഫാ. സന്തോഷ് തെക്കെയിൽ O.Praem
10. റവ. ഫാ. ജോസഫ് പരുവുമ്മേൽ
11. റവ. ഫാ. സജി കോട്ടായിൽ
12. റവ. സി. ഫിലോ ജോസ് SCV
13. റവ. സി. മേഴ്സി മാനുവൽ SH

14. ശ്രീ. ക്രിസ്റ്റി കരുവള്ളിത്തറ
15. ശ്രീ. ജിന്റോ കൂടിയാട്ടുക്കുന്നേൽ
16. ശ്രീമതി മരിയ ആഷിൻ
17. ശ്രീമതി മേഴ്സി സാബു നിരപ്പിൽ

**ആമുഖ പ്രഭാഷണം**

മാനന്തവാടി രൂപത പാസ്റ്ററൽ കൗൺസിലിന് മാനന്തവാടി രൂപതാധ്യക്ഷൻ മാർ ജോസ് പൊരുന്നേടം ആമുഖ സന്ദേശം നൽകി. പാസ്റ്ററൽ കൗൺസിലിൻെറയും സ്റ്റാൻറിംഗ് കമ്മിറ്റിയുടെയും ഘടനയും പ്രവർത്തനങ്ങളും ഉത്തരവാദിത്തങ്ങളും അഭിവന്ദ്യ പിതാവ് വിശദികരിച്ചു. പാസ്റ്ററൽ കൗൺസിൽ അംഗത്വം ഒരു ഡീക്കൻ സേവന പദവിയാണെന്നും പരിപാടികൾ നടപ്പിലാക്കുവാൻ അംഗങ്ങൾ മുന്നിട്ടിറങ്ങണമെന്നും അഭിവന്ദ്യ പിതാവ് ആവശ്യപ്പെട്ടു.

**കുടുംബ നവീകരണ വർഷ പ്രവർത്തനങ്ങൾ:**
**ചർച്ചയും അവലോകനവും**

കുടുംബ നവീകരണ വർഷത്തിൽ ആസൂത്രണം ചെയ്ത പരിപാടികളുടെ അവലോകനത്തിന് മോൺ പോൾ മുണ്ടോളിക്കൽ തുടക്കം കുറിച്ചു. തുടർന്നുവന്ന ചർച്ചയിൽ പരിപാടികൾ സമയ ബന്ധിതമായി നടപ്പിലാക്കണമെന്നും മോണിറ്ററിംഗിനും റിപ്പോർട്ടിംഗിനുമുള്ള സംവിധാനങ്ങൾ ഉണ്ടാക്കണമെന്നും കുടും ബങ്ങൾ അഭിമുഖികരിക്കുന്ന പ്രശ്നങ്ങൾ തരണം ചെയ്യാൻ ഫാമിലി കൗൺസിലിംഗ് സെന്റർ ആരംഭിക്കേണ്ടതിന്റെ അവശ്യകത, അന്യമതസ്ഥരുമായുള്ള വിവാഹം നിരുത്സാഹപ്പെടുത്തൽ, കുട്ടികളുടെ സ്വഭാവരൂപീകരണത്തിന് മതപഠനക്ലാസുകൾ കൂടുതൽ സജീവമാക്കുക, വിവാഹ പൂർവ്വ കൗൺസിലിംഗും പരിശീലനവും നൽകുക. വിവാഹശേഷം വിവിധ ഘട്ടത്തിലുള്ളവർക്കായി സെമിനാറുകൾ നടത്തുക, ലൈംഗിക-ധാർമ്മിക ഉന്നമനത്തിനാ യുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക, മാതാപിതാക്കൾ ക്കുള്ള ബോധവൽക്കരണ പരിപാടികൾ നടത്തുക, കുടുംബ ക്കൂട്ടായ്മയെയും പാരീഷ് കൗൺസിലിനെയും ശാക്തീകരിക്കാ നുള്ള പരിശീലനം നൽകുക എന്നിവയെക്കുറിച്ച് സജീവമായി ചർച്ച നടന്നു. ചർച്ചയിൽ ജോയി ചാച്ചിറ, സിജി ഇലഞ്ഞിക്കൽ, ജോസ് പുന്നക്കുഴി, ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ, ബ്രില്ലി കേളങ്ങാട്ടിൽ, സണ്ണി കാഞ്ഞിരംകുഴി, നിഖിൽ ചൂണ്ടിയാങ്കൽ, ഷെൻസി കുര്യൻ, എം.സി സെബാസ്റ്റ്യൻ, ക്രിസ്റ്റി കരുവള്ളിത്തറ, സെബാസ്റ്റ്യൻ പുരയ്ക്കൽ, ഫാ. കുര്യാക്കോസ് കുന്നത്ത്, ഡോ. അബ്രഹാം ജേക്കബ്, ഫാ. സോണി വാഴക്കാട്ട്, ടോണി ജോസഫ്, ഗ്രേസി ചിറ്റിലപ്പള്ളി, ഫാ. തോമസ് കച്ചിറയിൽ, ബെന്നി ഇല ഞ്ഞിക്കൽ തുടങ്ങിയവർ സംസാരിച്ചു.

**ചൂരൽമല പുനരധിവാസ പ്രവർത്തനങ്ങൾ**

മാനന്തവാടി രൂപത ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങളുടെ വിശകലനം WSSS ഡയറക്ടറും രൂപതാ ദുരന്തനിവാരണ കേന്ദ്ര കമ്മിറ്റി ട്രഷററുമായ റവ.ഫാ. ജിനോജ് പാലത്തടത്തിൽ നേതൃത്വം നൽകി. 14-06-2025 വരെ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി വിവിധ ഇടവകകളിൽ നിന്നും സംഘടനകളിൽ നിന്നുമായി ലഭിച്ച തുക ദുരന്തബാധിതരുടെ പുനരധിവാസത്തിന് സ്ഥലം വാങ്ങുന്നതിനും ഭവനനിർമ്മാണം നടത്തുന്നതിനും അടിസ്ഥാന സൗകര്യവികസനത്തിനും ദുരിതാശ്വാസത്തിനും ദുരന്ത ബാധിതരുടെ ജീവിതമാർഗം കണ്ടെത്തുന്നതിനുമായി നാളിതുവരെ ചെലവഴിച്ചുവെന്നും അറിയിച്ചു. 35 വീടുകളുടെ രജിസ്ട്രേഷൻ, നടപടികൾ പൂർത്തിയായി എന്നും 15 വീടുകളുടെ രജിസ്ട്രേഷൻ പൂർത്തിയാകാനുണ്ടെന്നും ഫാ. ജിനോജ് പാലത്തടത്തിൽ അറിയിച്ചു. പുനഃരധിവാസ പ്രക്രിയയുടെ വേഗതയെയും കാര്യക്ഷമതയെയും യോഗം അഭിനന്ദിച്ചു.

**പഞ്ചാബ് മിഷൻ പ്രവർത്തനങ്ങൾ**

മാനന്തവാടി രൂപതയുടെ മിഷൻ പ്രവർത്തന രംഗമായ പഞ്ചാബ് മിഷനെക്കുറിച്ച് റവ. ഫാ. സജി നെടുങ്കല്ലേൽ വിശദീകരിച്ചു. വിവിധ ഫൊറോനകളുടെയും മതബോധനകേന്ദ്രം, ഭക്തസംഘടനകൾ എന്നിവരുടെയും സഹായത്തോടെ കോട്ടേ ഇസെഖാൻ, ഹസ്തിവാല എന്നിവിടങ്ങളിൽ പള്ളികളും പള്ളിമുറികളും പണിയുന്നതിനും സ്ഥലംവാങ്ങി ചുറ്റുമതിൽ പണിയുന്നതിനുമുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതായി അച്ചൻ യോഗത്തെ അറിയിച്ചു.

**പെരിക്കല്ലൂർ ഭൂപ്രശ്നത്തെക്കുറിച്ചുള്ള പ്രമേയവും ചർച്ചയും**

ചെരിക്കല്ലകർ ഭൂപ്രശ്നത്തെക്കുറിച്ച് ശ്രീ. സാലു അബ്രാഹം മേച്ചേരി അവതരിപ്പിച്ച പ്രമേയം ചർച്ചകൾക്കു ശേഷം പാസാക്കി. ചർച്ചയിൽ ബെന്നി ഇലഞ്ഞിക്കൻ. എം.സി സെബാസ്റ്റ്യൻ അഡ്വ. ഷെബിൻ ജോർജ്, എം.ജെ അഗസ്റ്റ്യൻ എന്നിവർ സംസാരിച്ചു.

**നന്ദി**

പാസ്റ്ററൽ കൗൺസിലിൽ പങ്കെടുത്തവർക്ക് സെക്രട്ടറി ശ്രീ. ജോസ് മാത്യു പുഞ്ചയിൽ നന്ദി പറഞ്ഞു. രൂപതാ പ്രവർത്തനങ്ങളിൽ അത്മായ പങ്കാളിത്തം വർദ്ധിപ്പിക്കുവാനും സഭയോടൊപ്പവും സഭയ്ക്കുവേണ്ടിയും പ്രവർത്തിക്കുവാൻ എല്ലാവിശ്വാസികളും മുന്നിട്ടിറങ്ങണമെന്ന ആഹ്വാനത്തോടെ യോഗം സമാപിച്ചു.

**ജോസ് മാത്യു പുഞ്ചയിൽ**

പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി

# മൈനർ സെമിനാരി വാർത്തകൾ

**മൈനർ സെമിനാരിയിലെ നവാഗതർക്ക് സ്വാഗതം**

| | | | |
|---|---|---|---|
| 1. | ആൽബിൻ പുതുക്കാട്ടിച്ചിറ | - | തലഞ്ഞി |
| 2. | ആൽബർട്ട് പുത്തൂർ | - | കോട്ടത്തറ |
| 3. | ഫ്ളെവിൻ വാതക്കോടത്ത് | - | കോട്ടത്തറ |
| 4. | അഭിനവ് ഓലിക്കൽ | - | ആടിക്കൊല്ലി |
| 5. | ജോയൽ കീറ്റുംകിരിയിൽ | - | കല്ലുവയൽ |
| 6. | ആംലിൻ പയ്യപ്പള്ളി | - | പാടിച്ചിറ |
| 7. | ആഷിൻ കൊല്ലിത്തടത്തിൽ | - | നടവയൽ |
| 8. | അമൽ കൊച്ചുനിരവത്ത് | - | ബത്തേരി |
| 9. | ജെറിൻ പറമ്പത്ത് | - | ബത്തേരി |
| 10. | ഡിയോൺ വെള്ളച്ചാലിൽ | - | കല്ലോടി |
| 11. | അൽജിൻ വേഴപ്പറമ്പിൽ | - | കാരക്കാമല |
| 12. | എഡ്വിൻ പതാലിൽ | - | ബോയ്സ്ടൗൺ |
| 13. | ജോയൽ മൂഴിപ്ലാക്കൽ | - | മൂലേപ്പാടം |
| 14. | അഷ്ബിൻ പല്ലാട്ട് | - | ടി.കെ. കോളനി |
| 15. | ബർണാഡ് കുമ്പുക്കൽ | - | നെല്ലിയോടി |
| 16. | ആൽഫിൻ ചെറുപറമ്പിൽ | - | പാലാങ്കര |
| 17. | ആദിൽ കല്ലുവെട്ടാംകുഴിയിൽ | - | മൊതക്കര |
| 18. | അലൻ ചക്കുങ്കൽ | - | കൊട്ടിയൂർ |

കുട്ടികളെ മൈനർ സെമിനാരിയിലേക്ക് ഒരുക്കി പറഞ്ഞയച്ച എല്ലാ പ്രിയ ബഹുമാനപ്പെട്ട വൈദികർക്കും, ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനും, മതാദ്ധ്യാപകർക്കും മാതാപിതാക്കൾക്കും നന്ദി. തുടർന്നും ദൈവവിളി പ്രോത്സാഹനത്തിനായി നിങ്ങൾ എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**ഫാ. സജി നെടുങ്കല്ലേൽ**
റെക്ടർ

പ്രിയപ്പെട്ടവരെ,

2025-26 വിശ്വാസപരിശീലന വർഷം നമ്മൾ തീക്ഷ്ണതയോടെ ആരംഭിച്ചല്ലോ. മാർത്തോമാ ശ്ലീഹായുടെ വിശ്വാസ പ്രഘോഷണവും, വിശുദ്ധ അൽഫോൻസാമ്മയുടെ പ്രാർത്ഥനാജീവിതവും പ്രത്യേകം അനുസ്മരിക്കുന്ന ഈ മാസത്തിൽ നമ്മുടെ ഓരോരുത്തരുടെയും സുവിശേഷ പ്രഘോഷണം സജീവമാക്കുവാനും, പ്രാർത്ഥനാ ജീവിതം അനുഭവവേദ്യമാക്കുവാനും പരിശ്രമിക്കാം. വിശ്വാസ പരിശീലന ത്തിലൂടെ വിശ്വാസം അറിയാനും, വിശ്വാസത്തിൽ ആഴപ്പെടാനും, വിശ്വാസത്താൽ രൂപാന്തരപ്പെടാനും യഥാർത്ഥ ക്രൈസ്തവ വിശ്വാസ സാക്ഷിയാക്കാനും നമ്മെ പ്രാപ്തരാക്കുന്നുവെന്ന ബോധ്യത്തിൽ നമുക്ക് വളരാം.

**HCC I & HCC II Online Registration ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

HCC I & II രജിസ്ട്രേഷനും 2005-26 വർഷത്തെ സർവേ ഫോമും മതബോധനത്തിന്റെ വെബ്സൈറ്റിൽ ഓൺലൈനായി എല്ലാ ഇടവകകളിലും പൂർത്തിയാക്കിയല്ലോ. HCC 1 കുട്ടികളുടെ രജിസ്ട്രേഷൻ പൂർത്തിയാക്കി കഴിയുമ്പോൾ മതബോധന കേന്ദ്രത്തിൽ നിന്ന് രജിസ്റ്റർ നമ്പർ ആഡ് ചെയ്യും. അതിനുശേഷം മാത്രമേ പ്രിന്റ് എടുക്കാവൂ എന്ന് ഓർമ്മപ്പെടുത്തുന്നു. രജിസ്ട്രേഷനു ശേഷം പ്രിന്റ് എടുത്ത് വികാരിയച്ചൻ, ഹെഡ്മാസ്റ്റർ, രക്ഷാകർത്താവ്, കുട്ടികൾ എന്നിവർ അപേക്ഷാ ഫോമിലും ഹാൾടിക്കറ്റിലും ഒപ്പിട്ട് രജിസ്ട്രേഷൻ ഫീസിനൊപ്പം (200 രൂപ) രൂപതാ ഓഫീസിൽ ജൂലൈ 7 മുതൽ ജൂലൈ 11 വരെയുള്ള തീയതികളിൽ എത്തിക്കേണ്ടതാണ്. താഴെ തന്നിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് രജിസ്ട്രേഷൻ ഫീസ് ട്രാൻസ്ഫർ ചെയ്യാവുന്നതാണ്.

A/c No.0063010024725

IFSC – CSBK0000063

MICR – 670047202

Branch – CSB Mananthavady

**പ്രൈവറ്റ് രജിസ്ട്രേഷൻ**

പത്താംക്ലാസ് പഠനത്തിനു ശേഷം 11,12 ക്ലാസുകളിൽ വിശ്വാസ പരിശീലനത്തിന് എത്താതെ എൻട്രൻസ് കോച്ചിംങിനോ, തത്തുല്യ മായ മറ്റു കോഴ്സുകൾക്കോ പോകുന്ന കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാ സത്തിനുള്ള അവസരം നിഷേധിക്കാതെ, വിശ്വാസ പരിശീലന ത്തിന്റെ ഭാഗമാക്കിനിർത്തേണ്ടത് ആവശ്യമാണ്. ഇവർക്കു വേണ്ടിയാണ് പ്രൈവറ്റ് രജിസ്ട്രേഷൻ. ഈ കുട്ടികൾ പാലിക്കേണ്ട നിബന്ധനകളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. ഞായറാഴ്ച രാവിലെ മാതൃ ഇടവകയിൽ കുർബാനയിൽ പങ്കെടുക്കുവാൻ സാധിക്കുന്നില്ലെങ്കിൽ വികാരിയച്ചന്റെ അറിവോടെ പരിശീലന കേന്ദ്രത്തിനടുത്ത് വിശുദ്ധ കുർബാന ക്കുള്ള ക്രമീകരണം ഏർപ്പെടുത്തണം.
2. വികാരിയച്ചന്റെ സാക്ഷ്യപത്രം നൽകുന്നവർക്കേ Private Registration അനുവദിക്കുകയുള്ളൂ. (കുട്ടികൾ എൻട്രൻസ് പരിശീ ലനമോ / മറ്റ് കോഴ്സുകളിലോ പങ്കെടുക്കുന്നുണ്ട് എന്നുള്ള വിവരങ്ങൾ)
3. വാർഷിക പരീക്ഷ തങ്ങളുടെ ഇടവകകളിലാണ് എഴുതേണ്ടത്.
4. പ്രൈവറ്റ് രജിസ്ട്രേഷൻ ചെയ്യുന്നവർക്ക് രൂപതാ കേന്ദ്രത്തിൽ നിന്ന് രണ്ട് സെമസ്റ്ററിലും അസൈൻമെന്റ് നൽകുന്നതായി രിക്കും. അത് പൂർത്തിയാക്കി ജനുവരി 10 നു മുമ്പ് തിരികെ നൽകിയി രിക്കണം അത് അവരുടെ ഇന്റേണൽ മാർക്കിന് പരിഗണിക്കും.
5. പ്രൈവറ്റ് കുട്ടികളെ രൂപതാ റാങ്കിന് പരിഗണിക്കുന്നതല്ല.
6. രജിസ്ട്രേഷൻ ഫീസ് RS. 1000 ആയിരിക്കും. (രണ്ട് വർഷങ്ങ ളിലും രജിസ്ട്രേഷൻ അടക്കേണ്ടതായിരിക്കും)
7. റെഗുലർ സ്റ്റുഡൻസിന്റെ രജിസ്ട്രേഷൻ സമയത്ത് തന്നെ ഈ കുട്ടികളും ഇടവകകളിൽ രജിസ്ട്രേഷൻ നടത്തി പറഞ്ഞി രിക്കുന്ന സ്ഥലങ്ങളിൽ ഒപ്പുവച്ച് പ്രിന്റൗട്ടും വാട്സ് ആപ്പ് നമ്പറും ജൂലൈ 5 ന് പൂർത്തിയാക്കി ജൂലൈ 7 തീയതി മുതൽ 9 വരെയുള്ള ദിവസങ്ങളിൽ ഓഫീസിൽ ഏല്പിക്കേണ്ടതാണ്

**11, 12-ാം ക്ലാസ് ട്രെയിനിംഗ്**

മെയ് 31-ാം തീയതി ദ്വാരകയിൽ 82 പേരും, ജൂൺ 7-ാം തീയതി മണിമൂളിയിൽ 35 അദ്ധ്യാപകരും 11 ,12-ാം ക്ലാസ് പാഠപുസ്തക പരിശീലനത്തിൽ പങ്കെടുത്തു. ക്ലാസുകൾ നയിച്ച ശ്രീ. സെബാസ്റ്റ്യൻ

പാലംപറമ്പിൽ, ജോസ് പുഞ്ചയിൽ എന്നിവർക്കും രൂപതാ മതബോധന ടീമംഗങ്ങൾക്കും നന്ദി.

**മതാദ്ധ്യാപകർക്കുള്ള ഓൺലൈൻ വെബിനാർ**

സീറോ മലബാർ കാറ്റകറ്റിക്കൽ കമ്മീഷന്റെ നേതൃത്വത്തിൽ ജൂലൈ മാസത്തിലെ അവസാന ആഴ്ചയിൽ ഉണ്ടായിരിക്കും. അവതരിച്ച വചനം *Dei Verbum* കുറിച്ചുള്ള (8.30 pm-9.30 pm) ഓൺലൈൻ വെബിനാറിൽ സാധിക്കുന്ന അദ്ധ്യാപകരെല്ലാം പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. പങ്കെടുത്ത് 10 പേജിൽ കവിയാത്ത അസൈൻമെന്റ് രൂപതാകേന്ദ്രത്തിൽ സമർപ്പിക്കുന്നവർക്ക് കമ്മീഷൻ സർട്ടിഫിക്കറ്റ് നല്കുന്നതാണ്. ഏറ്റവും നല്ല അസൈൻമെന്റിന് രൂപതയിൽനിന്ന് പ്രത്യേകസമ്മാനവും നല്കുന്നതാണ്.

**DCT Course Registration**

മതാധ്യാപകർക്കായി രൂപതാ മതബോധന കേന്ദ്രം നടത്തി വരുന്ന DCT കോഴ്സിന്റെ രജിസ്ട്രേഷൻ ജൂലൈ മാസം 5-ാം തീയതി മുതൽ ആരംഭിക്കും. ഇടവകകളിൽ നിന്ന് online ആയി രജിസ്റ്റർ ചെയ്ത് ജൂലൈ 15 നുള്ളിൽ അപേക്ഷാ ഫോറം രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. DCT, Course Fee 2400. (1200 രൂപ രൂപതാ കേന്ദ്രം സ്കോളർഷിപ്പ് ആയി നൽകും.) വിശദവിവരങ്ങൾ വികാരിയച്ചന്മാരുടെയും പ്രധാന അധ്യാപകരുടെയും വാട്സ് ആപ് ഗ്രൂപ്പിൽ നൽകുന്നതായിരിക്കും.

**ഫാ. തോമസ് കച്ചിറയിൽ**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

ചെറുപുഷ്പ മിഷൻലീഗ് 2025-26 പ്രവർത്തന വർഷത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്. മാർ ജോസ് പൊരുന്നേടം ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ ''യുക്കരിസ്ത്യാ'' വി. കുർബാന: പ്രത്യാശ യുടെ കൂദാശ എന്ന പേരിൽ മാഗ്ഗരേഖ പ്രസിദ്ധികരിച്ചുകൊണ്ട് രൂപതാ തലത്തിലും മേഖലാ, ശാഖാ തലങ്ങളിലും പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. കർമ്മവീഥിയിൽ പുതിയ പ്രഭാതത്തിന്റെ ശോഭ നിറച്ച് സ്നേഹം, ത്യാഗം, സേവനം, സഹനം എന്നീ മുദ്രാവാക്യം ഉൾക്കൊണ്ട് പ്രേക്ഷിത ചൈതന്യത്തിലും ദൈവവിളി പ്രോത്സാഹന ത്തിലും വ്യക്തിത്വ വികാസത്തിലും മുന്നേറുവാൻ ഈ പ്രവർത്തന വർഷത്തിലും സാധിക്കട്ടെ. നിങ്ങൾക്കെല്ലാ മംഗളങ്ങളും നേരുന്നു. നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെ തിരുനാൾ ആഘോ ഷിക്കുമ്പോൾ ഭാരതസഭയുടെ പ്രഥമവും പ്രധാനവുമായ പ്രേക്ഷിതനാണ് മാർത്തോമാശ്ലീഹ എന്ന് നമ്മുടെ ജീവിത സാക്ഷ്യത്തി ലൂടെ നമുക്ക് പ്രഘോഷിക്കാം. ''എന്റെ കർത്താവേ എന്റെ ദൈവമേ'' എന്ന തോമാശ്ലീഹായുടെ വിശ്വാസ പ്രഖ്യാപനം നമ്മുടെ എല്ലാ ജീവിതസാഹചര്യങ്ങളിലും ധീരതയോടെ മുഴങ്ങട്ടെ. ജൂലൈ 12-ാം തീയതി നമ്മുടെ സ്വർഗീയ മധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കളുടെയും ജൂലൈ 28-ാം തീയതി ഉപമധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെയും തിരുനാൾ ദിനങ്ങളാണ്. ജൂലൈ മാസം ദൈവാനുഗ്രഹത്തിന്റെ ദിനങ്ങളാക്കി നമുക്ക് മാറ്റാം. ദൈവം ശക്തി പ്പെടുത്തട്ടെ.

സ്നേഹത്തോടെ,
**ഫാ. സന്തോഷ് ഒറവാറന്തറ**

**ഹൃദയത്തുടിപ്പ്**

തിരുഹൃദയ വണക്കത്തിന്റെ പ്രാധാന്യം അറിയിച്ചുകൊണ്ടും, തിരുഹൃദയ ഭക്തി പ്രചരിപ്പിക്കുന്നതിനായും എല്ലാ ദിവസവും തിരു ഹൃദയ വീഡിയോ തയ്യാറാക്കി ഷെയർ ചെയ്തു.

**പന്തക്കുസ്ത ഒരുക്കം**

ജൂൺ ഒന്നു മുതൽ എട്ടാം തീയതിവരെ പന്തക്കുസ്ത ഒരുക്ക സന്ദേശ വീഡിയോ തയ്യാറാക്കി പോസ്റ്റു ചെയ്തു.

**ഫസ്റ്റ് ബെൽ**

അക്ഷരങ്ങളുടെ ആ തിരുമുറ്റത്തേക്ക് പ്രവേശിച്ച എല്ലാ വിദ്യാർത്ഥികൾക്കും, ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ ആശംസകൾ  അറിയിച്ച് പോസ്റ്റർ തയ്യാറാക്കി അയച്ചു.

**ബെസ്റ്റ് ശാഖകൾ, മേഖലകൾ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ 2024-25 പ്രവർത്തന വർഷത്തിൽ ഏറ്റവും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച മേഖലകളായി ചുങ്കക്കുന്ന്, കൽപ്പറ്റ, ബത്തേരി  മേഖലകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്കും, ഏററവും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച ശാഖകളായി ഒലിവുമല, ചുങ്കക്കുന്ന്, ബത്തേരി ശാഖകൾ യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി. കൂടാതെ മീനങ്ങാടി, ചാരിറ്റി, പുഴമുടി, ശാന്തിഗിരി, ശിശുമല, അരിഞ്ചേർമല, അമ്പായത്തോട്, മൂലങ്കാവ്, നടവയൽ, പുതുശ്ശേരിക്കടവ്  എന്നീ ശാഖകൾ മികച്ച ശാഖകളായി തിരഞ്ഞെടുക്കപ്പെട്ടു. വിജയത്തിനു പിന്നിൽ പ്രവർത്തിച്ച ശാഖാ, മേഖലാ തലങ്ങളിലുള്ള എല്ലാ വൈദീകർക്കും, സിസ്റ്റേഴ്സിനും, ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

**ഒത്തിരി നന്ദി**

കർമ്മധീരതയോടെ മേഖലാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി മേഖലാ ഡയറക്ടർ സ്ഥാനത്തുനിന്ന് വിരമിക്കുന്ന മുള്ളൻകൊല്ലി ഡയറക്ടർ ഫാ. ബിജു ഉറുമ്പിൽ, ദ്വാരക ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി എന്നിവർക്ക് രൂപതാ സമിതിയുടെ നന്ദി.

**സ്വാഗതം**

ചെറുപുഷ്പ മിഷൻലീഗ് സംഘടനയ്ക്ക് ഉണർവ്വും ഉത്തേജനവുമായി കടന്നുവന്ന പുതിയ ഡയറക്റ്റേഴ്സിന് മിഷൻലീഗ് രൂപതാ സമിതിയിലേക്ക് ഹൃദ്യമായ സ്വാഗതം. ഫാ. ജെയ്സൺ കുഴികത്തിൽ (ബത്തേരി), ഫാ. നിഖിൽ ചവരനാൽ (ദ്വാരക), ഫാ. അനീഷ് പുരയ്ക്കൽ (കൽപ്പറ്റ), ഫാ. റോയി വട്ടക്കാട്ട് (മുള്ളൻകൊല്ലി), ഫാ. ജിജോ വാത്തേലിൽ (നടവയൽ), ഫാ. അമൽ മന്ത്രിക്കൽ അസി. ഡയറക്ടർ (നടവയൽ), ഫാ. ജിതിൻ പീച്ചാട്ട് (മാനന്തവാടി), ഫാ. ജിമ്മി മൂലയിൽ (തരിയോട്),

**ആദരാജ്ഞലികൾ**

ചെറുപുഷ്പ മിഷൻലീഗ് നീലഗിരി മേഖലയെ മികവുറ്റ പ്രവർത്തനങ്ങളാൽ മുമ്പോട്ടു നയിച്ച മുൻ മേഖലാ ഡയറക്ടർ ബഹു. അനൂപ് കൊല്ലംകുന്നേൽ അച്ചന്റെ നിര്യാണത്തിൽ മാനന്തവാടി രൂപതാ സമിതി അനുശോചനം രേഖപ്പെടുത്തി. മൃതസംസ്കാര ശുശ്രൂഷയിൽ രൂപത നേതൃത്വം പങ്കെടുത്ത് പ്രാർത്ഥിച്ചു.

**കണ്ണീർ പ്രണാമം**

പുത്തൻ പ്രതീക്ഷകളുമായി തനിച്ചും, കുടുംബസമേതവും അഹമ്മദാബാദിൽ നിന്നും വിദേശത്തേക്ക് പുറപ്പെടുകയും നിമിഷ നേരംകൊണ്ട് അപകടം സംഭവിച്ച് നിത്യതയിലേക്ക് കടന്നുപോയ പ്രിയപ്പെട്ടവർക്ക് അനുശോചനം രേഖപ്പെടുത്തി പ്രാർത്ഥിച്ചു.

**ശ്രദ്ധിക്കാൻ**

ജൂലൈ 3 ന് ദുക്റാന തിരുനാളിനോടനുബന്ധിച്ച് ആഘോഷ പരിപാടികൾ സംഘടിപ്പിക്കുകയും തോമസ് നാമധാരികളെ ആദരിക്കുകയും ചെയ്യുമല്ലോ.

**തോമസ് നാമധാരികളുടെ ഓൺലൈൻ സംഗമം**

ജൂലൈ മൂന്നാം തീയതി 7 മണിക്ക് രൂപത സംഘടിപ്പിക്കുന്ന തോമസ് നാമധാരികളുടെ ഓൺലൈൻ സംഗമം നടത്തപ്പെടുന്നു. തോമസ് നാമധാരികളായ എല്ലാ മിഷൻലീഗ് അംഗങ്ങളും സംഗമത്തിൽ പങ്കെടുക്കുമല്ലോ.

**ടെക്ക്ലേസിയ**

ശാഖകളിൽ ഇനിയും അംഗത്വം പുതുക്കലും ചേർക്കലും നടത്തിയിട്ടില്ലാത്തവർ ജൂലൈ 15 ന് മുമ്പ് പൂർത്തിയാക്കേണ്ടതാണ്. മൽസരങ്ങളിൽ പങ്കെടുക്കാൻ ഐഡി കാർഡ് നിർബന്ധമാണ്.

**സാഹിത്യ മൽസരം**

ജൂലൈ 20 ന് മുമ്പായി ശാഖാ, മേഖലാ തലത്തിൽ സാഹിത്യ മൽസരങ്ങൾ പൂർത്തിയാക്കേണ്ടതാണ്.

**ജോ. ഡയറക്റ്റേഴ്സ് ദിനം**

ജൂലൈ 25 ന് വി. അൽഫോൻസാമ്മയുടെ തിരുനാൾദിനം ജോ. ഡയറക്റ്റേഴ്സ് ഡെ ആയി ആചരിച്ചുകൊണ്ട് ശാഖാ, മേഖലാ, രൂപത ജോ. ഡയറക്റ്റേഴ്സിന് ആശംസകൾ അറിയിക്കാൻ ശ്രദ്ധിക്കുമല്ലോ.

**ബുള്ളറ്റിൻ**

ശാഖാ, മേഖലാ വാർത്തകൾ ബുള്ളറ്റിനിൽ നൽകാൻ ആഗ്രഹിക്കുന്നവർ എല്ലാ മാസവും 15-ാം തീയതിക്ക് മുമ്പ് രൂപതാ ഓഫീസ് നമ്പറിലേക്ക് (9188241017) അയയ്ക്കുമല്ലോ.

**യൂക്കരിസ്ത്യാ രൂപതാ കൗൺസിൽ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ 2025-26 പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗ്ഗരേഖ പ്രകാശനവും ജൂൺ 21 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ''യൂക്കരിസ്ത്യാ'' എന്ന പേരിൽ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. സന്തോഷ് ഒറവാറന്തറ സ്വാഗതം പറഞ്ഞ ഉദ്ഘാടന ചടങ്ങിന് രൂപതാ പ്രസിഡണ്ട് ടോണി ചെമ്പോട്ടി

ക്കൽ അദ്ധ്യക്ഷത വഹിച്ചു. നടവയൽ ശാഖ ചെറുപുഷ്പ മിഷൻ ലീഗ് അംഗങ്ങൾ പ്രയർഡാൻസ് അവതരിപ്പിച്ചു. തുടർന്ന് രൂപതാ കൗൺസിലും, കഴിഞ്ഞ വർഷത്തെ മികച്ച പ്രവർത്തന ശാഖകൾക്കും മേഖലകൾക്കും, മികച്ച മിഷൻമാസ പ്രവർത്തനങ്ങൾക്ക്, ശാഖ കൾക്കും മേഖലകൾക്കും, 2024 പ്രവർത്തന വർഷത്തിൽ നടത്തിയ വിവിധ മൽസര വിജയികൾക്കുള്ള സമ്മാനവിതരണവും നടന്നു. ശാഖാ ഭാരവാഹികൾ, മേഖലാ ഭാരവാഹികൾ എന്നിവർ പരിപാ ടിയിൽ പങ്കെടുത്തു. കൗൺസിൽ യോഗത്തിനുശേഷം ശാഖാ ജോ.ഡയറക്റ്റേഴ്സ് മീറ്റിങ്ങ്, പ്രസിഡണ്ട് വൈസ് പ്രസിഡണ്ട് മീറ്റിങ്ങ്, സെക്രട്ടറി ജോ. സെക്രട്ടറി മീറ്റിങ്ങ്, ഓർഗനൈസേഴ്സ് മീറ്റിങ്ങ് എന്നിവ നടത്തപ്പെട്ടു. ചടങ്ങിൽ കൊട്ടിയൂർ സെന്റ് സെബാസ്റ്റ്യൻസ് ഇടവാഗംമായ പോടൂർ പി. ജെ സന്തോഷ്, രമ്യ ദമ്പതികളെയും പത്തുമക്കളെയും ചടങ്ങിൽ ആദരിച്ചു.

**ചുങ്കക്കുന്ന് മേഖല**

ചെറുപുഷ്പ മിഷൻലീഗ് ചുങ്കക്കുന്ന് മേഖലാ മിഷൻലീഗ് അംഗങ്ങൾക്കായ് ക്രിസ്റ്റീൻ ധ്യാനം സംഘടിപ്പിച്ചു. കുടുംബ നവീകരണ വർഷത്തിൽ ഭാരവാഹികളുടെ ഭവനങ്ങൾ സന്ദർശിച്ചു. മേഖലാ ഇലക്ഷൻ നടത്തി.

**ശാഖാ വാർത്തകൾ**

**പുതിയിടം കുന്ന്**

സാമുദായിക ദിനത്തോടനുബന്ധിച്ച് ഇടവകയിലെ വിവിധ സംഘടന ഭാരവാഹികളെ ആദരിച്ചു. പതാക ഉയർത്തുകയും എല്ലാവർക്കും മധുരം നൽകുകയും ചെയ്തു. ഇടവാംഗമായ സി. ടെസിൻ പട്ടരുമഠത്തിന് സിൽവർ ജൂബിലി മംഗളങ്ങൾ അറി യിച്ചു. രണ്ടു വർഷക്കാലം ശാഖാ തലത്തിൽ, മിഷൻലീഗ് അംഗ ങ്ങൾക്ക് നേതൃത്വം നൽകിയ സി. അൽഫോൻസയ്ക്ക് യാത്രയയപ്പ് നൽകി.

**പാതിരിപ്പാടം**

പരിസ്ഥിതി ദിനത്തിൽ ഫല വൃക്ഷത്തൈ നടുകയും, ഓൺ ലൈൻ പ്രസംഗമൽസരം നടത്തുകയും വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്തു.

**കൊട്ടിയൂർ**

പ്രവർത്തന വർഷ ഉദ്ഘാടനം വിപുലമായ രീതിയിൽ സംഘ ടിപ്പിച്ചു. അൾത്താര ബാലിക ബാലൻമാരുടെ സംഗമം നടത്തി.

**ദീപ്തിഗിരി**

ശാഖാ ഇലക്ഷൻ നടത്തി. നിർദ്ദന വിദ്യാർത്ഥികൾക്ക് സ്ക്കൂൾ ബാഗുകൾ, കുടകൾ, നോട്ടുബുക്കുകൾ, മറ്റ് പഠനോപകരണങ്ങൾ

എന്നിവ പൊതുജന പങ്കാളിത്തത്തോടെ സമാഹരിച്ച് വിതരണം ചെയ്തു.

**അരിഞ്ചേർമല**

പ്രവർത്തന വർഷ ഉദ്ഘാടനം നടത്തി. പരിസ്ഥിതി ദിനത്തിൽ വൃക്ഷതൈ നട്ടു. പഠനോപകരണ സമർപ്പണം നടത്തി. വചന സ്റ്റാർ ആരംഭിച്ചു. അലഹബാദ് മിഷനിൽ ശുശ്രൂഷ ചെയ്യുന്ന സി. ഫെലിസിറ്റാമ്മ മിഷൻ അനുഭവം പങ്കുവെച്ചു. ഈ വർഷം സന്യാസ വൈദീക ദൈവവിളി സ്വീകരിച്ച രണ്ട് പേർക്ക് പ്രാർത്ഥനാശംസയും സമ്മാനങ്ങളും നൽകി.

**പോരൂർ**

ചെറുപുഷ്പ മിഷൻലീഗ് പോരൂർ ശാഖയുടെ പ്രവർത്തന വർഷ ഉദ്ഘാടനം ബഹു. വികാരിയച്ചനും ഭാരവാഹികളും ചേർന്ന് നടത്തി. മിഷൻലീഗ് അംഗങ്ങൾക്കായി, എസ്.എച്ച് സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ക്രിസ്റ്റീൻ ധ്യാനം നടത്തപ്പെടുകയും മിഷൻലീഗ് അംഗങ്ങളും ഭാരവാഹികളും ധ്യാനത്തിൽ പങ്കെടുക്കുകയും ചെയ്തു. സൺഡേസ്ക്കൂളിലേക്ക് പുതിയതായി കടന്നുവന്ന കുഞ്ഞുങ്ങൾക്ക് മിഷൻലീഗിന്റെ നേതൃത്വത്തിൽ പ്രവേശനോൽസവം നടത്തി. എസ്.എസ് എൽ. സി പരീക്ഷയിൽ എല്ലാ വിഷയത്തിനും ഫുൾ എ പ്ലസ് കരസ്ഥമാക്കിയ കുട്ടിയെ തോമസ് കച്ചിറയിൽ അച്ചൻ മൊമന്റോ നൽകി ആദരിച്ചു.

**കോട്ടത്തറ**

2025-2026 പ്രവർത്തന വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. അൾത്താര ബാലികാ ബാലൻമാർക്ക് പരിശീലനം നൽകി. പത്ത്, പ്ലസ്ടു ക്ലാസുകളിൽ മികച്ച വിജയം നേടിയ കുട്ടികൾക്ക് മൊമന്റോയും ക്യാഷ് അവാർഡും നൽകി ആദരിച്ചു. പരിശുദ്ധാത്മാവിന്റെ വരങ്ങളും ഫലങ്ങളും അടങ്ങിയ പടങ്ങൾ ട്രീയിൽ പ്രദർശിപ്പിക്കുകയും എല്ലാ കുട്ടികൾക്കും പരിശുദ്ധാത്മാവിന്റെ ചിത്രങ്ങൾ നൽകുകയും ചെയ്തു. പഠനോപകരണങ്ങൾ ശേഖരിച്ച് സാമ്പത്തികമായി വിഷമിക്കുന്ന കുട്ടികൾക്ക് വിതരണം നടത്തി. ഇടവക മദ്ധ്യസ്ഥന്റെ തിരുനാളിന് ആശംസ പോസ്റ്റർ തയ്യാറാക്കി ഗ്രൂപ്പിൽ പോസ്റ്റ് ചെയ്തു. പ്രവർത്തനവർഷം ഉദ്ഘാടനം നടത്തി.

**ഏലപ്പീടിക**

മിഷൻലീഗിന്റെ പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു. കുട്ടികളെ രണ്ട് ഗ്രൂപ്പുകളായി തിരിച്ചു. പന്തക്കുസ്താ ദിനത്തിനായി കുട്ടികളെ ഒരുക്കി. പരിശുദ്ധാത്മാവിന്റെ ദാനങ്ങളെയും ഫലങ്ങളെയും കുറിച്ച് സി. എമിലി ക്ലാസെടുത്തു.

**കരിമ്പിൽ**

ശാഖാ എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുക്കുകയും, ശാഖയിൽ പ്രവർത്തന വർഷത്തിന് തുടക്കം കുറിക്കുകയും ചെയ്തു. പുതിയതായി കടന്നുവന്ന കുഞ്ഞുങ്ങൾക്കായി പ്രവേശനോൽസവം സംഘടിപ്പിച്ചു. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഭവനങ്ങളിൽ വൃക്ഷതൈകൾ നട്ടു. കുടുംബവർഷത്തോടനുബന്ധിച്ച് നടത്തിയ 13 മണിക്കൂർ ആരാധനയിൽ ശാഖാ ഭാരവാഹികളും, മിഷൻലീഗ് അംഗങ്ങളും പങ്കെടുത്ത് പ്രാർത്ഥിച്ചു. പന്തക്കുസ്താദിനം ആഘോഷിക്കുകയും വരദാന ഫലങ്ങൾ അടങ്ങിയ കാർഡുകൾ എല്ലാവർക്കും നൽകുകയും ചെയ്തു. പിതൃദിനം ആചരിക്കുകയും എല്ലാ പിതാക്കൻമാരെയും ആദരിക്കുകയും ചെയ്തു.

**നടവയൽ**

ചെറുപുഷ്പ മിഷൻലീഗ് നടവയൽ ശാഖ പ്രവർത്തന വർഷ ഉദ്ഘാടനം, രൂപതാ വൊക്കേഷൻ പ്രമോട്ടർ ഫാ. അഭിഷേക് കത്തണ്ടിൻകര ഉദ്ഘാടനം ചെയ്തു. പിതൃദിനത്തോടനുബന്ധിച്ച് നടവയൽ ശാഖ ഓസാന ഭവനിലെ പിതാക്കൻമാരെ സന്ദർശിക്കുകയും അവർക്ക് പലഹാരങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. കുട്ടികളുടെ പിതാക്കൻമാരോടൊത്തുള്ള സെൽഫികൾ ശേഖരിച്ച് വീഡിയോ പ്രദർശനം നടത്തി. പിതാക്കൻമാർക്ക് ആശംസകൾ അർപ്പിച്ചുകൊണ്ടുള്ള വീഡിയോയിൽ ജോഷ് പതിക്കൽ സംസാരിച്ചു.

**പാടിച്ചിറ**

ചെറുപുഷ്പ മിഷൻലീഗ് പാടിച്ചിറ ശാഖയിലെ മിഷൻലീഗ് അംഗങ്ങൾക്കായി ക്രിസ്റ്റീൻ ധ്യാനം നടത്തി. സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു. കുട്ടികൾക്കായി അവധിക്കാല വിനോദയാത്ര നടത്തി. രോഗീസന്ദർശനം നടത്തുകയും സഹായമായി 5000 രൂപ നൽകുകയും ചെയ്തു. സെമിനാരി വിദ്യാർത്ഥികളുടെ ഭവനം സന്ദർശിച്ച് പ്രാർത്ഥിച്ചു.

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത 2025-26 പ്രവർത്തനവർഷം പുതിയ രൂപതാ നേതൃത്വത്തിന്റെ കീഴിൽ ആരംഭിച്ച വിവരം സന്തോഷത്തോടെ അറിയിക്കട്ടെ. അതോടൊപ്പം ജൂൺ ആദ്യവാരത്തോടെ മേഖലാ, ശാഖാതല പ്രവർത്തനങ്ങൾ ആരംഭിച്ചതിൽ ഏവരെയും അഭിനന്ദിക്കുന്നു. ഒരു പുതിയ പ്രവർത്തന വർഷത്തിലേക്ക് പ്രവേശിക്കുന്ന ഏവർക്കും ദൈവാനുഗ്രഹങ്ങൾ നേരുന്നതോടൊപ്പം നമുക്ക് ഒരേ മനസോടെ, ഹൃദയത്തോടെ മുന്നേറാം.

**ജോൺ പുല്ലാപ്പിള്ളിൽ (**സെക്രട്ടറി)

# തിരുബാലസഖ്യം

വിശുദ്ധർ : വി. മരിയഗൊരേത്തി, വി. അൽഫോൻസാമ്മ
തിരുനാൾ : ദുക്റാന തിരുനാൾ
നിയോഗം : രോഗികൾക്കുവേണ്ടി
സുകൃതജപം : എന്റെ ദൈവമേ എന്റെ ആശ്രയമേ
വചനം : വഴിയും സത്യവും ജീവനും ഞാനാകുന്നു. (യോഹ. 14-6)

ബാലനായ ഈശോയുടെ കൊടിക്കീഴിൻ അണിനിരക്കുന്ന കത്തോലിക്ക ബാലികാ ബാലൻമാരുടെ അഖിലലോക സംഘടനയാണ് തിരുബാലസഖ്യം. "കുഞ്ഞുങ്ങൾ കുഞ്ഞുങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ, കുഞ്ഞുങ്ങൾ കുഞ്ഞുങ്ങളെ സഹായിക്കട്ടെ" എന്ന വാക്യത്തോടെ പുതിയ പ്രവർത്തന വർഷത്തിന് തുടക്കം കുറിച്ചു. 2025 ജൂൺ 21-ാം തീയതി മാനന്തവാടി രൂപതാ മെത്രാൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് ഉദ്ഘാടനം നിർവഹിച്ചു. "ഉണ്ണിക്കൂട്ടം" 2025-2026 എന്ന തിരുബാലസഖ്യ സംഘടനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാശനം ചെയ്തു. ഡയറക്ടർ ഫാ. സന്തോഷ് ഒറവാറന്തറ, ജോ. ഡയറക്ടർ സി. ആൻ ഫിലിപ്പ് എസ്.സി.വി, പ്രസിഡണ്ട് വിനോദ് മാത്യു ഓലേടത്ത്, സെക്രട്ടറി ജോണി കൊന്നയിൽ, ഓർഗനൈസർ ജോർജ്ജ് തെക്കേതൊട്ടിയിൽ എന്നിവർ രൂപതാ തലത്തിൽ തിരുബാലസഖ്യത്തെ നയിക്കുവാനുള്ള നേതൃത്വം ഏറ്റെടുത്തു.

**ജൂലൈ മാസത്തിൽ ഇടവക തലത്തിൽ ചെയ്യേണ്ട പ്രവർത്തനം**
**പ്രസംഗ മൽസരം**

വി. തോമാശ്ലീഹായുടെയും, വി. അൽഫോൻസാമ്മയുടെയും തിരുനാളിനോട് അനുബന്ധിച്ച് പ്രസംഗമൽസരം ശാഖാ തലത്തിൽ നടത്തുക.

വിഷയം : വിശ്വാസികളുടെ പിതാവ് (ആൺകുട്ടികൾ)
സഹനത്തിന്റെ പുണ്യപുത്രി (പെൺകുട്ടികൾ)

വിശുദ്ധരുടെ ജീവിതത്തെപ്പറ്റി കുട്ടികൾക്ക് ഉൾക്കാഴ്ച ലഭിക്കുന്ന രീതിയിലുള്ള ഡോക്യുമെന്ററികൾ കാണിക്കുക. ഇത്തരത്തിലുള്ള പ്രവർത്തികൾ വഴി ജൂലൈ മാസം കുഞ്ഞുങ്ങൾ പ്രവർത്തന നിരതരാകട്ടെ.

**അജീറ്റ കന്നുകെട്ടിയിൽ**
രൂപതാ സെക്രട്ടറി

# Department of Youth Ministry

**പുത്തൻ ഉണർവോടെ ലൈഫ് വിദ്യാർത്ഥികൾ**

പുതിയ അധ്യായന വർഷത്തിലേക്ക് പ്രവേശിക്കുന്നതിന് മുൻപ് പ്രാർത്ഥിച്ചു ഒരുങ്ങുവാൻ ലൈഫ് വിദ്യാർത്ഥികൾ 2025 മെയ് 30-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം നാലുമണി മുതൽ 31-ാം തീയതി ശനിയാഴ്ച വൈകുന്നേരം 4 മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിലുള്ള യൂത്ത് മിനിസ്ട്രി ഓഫീസിൽ ഒത്തു ചേർന്നു. 33 വിദ്യാർത്ഥികൾ പങ്കെടുത്ത ഈ ക്യാമ്പിൽ ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, സി. ആൻസി തോമസ് സിഎംസി, സി. ഷിജി മരിയ സിഎംസി എന്നിവർ ക്ലാസുകൾ നയിച്ച് നേതൃത്വം നൽകി. ഫാ. തോമസ് ഞള്ളമ്പുഴ ആരാധനയ്ക്ക് നേതൃത്വം നൽകി. സീനിയർ വിദ്യാർത്ഥികളായ അലൻ ജോസഫ് ജോയ്, ഹെലേന ജോൺസൺ എന്നിവർ തങ്ങളുടെ പഠന, ആത്മീയ അനുഭവങ്ങൾ വിദ്യാർത്ഥികളുമായി പങ്കുവെച്ചു. പുതുവർഷത്തേക്ക് നല്ല തീരുമാനങ്ങളും പദ്ധതികളുമായി പ്രാർത്ഥിച്ച് ഒരുങ്ങി ക്യാമ്പ് അവസാനിച്ചു.

**ലൈഫ് ട്രെയിനിങ് ജൂൺ**

2025 ജൂൺ മാസത്തെ ലൈഫ് ട്രെയിനിങ് ക്യാമ്പ് 13-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം ആറുമണിക്ക് ആരംഭിച്ച് പതിനാലാം തീയതി ശനിയാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിച്ചു. ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്ന ക്യാമ്പിൽ 24 വിദ്യാർഥികൾ പങ്കുചേർന്നു. യൂത്ത് മിനിസ്ട്രി ടീം ക്യാമ്പിന് നേതൃത്വം നൽകി. ഫാ. തോമസ് ഞള്ളമ്പുഴ, ഫാ. ലാൽ ജേക്കബ് പൈനുങ്കൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

**അനുദിന ഗൂഗിൾ മീറ്റ്**

2025 ജൂൺ മാസം ഒന്നാം തീയതി മുതൽ ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികൾക്ക് പരിശീലനത്തിന്റെ ഭാഗമായി ഞായർ ഒഴികെ എല്ലാ ദിനങ്ങളിലും രാവിലെ 5.15 ന് ഗൂഗിൾ മീറ്റ് വഴി വിദ്യാർത്ഥികൾ ഒന്നുചേരുന്നു. അനുദിന സന്ദേശങ്ങൾ, പ്രാർത്ഥന,

ഇവയിലൂടെ ഓരോ ദിനവും നല്ല തുടക്കം കുറിക്കാൻ വിദ്യാർത്ഥി കൾക്ക് കഴിയുന്നു. യൂത്ത് മിനിസ്ട്രി ടീമും സീനിയർ വിദ്യാർത്ഥി കളും ഇതിന് നേതൃത്വം നൽകുന്നു.

**അനുമോദനങ്ങൾ**

NEET പരീക്ഷയിൽ യോഗ്യത നേടിയ ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികളായ സെറിൻ ആൻ രാജേഷ് ചുങ്കക്കുന്ന്, ആഷ്ലിൻ എലിസബത്ത് പൂക്കോട്ടുമ്പാടം, അലൻ ജോസഫ് ജോയി ചുങ്കക്കുന്ന് എന്നിവർക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. SSLC പരീക്ഷയ്ക്കും, പ്ലസ് ടു പരീക്ഷക്കും ഉന്നത വിജയം കരസ്ഥമാക്കിയ എല്ലാ ലൈഫ് വിദ്യാർത്ഥികൾക്കും അനുമോദനങ്ങൾ.

**സി.ആൻസി തോമസ് സി.എം.സി**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം

**ആത്മജ്വാല**

കെ.സി.വൈ. എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ പന്തക്കുസ്താ തിരുനാളിനോട് അനുബന്ധിച്ച് ആത്മജ്വാല ജാഗരണ പ്രാർത്ഥന ബത്തേരി അസംപ്ഷൻ ഫൊറോന ദേവാലയത്തിൽ വെച്ച് നടത്തപ്പെട്ടു. ജപമാല, വചന സന്ദേശം, ജീവിതാനുഭവം സാക്ഷ്യങ്ങൾ, കുരിശിന്റെ വഴി, കുമ്പസാരം, കുർബാന എന്നിവയിലൂടെ യുവജനങ്ങൾ ആത്മജ്വാലയിൽ സജീവമായി പങ്കെടുത്തു. കെ.സി.വൈ.എം ബത്തേരി മേഖല ആതിഥേയത്വം വഹിച്ചു. ദ്വാരക സീയോൻ ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. ജിന്റോ തട്ടുപറമ്പിൽ ജാഗരണ പ്രാർത്ഥന നയിച്ചു. രൂപത ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ, പ്രസിഡന്റ് ശ്രീ ബിബിൻ പിലാപ്പിള്ളിൽ, മേഖല ഡയറക്ടർ ഫാ. ജെയ്സൺ കള്ളിയാട്ട്, മേഖല പ്രസിഡന്റ് അമൽ തൊഴുത്തുങ്കൽ, ആനിമേറ്റർ സി. നാൻസി കാവുങ്കൽ എസ്.എ.ബി.എസ്, സംസ്ഥാന സെനറ്റ് അംഗങ്ങൾ, രൂപത സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങൾ, ബത്തേരി മേഖല ഭാരവാഹികൾ, ഫൊറോന വികാരി റവ. ഫാ. തോമസ് മണക്കുന്നേൽ, അസി. വികാരി ഫാ. ജൂഡ് വട്ടക്കുന്നേൽ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**പ്രവർത്തന മാസാചരണം**

കെ.സി.വൈ.എം പ്രവർത്തന മാസാചരണം മെയ് 1 മുതൽ മെയ് 31 വരെ സംഘടിപ്പിച്ചു. യൂണിറ്റ് തലങ്ങളിൽ പതാക ഉയർത്തി പ്രവർത്തനമാസത്തിന് തുടക്കം കുറിച്ചു.

**പുലർമഞ്ഞ്**

കെ സി വൈ എം സംസ്ഥാന സമിതിയുടെ ലീഡർഷിപ്പ് ക്യാമ്പ് ‘‘പുലർമഞ്ഞ്’’ഇടുക്കി രൂപതയിൽ വച്ച് നടത്തപ്പെട്ടു. രൂപതയെ പ്രതിനിധീകരിച്ച് രൂപത ട്രഷറർ നവീൻ ജോസ് പുലക്കുടിയിൽ, അലൻ കപ്യാരുമലയിൽ, ആഷ്‌ലി പുത്തൂർ, അലീന കുറിയിടത്ത് എന്നിവർ പങ്കെടുത്തു.

**ടാസ്ക് ഫോഴ്സ്**

മഴ കനത്ത് വരുന്ന സാഹചര്യത്തിൽ രൂപതയുടെ വിവിധ മേഖലകളിൽ ടാസ്ക് ഫോഴ്സിന് ആരംഭം കുറിക്കുകയും, ഏതൊരു സാഹചര്യത്തിലും സജ്ജരായി രൂപതാ തലത്തിൽ 65 അംഗ ടാസ്ക് ഫോഴ്സ് ലീഡേഴ്സ് ടീമിനെ സജ്ജമാക്കി.

**ഗ്രീൻ ഫ്യൂച്ചർ**

പരിസ്ഥിതി വാരാചരണത്തിന്റെ ഭാഗമായി ജൂൺ ഒന്നു മുതൽ

ഏഴ് വരെ ഗ്രീൻ ഫ്യൂച്ചർ എന്ന പേരിൽ യുണിറ്റുകൾക്കായി ചലഞ്ച് സംഘടിപ്പിച്ചു.

**ആശംസകൾ**

ആഗോള കത്തോലിക്കാ സഭയുടെ പരമാധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ട ലെയോ പതിനാലാമൻ മാർപാപ്പയ്ക്ക് രൂപതാ കുടുംബത്തിന്റെ ആശംസകൾ അറിയിച്ചു. കർത്താവിന്റെ സ്വർഗ്ഗാരോഹണം, പന്തക്കുസ്താ തിരുനാളുകളുടെ ആശംസകൾ നേർന്നു.

**ദിനാചരണങ്ങൾ**

പുകയില വിരുദ്ധദിനം, ലോക മാതൃദിനം, പരിസ്ഥിതി ദിനം എന്നീ ദിനങ്ങൾ ആചരിച്ചു.

**ബൈബിൾ കഫേ**

കെ.സി.വൈ.എം മാനന്തവാടി രൂപത ഒരുക്കുന്ന "ബൈബിൾ കഫേ" വിശുദ്ധ ഗ്രന്ഥത്തെ ആഴമായി മനസിലാക്കാനും പഠിക്കാനും വചനത്തെ സ്നേഹിക്കാനും പ്രചോദിപ്പിക്കുന്ന പരമ്പര ഗുഡ്നെസ്സ് ടി.വി. ചാനലിൽ ആരംഭിച്ചു.

**നന്ദിയോടെ**

യുവജനങ്ങൾക്ക് ശക്തിയും കരുതലും നൽകി ചേർത്ത് നിർത്തി കെ.സി.വൈ.എം പ്രസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ ഡയറക്ടർമാരായി സേവനം ചെയ്ത് പുതിയ ഇടങ്ങളിലേക്ക് സ്ഥലം മാറിപ്പോകുന്ന ഫാ. സുനിൽ മഠത്തിൽ (മണിമൂളി), ഫാ. സോണി വടയാപറമ്പിൽ (നടവയൽ), ഫാ. മനോജ് കറുത്തേടത്ത് (മുള്ളൻക്കൊല്ലി), ഫാ. സന്തോഷ് ഒറവാറന്തറ (ചുങ്കക്കുന്ന്), ഫാ. നിധിൻ പാലക്കാട്ട് (മാനന്തവാടി) ഫാ. നിഷ്വിൻ തെൻപള്ളിയിൽ (നിലമ്പൂർ), ഫാ. ജെയ്സൺ കള്ളിയാട്ട് (ബത്തേരി) എന്നീ അച്ചന്മാർക്കും, മേഖല ആനിമേറ്റർമാരായിരുന്ന സി. ആഷ്ലി സി.എം.സി (നടവയൽ), സി. ജിനി എഫ്.സി.സി. (മാനന്തവാടി) സി. ജോസി എഫ്.സി.സി. (പയ്യമ്പള്ളി), സി. രഞ്ജിത എഫ്.സി.സി (ദ്വാരക), സി. സൂര്യ എസ്.കെ.ഡി. (ചുങ്കക്കുന്ന്), സി. എൽസി എസ്.എച്ച് (കൽപ്പറ്റ), സി. ആൻസ്മരിയ എസ്.എ.ബി.എസ് (മുള്ളൻക്കൊല്ലി), സി. സിസിലി എസ്. എച്ച് (തരിയോട്), സി. ക്രിസ്റ്റീന എസ്.എച്ച് (മണിമൂളി), എന്നിവർക്കും രണ്ടു വർഷക്കാലം ഡയറക്ടേഴ്സിന്റെ പ്രതിനിധിയായി രൂപതാ സിൻഡിക്കേറ്റ് അംഗമായി സ്തുത്യർഹമായ സേവനം ചെയ്ത നിധിൻ പാലക്കാട്ടച്ചനും നന്ദി അറിയിക്കുന്നു. എല്ലാവർക്കും പുതിയ പ്രേഷിത മേഖലകളിൽ എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നു.

**സ്വാഗതം**

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ ആനിമേറ്ററായി നിയമിതയായ സി. റോസ് ടോം ഒറ്റപ്ലാക്കൽ എസ്.എ.ബി.എസ് ന് പ്രസ്ഥാനത്തിന്റെ കർമ്മവീഥിയിലേക്കു സ്വാഗതം. വിവിധ മേഖല

കളിൽ പുതിയതായി ഡയറക്ടർമാരായി നിയമിതരായിരിക്കുന്ന ഫാ. ജോജോ ഔസേപ്പറമ്പിൽ (മുള്ളൻക്കൊല്ലി), ഫാ. ജെയ്മോൻ കള മ്പുകാട്ട് (നടവയൽ), ഫാ. ക്ലിന്റോ പുലിക്കുന്നേൽ അസി. ഡയറക്ടർ (നടവയൽ), ഫാ. പ്രദീഷ് കിഴക്കൻപുതുപ്പള്ളി (ചുങ്കക്കുന്ന്), ഫാ. ഷിജോ വേനക്കുഴിയിൽ (മണിമൂളി), ഫാ. അനീഷ് ആലുങ്കൽ (ബത്തേരി), ഫാ.ജിബിൻ വട്ടുകുളത്തിൽ (നിലമ്പൂർ), ഫാ. സനീഷ് വടാശ്ശേരി (മാനന്തവാടി) എന്നീ അച്ചന്മാർക്കും, മാനന്തവാടി രൂപതാ സിൻഡിക്കേറ്റിൽ ഡയറക്ടേഴ്സ് പ്രതിനിധിയായി നിയമിതനായിരി ക്കുന്ന ഫാ. വിനോയി കളപ്പുരക്കൽ അച്ചനും സ്വാഗതവും ആശം സകളും.

**ജന്മദിനാശംസകൾ**

ഫാ. വർഗീസ് കണിപ്പിള്ളിൽ നീലഗിരി മേഖല ഡയറക്ടർ, സി. നാൻസി കാവുങ്കൽ എസ്.എ.ബി.എസ്. ബത്തേരി മേഖല ആനിമേറ്റർ, രൂപതാ സിൻഡിക്കേറ്റ് അംഗം, ശ്രീ. റ്റിജിൻ വെള്ളപ്ലാക്കിൽ സംസ്ഥാന, രൂപതാ സിൻഡിക്കേറ്റ് അംഗം എന്നിവർക്ക് ജന്മദിനാശം സകൾ നേർന്നു.

**മേഖലാ വാർത്തകൾ**

**മാനന്തവാടി മേഖല**

പതാക ഉയർത്തി പ്രവർത്തനമാസം ഉദ്ഘാടനം ചെയ്തു. തൊഴിലാളി മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ ആശംസകൾ അറിയിച്ചു. മേഖലയുടെ നേതൃത്വത്തിൽ സ്പോർട്സ് മീറ്റ് സംഘടിപ്പിച്ചു. മേഖലാ ഡയറക്ടർ നിധിൻ പാലക്കാട്ടച്ചനും, ആനിമേറ്റർ സി. ജിനി എഫ്.സി.സി.ക്കും യാത്രാമംഗളങ്ങൾ ആശംസിച്ചു. ലഹരിക്കെതിരായി മുദ്രാവാക്യ രചനാ, അടിക്കുറിപ്പ് മത്സരങ്ങൾ നടത്തി. പഠനത്തിനായി സാമ്പത്തീക ബുദ്ധിമുട്ട നുഭവിക്കുന്ന വിദ്യാർത്ഥികൾക്കായി പഠനോപകരണങ്ങൾ നല്കാൻ നൂറു രൂപ ചലഞ്ച് സംഘടിപ്പിച്ചു. മേഖലയുടെ നേതൃത്വത്തിൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. വി. കുർബാനയുടെ പ്രാധാന്യം, ലഹരിയുടെ ദുരുപയോഗം തുടങ്ങിയ വിഷയങ്ങളിൽ കുട്ടികൾക്ക് ക്ലാസ്സെടുത്തു. തവിഞ്ഞാൽ ടൗൺ പരിസരം വൃത്തിയാക്കി.

**യൂണിറ്റ് വാർത്തകൾ**

**കൊട്ടിയൂർ**

പ്രവർത്തനമാസ വിളംബര ബൈക്ക് റാലി നടത്തി. സിമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു. കിടപ്പു രോഗികളെയും വയോധികരെയും സന്ദർശിച്ചു. യാചകരായിട്ടുള്ളവർക്കും, നിരാലംബരായവർക്കും ഭക്ഷ്യകിറ്റ് വിതരണം ചെയ്തു. എന്റെ ഗ്രാമം പദ്ധതിയുടെ ഭാഗമായി ഫോട്ടോഗ്രാഫി, കഥാരചന, ചിത്രരചനാ മത്സരങ്ങൾ നടത്തി. അൾത്താര ശുശ്രൂഷികൾ, കപ്യാർ, സിസ്റ്റേഴ്സ് എന്നിവരെ ആദരിച്ചു. ലഹരിവിരുദ്ധ പോസ്റ്റർ മത്സരം നടത്തി. പ്രവർത്തനമാസാ

ചരണത്തിന്റെ ഭാഗമായി ചപ്പമല, കണ്ടപ്പുനം കപ്പേളകളിൽ പതാക ഉയർത്തി. എൽ.എസ്.ടി.പി കോൺവെന്റ്, മരിയ ഭവൻ സന്ദർശിച്ച് പ്രാർത്ഥിച്ചു. ലോക സമാധാനം, പ്രദേശവാസികൾ, യുവജനങ്ങൾ എന്നിവർക്കായി ജപമാല ചൊല്ലിയും ആരാധനാ നടത്തിയും പ്രാർത്ഥിച്ചു.

**പാതിരിപ്പാടം**

യുവജനങ്ങളുടെ നേതൃത്വത്തിൽ യൂണിറ്റ് ആനിമേറ്റർ സി. സ്റ്റെല്ലയ്ക്ക് യാത്രയയപ്പ് നൽകി. പുതിയ പ്രേഷിത മേഖലയിൽ വിജയാശംസകളും നേർന്നു. മെമന്റോ നൽകി ആദരിച്ചു. ശ്രീ. അബിൻ പാണേങ്ങാടിനെ പുതിയ യൂണിറ്റ് പ്രസിഡന്റായും, സനിൽ ഒറവാറന്തറയെ ട്രെഷററായും തിരഞ്ഞെടുത്തു.

**ചുള്ളിയാന**

പ്രവർത്തന മാസാചരണം നടത്തി. യുവജനങ്ങൾക്കായി കവിതാരചന, ഫോട്ടോഗ്രാഫി മത്സരം നടത്തി. എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷയിൽ വിജയികളായവരെ ആദരിച്ചു. കെ.സി.വൈ.എം ആനിമേറ്റർ സി. ലൂസി ജോസ് എസ്.എച്ച് ന് യാത്രയയപ്പു നൽകി. പുതിയതായി സി. അനിത എസ്.എച്ച് നെ സ്വാഗതം ചെയ്തു.

**ദ്വാരക**

പ്രവർത്തന മാസാചരണം നടത്തി. രോഗീസന്ദർശനം നടത്തി. ലഹരിക്കെതിരെ ഉപന്യാസ മത്സരം നടത്തി. വേൾഡ് റെഡ്ക്രോസ് ദിനത്തിൽ ജെ.ആർ.സി.വിദ്യാർത്ഥികൾക്ക് ആശംസകൾ നേർന്നു. പള്ളിയും പരിസരവും വൃത്തിയാക്കി. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി വൃക്ഷത്തൈകൾ നട്ടു.

**ചുങ്കക്കുന്ന്**

പ്രവർത്തനമാസാചരണം 'ഏൽനാഥൻ' ഉദ്ഘാടനം ചെയ്തു. കമ്മില്ലസ് ഹോസ്പിറ്റൽ, ഗവൺമെന്റ് ആയുർവേദ ഹോസ്പിറ്റൽ പരിസരം, പാൽചുരം സൈൻ ബോർഡ്, പുഴ എന്നിവ വൃത്തിയാക്കി. മാധ്യമ സ്വാതന്ത്ര്യദിനത്തിൽ പ്രാദേശിക വാർത്താ ചാനൽ ആരംഭിച്ചു. ആനിമേറ്റർ സി. ഡെയ്സി എസ്.എച്ച് ന് യാത്രയയപ്പ് നൽകി. ലോക മാതൃദിനം, ഫാമിലി ദിനം, എന്നീ ദിനങ്ങളുടെ ആശംസകൾ അറിയിച്ചു. ആന്റി ടെററിസം ഡേ, യോഗ ദിനം എന്നീ ദിനങ്ങൾ ആചരിച്ചു. പുകയില വിരുദ്ധദിനം ആചരിച്ചു, വേൾഡ് ഡെങ്കു ദിനത്തിൽ മഴക്കാലരോഗ ബോധവൽക്കരണ ക്ലാസ് നടത്തി. ഇന്റർ നാഷണൽ ബയോളോജിക്കൽ ഡേയിൽ ഔഷധസസ്യ വിതരണം നടത്തി. ചുങ്കക്കുന്ന് ടൗണിൽ ലഹരിവിരുദ്ധ ബോധവത്കരണ സന്ദേശം നൽകി. ലഹരിക്കെതിരെ കോലം കത്തിച്ച് പ്രതിഷേധിച്ചു. കണ്ണൂർ ജില്ലയിലെ ഏറ്റവും മികച്ച ജൈവകർഷകൻ ശ്രീ. മനോജ് വെള്ളമാക്കലിനെ ആദരിച്ചു.

**ശാന്തിഗിരി**

മാതാവിന്റെ വണക്കമാസ പോസ്റ്ററുകൾ പങ്കുവെച്ചു. പതാക ഉയർത്തി പ്രവർത്തന മാസാചരണത്തിന് തുടക്കം കുറിച്ചു. കഴിഞ്ഞ

വർഷങ്ങളിലെ സ്തുത്യർഹ സേവനങ്ങൾക്കുശേഷം സ്ഥലം മാറിയ ആനിമേറ്റർ സി. മരിയ എഫ് .സി.സി. ക്ക് പ്രാർത്ഥനാശംസകൾ. പുതിയ അനിമേറ്റർ സി. ആൻസ് എഫ്.സി.സി. യെ സ്വാഗതം ചെയ്തു. ലഹരിവിരുദ്ധ പോസ്റ്റർ തയ്യാറാക്കി. ലോക നേഴ്സ് ദിനാശംസകൾ അറിയിച്ചു. മൂന്ന് വർഷത്തെ അജപാലന ശുശ്രൂഷകൾക്ക് ശേഷം മാനന്തവാടി രൂപതയുടെ സി.എം.എൽ ന്റെ ഡയറക്ടറായി നിയമിത നായിരിക്കുന്ന ബഹു. സന്തോഷച്ചന് യത്രാമംഗളവും സ്നേഹോ പകാരവും നൽകി. കെ.സി.വൈ.എം ന്റെ നേതൃത്വത്തിൽ നിധിൻ പാലക്കാട്ടച്ചനെ സ്വാഗതം ചെയ്തു. അറിവിന്റെ പുതുലോക ത്തേയ്ക്കു വിദ്യാലയത്തിന്റെ ആദ്യപടികൾ കയറുന്ന കുട്ടികൾക്ക് ആശംസകൾ അറിയിച്ചു. ഗ്രീൻ ഫ്യൂച്ചറോടനുബന്ധിച്ച് ഒരാഴ്ചത്തെ വാരാചരണം നടത്തി.

**തൃക്കൈപ്പറ്റ**

പ്രവർത്തന മാസാചരണം ഉദ്ഘാടനം ചെയ്തു. ഇടവകയിലെ എല്ലാ യുവജനങ്ങളുടെയും സംഗമം നടത്തി. തൃക്കൈപ്പറ്റ ഗ്രാമത്തിലെ ഏറ്റവും മികച്ച ക്ഷീര കർഷകനെയും സൺഡേ സ്കൂൾ പ്ലസ് ടു, പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ ഹെൻഡ്രി മണിക്കുറ്റിയിലിനെയും ആദരിച്ചു. ഇടവകയുടെ സമീപമുള്ള തോടും പരിസരവും, സിമിത്തേരിയും വൃത്തിയാക്കി. തൃക്കൈപ്പറ്റ ഗ്രാമത്തിന്റെ സൈഡിലുള്ള പ്ലാസ്റ്റിക്കുകൾ നിർമാർജ്ജനം ചെയ്തു. എസ്.എസ് എൽ.സി. പരീക്ഷയിൽ ഉന്നത വിജയം നേടിയവരെ ആദരിച്ചു. നേഴ്സസ് ദിനത്തോടനുബന്ധിച്ച് നേഴ്സുമാരെ ആദരിച്ചു. ലഹരി വിരുദ്ധ സെമിനാറും ബോധവൽക്കരണ ക്യാമ്പയിനും നടത്തി. സ്റ്റാറ്റസ് വീഡിയോകൾ തയ്യാറാക്കി പങ്കുവച്ചു. ആനിമേറ്റർ സി. ജാൻസി പോളിന് യാത്രാമംഗളങ്ങൾ നേർന്നു. വൃക്ഷതൈകൾ നട്ടു പരിസ്ഥിതി ദിനം ആചരിച്ചു. സമർപ്പിത ദിനം, ദൈവവിളി ദിനം, മതാധ്യാപക ദിനം, വൈദീക ദിനം എന്നീ ദിനങ്ങൾ ആചരിച്ചു.

**ചോക്കാട്**

പതാക ഉയർത്തി പ്രവർത്തന മസാചരണത്തിന് തുടക്കം കുറിച്ചു. ഇടവകയിൽ ആത്മസ്ഥിതി രജിസ്ട്രേഷൻ ചെയ്യാൻ അറിയാത്തവർക്ക് അവരുടെ വിവിരങ്ങൾ ശേഖരിച്ച് നൽകി.

**നിലമ്പൂർ**

വീടുകളിലുള്ള പഴയ ബൈബിൾ, പ്രാർത്ഥന പുസ്തകങ്ങൾ, നോട്ട്ബുക്ക് ന്യൂസ്പേപ്പേഴ്സ് എന്നിവ ശേഖരിച്ച് എഫാത്ത മിഷന് കൈമാറി. യുവജനങ്ങൾ എല്ലാവരും ചേർന്ന് ഒരു ചെറിയ ടൂർ സംഘടിപ്പിച്ചു. രണ്ടു വർഷക്കാലത്തെ സ്തുത്യർഹ സേവനത്തിനു ശേഷം സ്ഥലം മാറി പോകുന്ന യൂണിറ്റ് ഡയറക്ടർ ജെയ്സൺ കുഴികണ്ടത്തിലച്ചന് യാത്രയയപ്പ് നൽകി. ഇടവകയിലേക്കു പുതുതായി കടന്നു വന്ന ഡയറക്ടർ സെബാസ്റ്റ്യൻ പുത്തേൻ അച്ചനെ സ്വാഗതം ചെയ്തു.

**വിമൽ കൊച്ചുപുരക്കൽ** (ജനറൽ സെക്രട്ടറി)

## വിവാഹ ഒരുക്ക കോഴ്സ്

ജൂൺ മാസത്തിൽ 13 മുതൽ 15 വരെ നടന്ന വിവാഹ ഒരുക്ക കോഴ്സിൽ 54 പേർ പങ്കെടുത്തു. ജൂലൈ മാസത്തിൽ വിവാഹ ഒരുക്ക കോഴ്സ് 11,12,13 തീയതികളിലും, ആഗസ്റ്റ് മാസത്തിൽ വിവാഹ ഒരുക്ക കോഴ്സ് 8,9,10 തീയതികളിലും നടത്തപ്പെടുന്നു.

## രൂപതാ വാർത്തകൾ

### മാതൃവേദി

പരിശുദ്ധ ദൈവമാതാവിന്റെ വണക്കത്തിനായി മെയ് 1 മുതൽ 31 വരെ കുടുംബങ്ങളിൽ വണക്കമാസം വായിച്ച് പ്രാർത്ഥിക്കുകയും മെയ് 31 ന് മാതാവിനെ അലങ്കരിക്കൽ മത്സരം യൂണിറ്റ് തലത്തിൽ നടത്തുകയും മികച്ചത് മേഖലയ്ക്ക് നൽകുകയും ചെയ്തു. മേഖലാ തലത്തിൽ ഒന്നാം സ്ഥാനത്തിന് അർഹമാകുന്നവർക്ക് രൂപത സമ്മാനങ്ങൾ നൽകും. നേഴ്സസ് ദിനത്തോടനുബന്ധിച്ച് ഓരോ യൂണിറ്റിലെയും നേഴ്സുമാരെ ആദരിക്കാൻ നിർദ്ദേശം നൽകി. രൂപതാ എക്സിക്യൂട്ടീവ് അംഗവും നേഴ്സുമായ ശ്രീമതി മേഴ്സി ചക്കാലക്കലിനെ രൂപതാ ഡയറക്ടർ റവ. ഫാ. ബിനു വടക്കേൽ പൂച്ചെണ്ട് നൽകി ആദരിച്ചു. സമ്പൂർണ്ണ ബൈബിൾ പാരായണ ത്തിന്റെ ഭാഗങ്ങളും നിയോഗ പ്രാർത്ഥനയും ഉൾക്കൊള്ളുന്ന സാന്താ മോനിക്ക പ്രാർത്ഥന എല്ലാ ദിവസവും രൂപതാ തലത്തിൽ തയ്യാറാക്കി എല്ലാ മേഖലകൾക്കും യൂണിറ്റുകൾക്കും നൽകി വരുന്നു. മെയ് 13 ന് രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി.

### നന്ദി

കഴിഞ്ഞ വർഷങ്ങളിൽ മാതൃവേദി മേഖലാ ഡയറക്ടർമാരായി സേവനം അനുഷ്ഠിച്ച ഫാ. സജി ഇളയിടത്ത് (നടവയൽ), ഫാ. ഫ്രാൻസിസ് നെല്ലിക്കുന്നേൽ (കല്ലോടി), ഫാ. സെബാസ്റ്റ്യൻ എലവനപ്പാറ (ദ്വാരക), ഫാ. ജിമ്മി ഓലിക്കൽ (പയ്യമ്പള്ളി), ഫാ. ജെയിംസ് കുന്നത്തേട്ട് (മണിമൂളി), ഫാ. തോമസ് പരുന്തനോലിൽ (നീലഗിരി) എന്നീ വൈദീകർക്ക് ഹൃദയം നിറഞ്ഞ നന്ദി.

### സ്വാഗതം

മാതൃവേദി മേഖലാ ഡയറക്ടർമാരായി ഉത്തരവാദിത്വം ഏറ്റെ ടുത്തിരിക്കുന്ന ഫാ. പോൾ കൊരണ്ടിയാർക്കുന്നേൽ (നടവയൽ),

ഫാ. ചാണ്ടി പുനക്കാട്ട് (കല്ലോടി), ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ (ദ്വാരക), ഫാ. കുര്യൻ വാഴയിൽ (പയ്യമ്പള്ളി), ഫാ. സോമി വടയാപറമ്പിൽ (മണിമൂളി), ഫാ. ബിനോയി കാശാംകുറ്റിയിൽ (നീലഗിരി) എന്നീ വൈദീകർക്ക് ഹൃദ്യമായ സ്വാഗതം.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 12 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ജൂലൈ 22.

**മേഖല വാർത്തകൾ**

**മണിമൂളി**

വി.യൗസേപ്പ് പിതാവിന്റെ തിരുനാൾ ആചരിച്ചു. ബൈബിൾ ദൃശ്യാവതരണ മത്സരത്തിൽ പങ്കെടുത്തു. മാതാവിന്റെ തിരുസ്വരൂപം അലങ്കരിക്കൽ മത്സരം നടത്തി. നേഴ്സുമാരെ ആദരിക്കുകയും, ഉപഹാരം നൽകുകയും ചെയ്തു. കുട്ടികളുടെ ധ്യാനത്തിന് ഭക്ഷണം ഉണ്ടാക്കി കൊടുക്കുന്ന ചുമതല ഏറ്റെടുത്തു നടത്തി. ഒരു കുടുംബത്തിന് ധനസഹായം നൽകി. സ്വിഗ്വിയുടെ ഔട്ട്ലെറ്റിൽ വില്പന നടത്തി.

**തരിയോട്**

ലോക തൊഴിലാളിദിനം ആചരിച്ചു. മാതാവിന്റെ വണക്കമാസാചരണം ഭവനങ്ങളിൽ നടത്തി. വണക്കമാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു രൂപതാ മാതൃവേദി തയാറാക്കി നൽകിയ വീഡിയോ എല്ലാ യൂണിറ്റുകളിലേക്കും ഫോർവേഡ് ചെയ്തു. മാതൃദിനത്തോടനുബന്ധിച്ചു എല്ലാ അമ്മമാർക്കും ആശംസകൾ അർപ്പിച്ചു. മാതൃദിനത്തിൽ യൂണിറ്റ് തലത്തിൽ ആരാധന നടത്തി പ്രാർത്ഥിക്കാൻ നിർദേശം നൽകി. സ്ത്രീകളുടെ ആരോഗ്യം എന്ന വിഷയത്തിൽ കോഴിക്കോട് ബേബി മെമ്മോറിയൽ ഹോസ്പിറ്റലും തരിയോട് മേഖലയും സംയുക്തമായി മദേഴ്സ് ഡേ അവയർനെസ്സ് ക്ലാസ് സംഘടിപ്പിച്ചു. സീനിയർ ഗൈനക്കോളജിസ്റ്റ് ഡോ. ചിന്നു സൂസൻ കുര്യൻ ക്ലാസ്സെടുത്തു. മാതാവിനെ അലങ്കരിക്കൽ മത്സരം നടത്തി. ബൈബിളിലെ കുടുംബം ദൃശ്യാവിഷ്കാരം വിലയിരുത്തി ഒന്നാം സ്ഥാനം കിട്ടിയത് രൂപതയ്ക്ക് അയച്ചു കൊടുത്തു. മാതാവിനെ അറിയാൻ എല്ലാ യൂണിറ്റിലും ക്വിസ് മത്സരം സംഘടിപ്പിച്ചു.

**നടവയൽ**

വണക്കമാസത്തിന്റെ ഭാഗമായി ജപമാലയും മാതാവിന്റെ വണക്കമാസ പ്രാർത്ഥനയും നടത്തി. വിശുദ്ധ റീത്തയെ പരിചയപ്പെടുത്തി വീഡിയോ ചെയ്തു. ബൈബിൾ ദൃശ്യാവതരണത്തിന്റെ

വീഡിയോ രൂപയ്ക്ക് നൽകി. നേഴ്സസ് ദിനത്തിൽ നേഴ്സുമാരുടെ വീഡിയോ ചെയ്തു. നവോമി സംഗമം, ഏലീശ്വാ സന്ദർശനം എന്നിവ നടത്തി. നടവയൽ മേഖല ഡയറക്ടർ ആയിരുന്ന ഫാ. സജി ഇളയിടത്തിന് യാത്രയയപ്പ് നൽകി.

**ശാഖാ വാർത്തകൾ**

**കളത്തുവയൽ**

തൊഴിലാളി ദിനം, രൂപതാദിനം എന്നിവ ആചരിച്ചു. എക്സി ക്യൂട്ടീവ് കൂടി. ഏലീശ്വ സന്ദർശനം നടത്തി. ബൈബിൾ പാരായണം നടത്തി. വിവിധ നിയോഗങ്ങൾക്ക് വേണ്ടി പ്രാർത്ഥിച്ചു. മാതാവിന്റെ വണക്കമാസാചരണം നടത്തി.

**മക്കിയാട്**

മാതാവിന്റെ വണക്കമാസാചരണം നടത്തി. കുടുംബശ്രീയുടെ ജില്ലാ സംസ്ഥാനതല മോണോആക്ട് മത്സരത്തിൽ സമ്മാനാർഹ രായവരെ മാതൃവേദി സ്നേഹോപഹാരം നൽകി ആദരിച്ചു. വിവാഹ വാർഷികം ആഘോഷിച്ച ദമ്പതികളെ ആദരിച്ചു.

**കബനിഗിരി**

രൂപതാദിനവും തൊഴിലാളി ദിനവും ആചരിച്ചു. എക്സിക്യൂ ട്ടീവ് അംഗങ്ങൾ ടൂർ നടത്തി. നേഴ്സസ് ഡേ ദിനത്തിൽ ഇടവക യിലെ എല്ലാ നേഴ്സ്മാർക്കും ജപമാലയും പൂവും നൽകി ആദരിച്ചു. 'സ്ത്രീകളിലെ ഗർഭാശയ ക്യാൻസർ' കാരണങ്ങളും പ്രതിവിധികളും എന്ന വിഷയത്തിൽ പ്രതിരോധ ബോധവൽക്കരണ ക്യാമ്പ് നടത്തി. 80 ഓളം അമ്മമാർ പങ്കെടുത്തു. ക്യാൻസർ രോഗിക്ക് സഹായം നൽകി. വണക്കമാസ ആചരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച്, 93 വയസ്സുള്ള അമ്മച്ചിയുമായി എക്സിക്യൂട്ടീവ് അംഗങ്ങൾ സംസാരി ക്കുന്ന വീഡിയോ തയ്യാറാക്കി, മേഖലയ്ക്ക് അയച്ചു കൊടുത്തു.

**ദീപ്തിഗിരി**

മാതാവിന്റെ വണക്കമാസാചരണം നടത്തി. മാതാവിനെ അലങ്കരിക്കൽ മത്സരത്തിൽ പങ്കെടുത്തു. മേഖലാ വാർഷികത്തിൽ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി. ഇടവകയിൽ നിന്നും മരണം മൂലം വേർപെട്ടുപോയവരുടെ വീട് സന്ദർശിച്ച് മരണാനന്തര ചടങ്ങിൽ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി.

**ചോക്കാട്**

മാതൃദിനത്തിൽ പ്രായമായ അമ്മച്ചിയെ ആദരിച്ചു. ആദിവാസി മേഖലയിൽ രോഗിയെ സന്ദർശിച്ചു. നവോമി സന്ദർശനം നടത്തി. നേഴ്സസ് ഡേയിൽ ഇടവകയിലെ നേഴ്സുമാരെ ആദരിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. മാതാവിനെ അലങ്കരിക്കൽ

മത്സരത്തിൽ പങ്കെടുത്തു. സെമിത്തേരി സന്ദർശിച്ചു പ്രാർത്ഥിച്ചു. സെമിത്തേരി വൃത്തിയാക്കി. മരണവീടുകൾ സന്ദർശിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി.

**സീതാമൗണ്ട്**

ഇടവകയിലെ നേഴ്സുമാരെ ആദരിച്ചു. കയ്യെഴുത്തു മാസിക തയ്യാറാക്കി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ബാവലി പള്ളി സന്ദർശിച്ചു ധനസഹായം നൽകി. ബഹുമാനപ്പെട്ട മനോജ് അച്ചന് മാതൃവേദിയുടെ നേതൃത്വത്തിൽ യാത്രയയപ്പു നൽകി. മാതാവിന്റെ രൂപാലങ്കാര മത്സരത്തിൽ യൂണിറ്റിൽ നിന്നുള്ള അംഗങ്ങൾ പങ്കെടുത്തു. വണക്കമാസ ആചരണത്തെപ്പറ്റിയുള്ള ഒരു ഇന്റർവ്യൂ തയ്യാറാക്കി മേഖലക്ക് നൽകി.

**പനവല്ലി**

പരിശുദ്ധ അമ്മയുടെ വണക്കമാസാചരണം നടത്തി. വിശുദ്ധരെ പരിചയപ്പെടുത്തി. കാഴ്ചവെയ്പ്പ് നടത്തി. മീറ്റിംഗ് കൂടി. പള്ളിയും പരിസരവും വൃത്തിയാക്കി.

**പുതിയിടംകുന്ന്**

എക്സികുട്ടീവ് മീറ്റിംഗ് കൂടി. മേഖലാ വാർഷികത്തിൽ 8 പേർ പങ്കെടുത്തു. 1500 രൂപ വിഹിതം നൽകി. മാതാവിന്റെ വണക്കമാസം വീടുകളിൽ ചൊല്ലി. ഏലീശ്വ സന്ദർശനത്തിന്റെ ഭാഗമായി ഇടവകയിലെ 5 ഗർഭിണികളെ സന്ദർശിച്ച് സമ്മാനം നൽകി. ഫണ്ട് ശേഖരണാർത്ഥം പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ, പലഹാരങ്ങൾ എന്നിവ ഉൾപ്പെടുത്തി സ്റ്റാൾ ആരംഭിച്ചു. 4 മക്കളുള്ള കുടുംബത്തെ ആദരിച്ചു. ജൂബിലി വർഷത്തോടനുബന്ധിച്ച് 50-ാം വിവാഹ വാർഷികം ആഘോഷിച്ച ദമ്പതികളെ ആദരിച്ചു. തോണിച്ചാൽ എമ്മാവൂസ് വില്ല സന്ദർശിച്ച് പഠനോപകരണങ്ങൾ നൽകി. വചന കവചം, സാന്താ മോനിക്ക എന്നിവ ചെയ്യുന്നു.

**മരക്കടവ്**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. എല്ലാ വീടുകളിലും വണക്കമാസ പ്രാർത്ഥന ചൊല്ലി. മദറിന് യാത്രയയപ്പ് നൽകി. എക്സിക്യൂട്ടീവ് അംഗങ്ങൾ പിക്നിക് നടത്തി. തീർത്ഥാടന കേന്ദ്രമായ ചുണ്ടേൽ വി. യൂദാ താദേവൂസിന്റെ പള്ളിയിൽ പോയി. പള്ളിയുടെ ഓഡിറ്റോറിയം അടിച്ചുവാരി.

**ശിശുമല**

മേഖല നടത്തിയ ലഹരിവിരുദ്ധ ക്യാമ്പയിനിൽ പങ്കെടുത്തു. നേഴ്സസ് ദിനം ആചരിച്ചു. അന്താരാഷ്ട്ര മാതൃദിനത്തിൽ ഇടവകയിലെ 90 വയസ്സു കഴിഞ്ഞ മുൻ മാതൃവേദി പ്രവർത്തകയെ ആദരിച്ചു.

മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തു. മെഴുക് ശേഖരണം നടത്തി. വണക്കമാസം ആചരിച്ചു. മാതാവിനെ അലങ്കരിക്കൽ മത്സരം നടത്തി.

**നിലമ്പൂർ**

വണക്കമാസ ആചരണം നടത്തി. മാതൃദിനത്തിലും ഇടവകയിലെ അമ്മമാരെയും നേഴ്സുമാരെയും ആദരിച്ചു. ഏലീശ്വാ സന്ദർശനം, നവോമി സന്ദർശനം എന്നിവ നടത്തി. മേഖല നടത്തിയ പുത്തൻപാന മത്സരം, ബൈബിൾ ദൃശ്യാവതരണം എന്നിവയിൽ സമ്മാനം കരസ്ഥമാക്കി.

**ടൗൺ ചർച്ച്, മാനന്തവാടി**

മാതാവിന്റെ വണക്കമാസ പ്രാർത്ഥന എല്ലാ ദിവസവും ഗ്രൂപ്പിലിടുന്നു. വികാരിയച്ചന്റെയും ആനിമേറ്ററിന്റെയും യാത്രയയപ്പ് മീറ്റിംഗ് നടത്തി. ഗിഫ്റ്റ് നൽകി. മാതാവിനെ അലങ്കരിക്കൽ മത്സരം നടത്തി. രോഗികളായി കഴിയുന്ന 4 അമ്മമാരുടെ വീടുകൾ സന്ദർശിച്ചു. പള്ളി പരിസരവും വൃത്തിയാക്കി.

**തലഞ്ഞി**

കുടുംബ നവീകരണ വർഷത്തോടനുബന്ധിച്ച് സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തി. നേഴ്സസ് ദിനത്തോടനുബന്ധിച്ച് ഇടവകയിലെ നേഴ്സുമാരെ ആദരിച്ചു. മാതാവിന്റെ രൂപം അലങ്കരിച്ചു. ബൈബിളിലെ ഒരു കുടുംബത്തെ ആധാരമാക്കിയുള്ള സ്കിറ്റ് മത്സരത്തിൽ മേഖലയിൽ ഒന്നാം സ്ഥാനം ലഭിച്ചു. വി. ഫാ. ഡാമിയനെ പരിചയപ്പെടുത്തി വീഡിയോ തയ്യാറാക്കി. ഏലീശ്വാ സന്ദർശനം, രോഗീ സന്ദർശനം, നവോമി സന്ദർശനം എന്നിവ നടത്തി.

**പാതിരിപ്പാടം**

കർത്താവിന്റെ സ്വർഗ്ഗാരോഹണ തിരുനാൾ ആചരിച്ചു. വി. ഗീവർഗ്ഗീസിന്റെ തിരുനാൾ ദിനത്തിൽ അമ്മമാർ നേർച്ച ഭക്ഷണം നൽകി. പള്ളിയും പരിസരവും വൃത്തിയാക്കി. ഭവന സന്ദർശനം നടത്തി. 10,+2 ഉന്നത വിജയം കൈവരിച്ച കുട്ടികളെ ആദരിച്ചു. മാതാവിനെ അലങ്കരിക്കൽ മത്സരത്തിൽ അമ്മമാർ പങ്കെടുത്തു.

**പോരൂർ**

നേഴ്സസ് ദിനത്തിൽ നേഴ്സുമാരെ ആദരിച്ചു. പുതിയ ആനിമേറ്റർ സിസ്റ്ററെ മാതൃവേദി അംഗങ്ങൾ പൂക്കൾ നൽകി മാതൃവേദിയിലേക്ക് സ്വീകരിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. കണക്കുകളും റിപ്പോർട്ടുകളും അവതരിപ്പിച്ചു.

**കൽപ്ര**

നേഴ്സസ് ദിനത്തിൽ പാട്ടവയൽ അമല ഹോസ്പിറ്റലിലെ നേഴ്സുമാരെ ആദരിച്ചു. നവോമി സന്ദർശനം നടത്തി. ഒരാളുടെ ഭവനം വിനൈൽ ഷീറ്റ് കെസിവൈഎം നെ കൂടി സഹകരിപ്പിച്ചു കൊണ്ട് വിരിച്ചു നൽകി. മാതാവിനെ അലങ്കരിക്കൽ മത്സരത്തിൽ അമ്മമാർ പങ്കെടുത്തു.

**തോമാട്ടുചാൽ**

എക്സിക്യൂട്ടീവ് കൂടി. നേഴ്സസ് ദിനത്തിൽ ഇടവകയിലെ നേഴ്സുമാരെ ആദരിച്ചു. സ്വിഗ്വി ഉൽപ്പന്നങ്ങൾ വിറ്റഴിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. രോഗീ സന്ദർശനം നടത്തി.

**പാടിച്ചിറ**

രൂപതാദിനവും തൊഴിലാളി ദിനവും ആചരിച്ചു. മാതാവിന്റെ വണക്കമാസാചരണം നടത്തി. മേഖലാ മാതൃവേദിയുടെ നേതൃത്വത്തിൽ നടത്തിയ ലഹരിവിരുദ്ധ തെരുവ് നാടകത്തിന് പാടിച്ചിറ ടൗണിൽ വച്ച് സ്വീകരണം നൽകി. എക്സിക്യൂട്ടിവ് നടത്തി. മേഖലാ എക്സിക്യുട്ടീവിൽ പങ്കെടുത്തു. മാതൃദിനം, നേഴ്സസ് ദിനം എന്നിവ ആചരിച്ചു. മെമെന്റോ നൽകി ആദരിച്ചു. മേഖലാ തലത്തിൽ നടത്തിയ മത്സരത്തിൽ പങ്കെടുത്തു. ഫണ്ട് സ്വരൂപിക്കുന്നതിന്റെ ഭാഗമായി മാങ്ങ അച്ചാർ വിൽപന നടത്തി. രോഗീ സഹായവും ഭവന സന്ദർശനവും നടത്തി.

**തവിഞ്ഞാൽ**

എക്സിക്യൂട്ടീവ് കൂടി. രോഗീ സന്ദർശനം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി. മാതൃദിനത്തിലും നേഴ്സസ് ദിനത്തിലും ആശംസകൾ അറിയിച്ചു. എല്ലാ ശനിയാഴ്ചകളിലും ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം ഉണ്ടാക്കാൻ സഹായിക്കുന്നു. മാതാവിനെ അലങ്കരിക്കൽ മത്സരത്തിൽ ഒരു ഫോട്ടോ മേഖലയ്ക്ക് അയച്ചു.

**അസംപ്ഷൻ ബത്തേരി**

ബൈബിളിലെ കുടുംബങ്ങളിലൂടെ, ബൈബിൾ പകർത്തിയെഴുത്ത്, യൂണിറ്റ് അടിസ്ഥാനത്തിൽ ലോഗോസ് പഠനം, ആഗോള മാതൃവേദി പ്രവർത്തനങ്ങൾക്കായി മൂന്നു മണി പ്രാർത്ഥന, പ്രോലൈഫ് പ്രവർത്തനങ്ങൾക്കായി തിരുഹൃദയ കൊന്ത, മരണവീടുകൾ സന്ദർശനം, രോഗീ സന്ദർശനം, ചികിത്സാ സഹായം, അഗതി മന്ദിരം സന്ദർശനം, ഗവൺമെന്റ് ഹോസ്പിറ്റലിൽ പൊതിച്ചോറ് വിതരണം എന്നിവ നടത്തി. ജീവകാരുണ്യ പ്രവർത്തനത്തിന് ഫണ്ട് സമാഹരിക്കുന്നതിന്റെ ഭാഗമായി സ്വിഗ്വി സ്റ്റാൾ തുടങ്ങി.

**ആലാറ്റിൽ**

എക്സിക്യൂട്ടീവ് കൂടി. തൊഴിലാളിദിനം, രൂപതാദിനം എന്നിവ ആചരിച്ചു. ഇടവകയിലെ 70 വയസിനു മുകളിൽ പ്രായമുള്ള ദമ്പതികളെ ആദരിച്ചു. മെമെന്റോ നൽകി. മാതാവിന്റെ വണക്കമാസാചരണം ഭവനങ്ങളിൽ നടത്തി.

**ചെന്നലോട്**

മാതാവിന്റെ വണക്കമാസാചരണം നടത്തി. അന്താരാഷ്ട്ര മാതൃദിനത്തോട് അനുബന്ധിച്ച് എല്ലാ അമ്മമാർക്കും മാതൃദിന ആശംസകൾ നേർന്ന് ഗ്രൂപ്പുകളിൽ വീഡിയോ ഷെയർ ചെയ്തു. നേഴ്സസ് ദിനത്തിൽ ഇടവകയിലെ നേഴ്സുമാരെ ഷോൾ നൽകി ആദരിച്ചു. മാതാവിന്റെ രൂപം അലങ്കരിക്കൽ, മരിയൻ ക്വിസ് എന്നിവ നടത്തി.

**വാളേരി**

എക്സിക്യൂട്ടീവ് യോഗം കൂടി. മാതാവിന്റെ വണക്കമാസാചരണം നടത്തി. വിധവകളെ സന്ദർശിച്ച് അവർക്കു വേണ്ടി പ്രാർത്ഥിച്ച് ജപമാല നൽകി. ഏലീശ്വാ സന്ദർശനം നടത്തി. മെയ് മാസത്തിൽ വിവാഹ വാർഷികം ആഘോഷിച്ച ദമ്പതികളെ പൂക്കൾ കൊടുത്ത് ആദരിച്ചു. മേഖലാ വാർഷികത്തിൽ 4 പേർ പങ്കെടുത്തു. കുടുംബ നവീകരണ വർഷാചരണത്തിന്റെ ഭാഗമായി മാതൃവേദി രൂപതാ തലത്തിൽ നടപ്പാക്കിയ ബൈബിളിലെ കുടുംബങ്ങളെ അടിസ്ഥാനമാക്കി ദൃശ്യാവതരണ മത്സരത്തിൽ ഇടവകയിൽ നിന്നും അമ്മമാർ പങ്കെടുത്തു. ചെയിൻ റോസറി, സാന്താ മോനിക്കാ, വചന കവചം എന്നിവ നടത്തി.

**മാർട്ടിൻനഗർ**

വിവിധ നിയോഗങ്ങൾ വച്ച് കരുണ കൊന്ത, തിരുഹൃദയ ജപമാല, ചെയിൻ റോസറി എന്നിവ ചൊല്ലി. പയ്യംമ്പള്ളി മേഖല ബൈബിൾ ക്വിസ്സിൽ അമ്മമാർ പങ്കെടുത്തു. നേഴ്സസ് ദിനത്തിൽ വിൻസെന്റ്ഗിരി ഹോസ്പിറ്റലിലെ നേഴ്സുമാരെ ആദരിച്ചു. ഏലീശ്വാ സന്ദർശനത്തിന്റെ ഭാഗമായി അമ്മമാർ ഒരു ഗർഭിണിയെ സന്ദർശിച്ചു. ഒരു കുട്ടിക്ക് പഠനോപകരണങ്ങൾ നൽകി. മെഡിക്കൽ കോളേജിൽ ഭക്ഷണം പാകം ചെയ്യാൻ സഹായിച്ചു.

**വടപുറം**

അന്താരാഷ്ട്ര മാതൃദിനത്തോടനുബന്ധിച്ച്, മാതൃവേദിയിൽ സജീവ പ്രവർത്തകയായ അമ്മയെ ആദരിച്ചു. മരണവീട് സന്ദർശനം നടത്തി. മേഖലയിലെ പുത്തൻപാന ആലാപന മത്സരത്തിലും, ദൃശ്യാവതരണ മത്സരത്തിലും മൂന്നാം സ്ഥാനം നേടി. ഏലീശ്വാ

സന്ദർശനം നടത്തി. മേഖലയിലെ മാതാവിനെ അലങ്കരിക്കൽ മത്സരത്തിൽ പങ്കെടുത്തു. നേഴ്സസ് ദിനത്തിൽ നേഴ്സുമാർക്ക് ആശംസകൾ നേർന്നു.

**യവനാർകുളം**

മാതാവിന്റെ വണക്കമാസാചരണം വീടുകളിൽ നടത്തി. തൊഴിലാളിദിനം ആചരിച്ചു. രോഗീ സന്ദർശനം നടത്തി. വാളാട് പുഴയിൽ വീണു മരിച്ച യവനാർകുളം ഇടവകയിലെ മക്കളുടെ ഭവനങ്ങളിൽ അമ്മമാരും ആനിമേറ്ററും സന്ദർശിച്ച് അവർക്കുവേണ്ടി പ്രാർത്ഥിച്ചു.

**കരിമാനി**

മാതാവിന്റെ വണക്കമാസം വായിച്ചു. തൊഴിലാളി ദിനത്തിൽ ഇടവകയിലെ ഏറ്റവും നല്ല കർഷകനായ മാത്യു മുടതൊട്ടിയിലിനെ പൊന്നാട അണിയിച്ചു, ഗിഫ്റ്റ് നൽകി ആദരിച്ചു. അന്താരാഷ്ട്ര മാതൃദിനത്തിൽ ഇടവകയിലെ പ്രായമുള്ള അമ്മയെ ഗിഫ്റ്റ് നൽകി ആദരിച്ചു. നേഴ്സസ് ദിനത്തിൽ ഇടവകയിലെ എല്ലാ നേഴ്സുമാരെയും ആദരിച്ചു. ആതുര ശുശ്രൂഷാ രംഗത്ത് പ്രവർത്തിക്കുന്നവർക്കുവേണ്ടി 500 വിശ്വാസപ്രമാണം ചൊല്ലി പ്രാർത്ഥിച്ചു. ഏലീശ്വാ സന്ദർശനം, രോഗീ സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി.

**താളിപ്പാടം**

എക്സിക്യൂട്ടീവ് യോഗം കൂടി. കുട ആവശ്യമുള്ള കുട്ടികൾക്ക് മാതൃവേദിയുടെ നേതൃത്വത്തിൽ കുട വിതരണം ചെയ്തു. പള്ളിയും പരിസരവും വൃത്തിയാക്കി. രോഗീ സന്ദർശനം നടത്തി. മാതാവിനെ അലങ്കരിക്കുന്ന മത്സരം നടത്തി.

**തരിയോട്**

മാതാവിന്റെ വണക്കമാസാചരണം വീടുകളിൽ നടത്തി. മാതൃദിനത്തോടനുബന്ധിച്ചു സ്ത്രീകളും ആരോഗ്യവും എന്ന വിഷയത്തിൽ ഡോ. സൂസൻ കുര്യൻ ഓൺലൈൻ സെമിനാർ നടത്തി. മേഖല നടത്തിയ മാതാവിനെ അലങ്കരിക്കൽ മത്സരത്തിൽ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി.

**ആടിക്കൊല്ലി**

രൂപതാദിനം, തൊഴിലാളിദിനം, മാതാവിന്റെ വണക്കമാസാചരണ ആരംഭം എന്നിവ ആചരിച്ചു. പുൽപ്പള്ളിയിൽ സി എം ഐ ബ്രദേഴ്സ് നടത്തിയ ലഹരി വിരുദ്ധ കാംപെയിനിൽ പ്രസിഡന്റ് മേഴ്സി അമരികാട്ട് ആശംസകളർപ്പിച്ചു. എക്സിക്യൂട്ടീവ് കൂടി. നേഴ്സസ് ദിനത്തിൽ ഇടവകയിലെ മുഴുവൻ നേഴ്സുമാരെയും ആതുരശുശ്രൂഷാ രംഗത്ത് സേവനം ചെയ്യുന്നവരെയും ആദരിച്ചു.

പള്ളിയും പരിസരവും വൃത്തിയാക്കി. മാതാവിനെ അലങ്കരിക്കൽ മത്സരം നടത്തി മേഖലക്കു നൽകി. പഴയ തലമുറയിലെ വണക്കമാസ ഭക്തി പുതുതലമുറയിലേക്ക് പകരാൻ, കരിക്കേടത്ത് ജോസഫ് – മേരി ദമ്പതികളുമായി ഒരു ഇന്റർവ്യൂ നടത്തി മേഖലക്കയച്ചു.

**കേളകം**

എല്ലാമാസവും രണ്ടാമത്തെ ചൊവ്വാഴ്ച അഗതി മന്ദിരത്തിൽ പൊതിച്ചോറുകൾ നൽകുന്നു. അമ്മമാരുടെ ഉപവാസത്തിലൂടെ കിട്ടുന്ന തുക പാവപ്പെട്ടവരെ സഹായിക്കുന്നു. നേഴ്സസ് ഡേയോട നുബന്ധിച്ച് ഇടവകയിലെ എല്ലാ നേഴ്സുമാരെയും ആദരിച്ചു. മാതാവിന്റെ രൂപം അലങ്കരിക്കൽ മത്സരത്തിൽ ഇടവകയിലെ അമ്മമാർ പങ്കെടുത്തു. പാവപ്പെട്ട രണ്ടു കുടുംബത്തിന് സാമ്പത്തിക സഹായമായി 8000/– രൂപ നൽകി.

**വാളവയൽ**

എക്സിക്യൂട്ടീവ് കൂടി. മരിയസദൻ സന്ദർശനം, ഓശാന ഭവൻ സന്ദർശനം, സെമിനാറുകൾ, എന്നിവ നടത്തി. മാതാവിന്റെ വണക്കമാസം വീടുകളിൽ ചൊല്ലി.

**പറളിക്കുന്ന്**

മാതാവിന്റെ വണക്കമാസത്തോടനുബന്ധിച്ച് വണക്കമാസ പ്രാർത്ഥനയും നൊവേനയും ഗ്രൂപ്പുകളിൽ ഷെയർ ചെയ്തു. നേഴ്സസ് ദിനത്തിൽ ഇടവകയിലെ നേഴ്സുമാരെ ആദരിച്ചു. നവോമി സംഗമം, ഏലീശ്വാ സന്ദർശനം നടത്തി. സെമിത്തേരി വൃത്തിയാക്കി. മാതാവിനെ അലങ്കരിച്ച് ഫോട്ടോ മേഖലയ്ക്ക് നൽകി.

**കരിമ്പിൽ**

എക്സിക്യൂട്ടീവ് കൂടി. ജനറൽ ബോഡി നടത്തി. ഇടവകയിലെ നിർദ്ധന കുട്ടികൾക്കു കുടയും, പഠനോപകരണങ്ങളും നൽകി. സെമിനാർ നടത്തി. രോഗീ സന്ദർശനം നടത്തി മാതൃവേദി ഫണ്ടിന് വേണ്ടി ലുങ്കികൾ വിൽപ്പന നടത്തി.

**കുഞ്ഞോം**

മാതാവിന്റെ വണക്കമാസാചരണവും തൊഴിലാളി ദിനവും രൂപതാദിനവും ആചരിച്ചു. എക്സിക്യൂട്ടീവ് കൂടി. മാതാവിന്റെ രൂപം അലങ്കരിക്കുന്ന മത്സരം നടത്തി. നേഴ്സസ് ദിനത്തിൽ ഇടവകയിലെ നേഴ്സുമാരെ ആദരിച്ചു. സാന്താ മോനിക്ക പ്രാർത്ഥന ചൊല്ലി.

**കുറുമണി**

6 മക്കളുള്ള അമ്മയെ ആദരിച്ചു. ഇടവകയിലെ നേഴ്സുമാരെ ആദരിച്ചു. മാതാവിന്റെ രൂപം അലങ്കരിക്കൽ മത്സരം നടത്തി. ഭവന

ങ്ങളിൽ മാതാവിന്റെ വണക്കമാസചരണം നടത്തി. വിശുദ്ധരുടെ പുസ്തകങ്ങൾ ഭവനങ്ങൾ തോറും കൈമാറി വായിച്ചു വരുന്നു. ചെയിൻ റോസറി വീടുകൾ തോറും നടത്തി.

**ദ്വാരക**

വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ ആദരിച്ചു. അന്താരാഷ്ട്ര മാതൃദിനത്തിൽ ഇടവകയിലെ എല്ലാ അമ്മമാരെയും ആദരിച്ചു. ആശംസാകാർഡും മധുരവും നൽകി. നേഴ്സസ് ദിനത്തിൽ ഇടവകയിലെ നേഴ്സുമാരെ ആദരിച്ചു. ഏലീശ്വാ സന്ദർശനം നടത്തി. ഇടവകയിൽ മാതാവിനെ അലങ്കരിക്കൽ മത്സരം നടത്തി.

**പന്തിപ്പൊയിൽ**

മാതൃദിനത്തിൽ എല്ലാ അമ്മമാർക്കും ആശംസകൾ നേർന്നു. വാട്സാപ്പ് ഗ്രൂപ്പിലൂടെ വി. ജാന്ന ബറേറ്റ മോള്ളയെ പരിചയപ്പെടുത്തി. തരിയോട് മേഖലയുടെ നേതൃത്വത്തിൽ ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ നടത്തിയ ഓൺലൈൻ ക്ലാസിൽ ഇടവകയിലെ അമ്മമാർ പങ്കെടുത്തു. അമ്മമാർക്ക് ക്വിസ് മത്സരം നടത്തി. മാതൃ ദിന ക്വിസ് മത്സരത്തിലെ വിജയികൾക്ക് സമ്മാനങ്ങൾ നൽകി. ജന റൽ ബോഡി കൂടി. പള്ളിയും പരിസരവും വൃത്തിയാക്കി. വിധവാ സഹായമായി 1000/- രൂപയും രോഗീ സഹായമായി 1000/- രൂപയും നൽകി.

**പൂക്കോട്ടുംപാടം**

മാതൃദിനത്തിൽ ഇടവകയിലെ മുതിർന്ന ഒരു മാതാവിനെ ആദരിച്ചു. നേഴ്സസ് ദിനത്തിൽ ആശംസാ പോസ്റ്റർ ഗ്രൂപ്പിൽ പോസ്റ്റ് ചെയ്തു. ബൈബിൾ ദൃശ്യാവതരണം അവതരിപ്പിച്ചു മേഖലയ്ക്ക് അയച്ചു കൊടുത്തു. ഫണ്ടിനായി വിവാഹ സ്തോത്ര കാഴ്ച എടുത്തു. മാതാവിനെ അലങ്കരിച്ചു ഫോട്ടോ മേഖലയ്ക്ക് അയച്ചു കൊടുത്തു മാതാവിന്റെ വണക്കമാസ ജപം എല്ലാ ദിവസവും ഗ്രൂപ്പിൽ പോസ്റ്റ് ചെയ്തു. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകി.

**കാരയ്ക്കാമല**

അന്താരാഷ്ട്ര മാതൃദിനത്തിൽ ഇടവകയിലെ ഏറ്റവും പ്രായ മുള്ളതും കിടപ്പ് രോഗിയുമായ അമ്മച്ചിയുടെ ഭവനം വൃത്തിയാക്കി, ആവശ്യമായ ശുശ്രൂഷകൾ ചെയ്തു. ഫണ്ട് ശേഖരണാർത്ഥം കപ്പ, ചേമ്പ് എന്നിവ കൃഷിയിറക്കി. മാതാവിന്റെ വണക്കമാസം ആചരിച്ചു. മാതാവിനെ അലങ്കരിക്കൽ മത്സരം, ഏലിശ്വാ സന്ദർശനം എന്നിവ നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു.

**ചുങ്കക്കുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. രോഗീ സഹായമായി 4000/ രൂപ നൽകി. നേഴ്സസ് ദിനത്തിൽ നേഴ്സുമാരെ ആദരിച്ചു. ഏലിശ്വാ സന്ദർശനം, മരണവീട് സന്ദർശനം എന്നിവ നടത്തി. മാതാവിനെ അലങ്കരിക്കൽ മത്സരം നടത്തി.

**നടവയൽ**

തൊഴിലാളി ദിനം, മാതൃദിനം എന്നിവ ആചരിച്ചു. സി.എം.സി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ അമ്മമാർ 5500 കൊന്ത നിർമ്മിച്ച് കൺവെൻഷനിൽ പങ്കെടുത്തവർക്ക് നൽകി. വിവിധ നിയോഗ ങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചു. ഏലീശ്വ സന്ദർശനം നടത്തി. ബൈബിളിലെ കുടുംബ ചിത്രീകരണം ഒരു ദൃശ്യാവിഷ്കാരമായി അവതരിപ്പിച്ച് മേഖലയിലേക്ക് നൽകി. രോഗീ സന്ദർശനം, മരണ വീട് സന്ദർശനം എന്നിവ നടത്തി.

**കുറുമ്പാല**

മാതാവിന്റെ വണക്കമാസാചരണം നടത്തി. നേഴ്സസ് ദിനത്തിൽ നേഴ്സുമാരെ ആദരിച്ചു. ക്യാൻസർ ബോധവൽക്ക രണത്തിന്റെ ഭാഗമായി WSSS സംഘടിപ്പിച്ച ബോധവൽക്കരണ ക്ലാസിൽ സംബന്ധിച്ചു. മാതാവിനെ അലങ്കരിക്കൽ മത്സരത്തിൽ പങ്കെടുത്തു. മരിയൻ ക്വിസ് നടത്തി. രോഗീ സന്ദർശനം, ഏലിശ്വാ സന്ദർശനം എന്നിവ നടത്തി.

**മരകാവ്**

മാതാവിന്റെ വണക്കമാസം വീടുകളിൽ വായിച്ച് പ്രാർത്ഥിച്ചു. അലങ്കരിച്ച മാതാവിന്റെ ഫോട്ടോ മേഖലയ്ക്ക് നൽകി. ദേവാലയ ശുചീകരണത്തിൽ പങ്കാളികളായി. രോഗീ സന്ദർശനം, ഭവന സന്ദർ ശനം എന്നിവ നടത്തി സഹായം നൽകി. മാസത്തിലെ ഒന്നാമത്തേയും മൂന്നാമത്തേയും ചൊവ്വാഴ്ചകളിൽ അമ്മമാർ മാനന്തവാടി ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം നൽകുന്നതിന് സഹായിച്ചു. എക്സിക്യൂ ട്ടീവ് കൂടി. നവോമി സന്ദർശനം നടത്തി.

**തേൾപ്പാറ**

മാതാവിന്റെ വണക്കമാസം ചൊല്ലി പ്രാർത്ഥിച്ചു. നേഴ്സസ് ദിനത്തിൽ ഫ്ളോറൻസ് നൈറ്റിംഗേലിനെക്കുറിച്ച് വീഡിയോ പ്രസന്റേ ഷൻ നടത്തി. സ്ഥലം മാറിപ്പോകുന്ന ബഹു. ഷിജു ഐക്കരക്കാനാ യിൽ അച്ചന് യാത്രയയപ്പും, പുതിയ വികാരി ബഹു. ബിനോയി കാശാംകുറ്റിയിൽ അച്ചന് സ്വീകരണവും നൽകി. മേഖല നടത്തിയ മാതാവിനെ അലങ്കരിക്കൽ മത്സരത്തിൽ പങ്കെടുത്തു.

**ഫാ. ജോസഫ് പരുവുമ്മേൽ**
**ഫാ. ബിനു വടക്കേൽ**

# സീയോൻ വാർത്തകൾ

ആദ്യശനി കൺവെൻഷനുവേണ്ടി ശുശ്രൂഷകർ ജൂൺ 06 വെള്ളിയാഴ്ച്ച, രാവിലെ 10 മുതൽ രാത്രി 9.30 വരെ പ്രാർത്ഥിച്ചൊരുങ്ങി, സീയോൻ ഹാളിൽ ആവശ്യമായ ഒരുക്കങ്ങൾ ചെയ്തു. 50 ശുശ്രൂഷകർ പങ്കെടുത്തു. ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.00 വരെ സീയോൻ പൊതുസമ്മേളനം നടന്നു.

**കൺവെൻഷൻ**

ജൂൺ 07 ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ കൺവെൻഷൻ ശുശ്രൂഷകൾ സാഘോഷം നടന്നു. ഡയറക്ടർ ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ കൺവെൻഷന് നേതൃത്വം നൽകി. ബ്രദർ ജോസഫ് വട്ടക്കുന്നേൽ സ്തുതി ആരാധന നയിച്ചു. അഭിവന്ദ്യ മാർ അലക്സ് താരാമംഗലം പിതാവ് വചനശുശ്രൂഷ നടത്തി. ബഹു. ബ്രദർ ബിജു പുളിക്കൽ, സി. അനറ്റ് SKD , എന്നിവർ ഗാന ശുശ്രൂഷക്കും, ബഹു. സി. ആൻസി SCV, സി. മരിയ CMC, സി. നവ്യ SH, എന്നിവർ മറ്റു ശുശ്രൂഷകൾക്കും നേതൃത്വം നൽകി. തിരുഹൃദയമാസം ആയതിനാൽ തിരുഹൃദയ സന്യാസിനി സമൂഹം (SH) മാനന്തവാടി പ്രൊവിൻസ് കൺവെൻഷൻ ഏറ്റെടുത്തു നടത്തി.

**കൗൺസിലിംഗ്**

ജൂൺ 14 ശനി രാവിലെ 09.30 മുതൽ 01 മണിവരെ പൊതു കൗൺസിലിംഗ് ശുശ്രൂഷ നടന്നു.

**അഖണ്ഡ ജപമാല**

ജൂൺ 27 വെള്ളി രാവിലെ 08.30 മുതൽ രാത്രി 08.30 വരെ സീയോൻ ചാപ്പലിൽ അഖണ്ഡ ജപമാലയും ആരാധനയും നടത്തപ്പെട്ടു. സിയോൻ ചാപ്പലിൽ ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 10.15 ന് കുരിശിന്റെ വഴിയും 11 ന് ആരാധനയും കുമ്പസാരവും, 12 മണിക്ക് വി. കുർബാനയും നടന്നുവരുന്നു.

**അന്തരീക സൗഖ്യ ധ്യാനം**

ജൂൺ 26 വ്യാഴം മുതൽ 29 ഞായർ വരെ താമസിച്ചുള്ള ധ്യാനം നടത്തപ്പെട്ടു.

അന്വേഷണങ്ങൾക്ക് 8281132195

**ഫാ. ജിന്റോ തട്ടുപറമ്പിൽ**
ഡയറക്ടർ 9544606936

# സാമൂഹ്യ സേവനരംഗം (WSSS)

**ഫാമിലി ഡെവലപ്മെന്റ് പ്രോഗ്രാമിലേക്ക് പുതിയ അംഗങ്ങളെ ചേർക്കുന്നു**

മാനന്തവാടി രൂപതയുടെ സാമൂഹ്യ ശുശ്രൂഷാ വിഭാഗമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി (WSSS) കഴിഞ്ഞ നാൽപത് പതിറ്റാണ്ടോളമായി കാനഡയിലെ സേവ് എ ഫാമിലി പ്ലാനുമായി സഹകരിച്ച് ഫാമിലി ഡെവലപ്മെന്റ് പ്രോഗ്രാം എന്ന പേരിൽ നിരവധി നിർദ്ധന കുടുംബങ്ങളെ ദത്തെടുത്ത് സാമ്പത്തികവും മാനസികവുമായ പിന്തുണ നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുകയാണ്. സമൂഹത്തിൽ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലായും സാമൂഹികമായി അവഗണിക്കപ്പെട്ടവരായും കഴിയുന്ന കുടുംബങ്ങൾക്ക് ആത്മവിശ്വാസം പകരുകയും, അവരുടെ ആത്മസമൃദ്ധിക്കും സ്വാശ്രയത്വത്തിനും വഴിതെളിയിക്കുകയുമാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. കുടുംബങ്ങളുടെ അവസ്ഥയെ അടിസ്ഥാനമാക്കിയുള്ള തിരഞ്ഞടുപ്പ് മാനദണ്ഡങ്ങൾ, സുസ്ഥിരമായ ചെറുകിട സംരംഭങ്ങളിൽ പങ്കെടുക്കാനുള്ള സന്നദ്ധത, സാമൂഹിക മൂല്യങ്ങളുടെ പോഷണം, ജനകീയതയുടെ വളർച്ച, പുതിയ തലമുറയുടെ ഉന്നത രൂപീകരണം എന്നിവ പദ്ധതിയുടെ ഉപലക്ഷ്യങ്ങളാണ്.

**പദ്ധതിയിൽ കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

**താഴെപ്പറയുന്ന രണ്ട് മാനദണ്ഡങ്ങൾ നിർബന്ധമാണ്:**

1. 13 വയസ്സിൽ താഴെയുള്ള ഒരു കുട്ടി കുടുംബത്തിൽ ഉണ്ടായിരിക്കണം.
2. ഒരു 'സുസ്ഥിര' ചെറുകിട ബിസിനസ്സ് സംരംഭം നടത്താൻ സന്നദ്ധതയും കഴിവുമുള്ള ഒരു കുടുംബാംഗമെങ്കിലും ഫാമിലിയിൽ ഉണ്ടായിരിക്കണം.

**താഴെപ്പറയുന്ന മൂന്ന് മാനദണ്ഡങ്ങളിൽ നിന്ന് കുറഞ്ഞത് ഒരു മാനദണ്ഡമെങ്കിലും നിർബന്ധമാണ്:**

1. സ്ത്രീ നാഥയായ കുടുംബം (വിധവ – ഉപേക്ഷിക്കപ്പെട്ട സ്ത്രീ, ഒറ്റ അമ്മ (Single mother) (50 വയസ്സിൽ താഴെയുള്ള ആശ്രിത

കുട്ടി/കുട്ടികളുള്ള അമ്മ നയിക്കുന്ന കുടുംബം, വിധവ, വിവാഹമോചിത, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട അല്ലെങ്കിൽ അവിവാഹിത)

2. കാൻസർ/എച്ച്ഐവി/എയ്ഡ്സ്/ക്ഷയം/കുഷ്ഠരോഗമുള്ള കുടുംബാംഗം (അപേക്ഷകനോ ഇണയോ മകനോ മകളോ അല്ലെങ്കിൽ ഏതെങ്കിലും കുട്ടിയോ ആയ കുടുംബാംഗം)
3. വൈകല്യമുള്ള കുടുംബാംഗം (കുറഞ്ഞത് 40 ശതമാനം വൈകല്യം - സാധുവായ സർട്ടിഫിക്കറ്റ് ആവശ്യമാണ്) (അപേക്ഷകനോ ഇണയോ മകനോ മകളോ (അല്ലെങ്കിൽ ഏതെങ്കിലും കുട്ടി) കുറഞ്ഞത് 40 ശതമാനം വൈകല്യം ഉള്ള കുടുംബാംഗം ഉണ്ടായിരിക്കണം)

**താഴെകൊടുത്തിരിക്കുന്ന നാല് മാനദണ്ഡങ്ങളിൽ കുറഞ്ഞത് മൂന്നെണ്ണമെങ്കിലും നിർബന്ധമാണ്**

1. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള (ബിപിഎൽ) കാർഡ് (അംഗീകൃത രേഖ ആവശ്യമാണ്) കുടുംബങ്ങൾ എൻഎഫ്എസ്എ പ്രകാരം മുൻഗണനാ ഭവന വിഭാഗത്തിൽപെടുന്നത് (അപേക്ഷകൻ മുൻഗണനാ ഭവനം (പിഎച്ച്എച്ച്) അല്ലെങ്കിൽ അന്ത്യോദയ അന്ന യോജന (എഎവൈ) വ്യക്തമാക്കുന്ന റേഷൻകാർഡ്/ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം) അല്ലെങ്കിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള (ബിപിഎൽ) കാർഡ്.
2. സാനിറ്ററി toilet, Bathroom ഇല്ല.
3. സുരക്ഷിതമായ കുടിവെള്ള ലഭ്യതയില്ല (500 മീറ്ററിൽ കൂടുതൽ അകലെ).
4. അപര്യാപ്തമായ ഷെൽട്ടർ – വീടില്ലാത്തത്, ഗുണനിലവാരമില്ലാത്ത മേൽക്കൂര (ഈന്തപ്പന/തെങ്ങോല, ടാർപ്പ്), ഒരുമുറി മാത്രം, മണ്ണ് കൊണ്ടുള്ള ചുവരുകൾ.

**തിരഞ്ഞെടുക്കപെടുന്നവർ പാലിക്കേണ്ട മാനദണ്ഡങ്ങൾ**

1. വരുമാനവർദ്ധക പരിപാടികൾ ഏറ്റെടുക്കുന്നതിനുള്ള സന്നദ്ധത ഉണ്ടായിരിക്കണം.
2. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടത്തുന്ന പരിശീലനങ്ങളിലും മറ്റ് ബോധവൽക്കരണ പരിപാടികളിലും പങ്കെടുക്കുവാൻ താൽപ്പര്യം ഉണ്ടായിരിക്കണം.
3. പദ്ധതി കാലഘട്ടത്തിൽ കുടുംബാംഗങ്ങളിൽ ആർക്കെങ്കിലും ഒരാൾക്ക് സ്ഥിരവരുമാനം ഉറപ്പുള്ള ഏതെങ്കിലും ജോലി ലഭിച്ചാൽ പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതാണ്.

4. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് പദ്ധതി നടപ്പിലാക്കുവാൻ സന്നദ്ധത ഉണ്ടായിരിക്കണം.

**പദ്ധതിനിർവ്വഹണം**

1. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ ആയിരിക്കും പദ്ധതി നടപ്പിലാക്കുക.
2. പദ്ധതിയിൽ അംഗമാകുന്ന കുടുംബത്തിന് 06 വർഷം പദ്ധതി സഹായം ലഭിക്കും.
3. ഈ വർഷം 136 കുടുംബങ്ങളെയാണ് ഉൾപ്പെടുത്തുക.
4. തൊണ്ടർനാട്, തൃശ്ശിലേരി, പുൽപ്പള്ളി, മുള്ളൻകൊല്ലി, മാനന്തവാടി, എടവക, പനമരം, തവിഞ്ഞാൽ, പടിഞ്ഞാറത്തറ, വെള്ളമുണ്ട, കോട്ടത്തറ എന്നീ പഞ്ചായത്തുകളിൽ നിന്നുള്ള കുടുംബങ്ങളെയാണ് തിരഞ്ഞെടുക്കേണ്ടത്.
5. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ അതാത് ഇടവകളിൽ നിന്നും മുകളിൽ പറഞ്ഞിരിക്കുന്ന യോഗ്യതകളുള്ള കുടുംബങ്ങളെ തെരഞ്ഞെടുത്ത് മുൻഗണന നിശ്ചയിച്ച് 2025 ജൂൺ 30 ന് മുമ്പ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്.
6. വികാരിയച്ചന്മാർ അയച്ചു തരുന്ന കുടുംബങ്ങളിൽ നിന്ന് അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നത് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ആയിരിക്കും.
7. നൽകുന്ന തുക വരുമാന വർദ്ധക ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കേണ്ടതാണ്.

**ചൂരൽമല മുണ്ടക്കൈ പുനരധിവാസ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു**

മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ചൂരൽമല മുണ്ടക്കൈ ദുരന്തത്തിൽ സർവ്വതും നഷ്ടപ്പെട്ടവർക്കുവേണ്ടി നടപ്പിലാക്കി വരുന്ന പുനഃരധിവാസ പ്രവർത്തനങ്ങൾ കാര്യക്ഷമമായി പുരോഗമിക്കുന്നു. തോമാട്ടുചാലിൽ നിർമ്മിക്കുന്ന 02 ഭവനങ്ങളുടെ കോൺക്രീറ്റ് വരെയുള്ള പണിപൂർത്തിയായി. വാഴവറ്റയിൽ ചുറ്റുമതിൽ, റോഡ്, കിണർ നിർമ്മാണം എന്നിവ കാര്യക്ഷമമായി നടന്നുവരുന്നു. ശക്തമായ മഴ തടസ്സമാകുന്നുണ്ട്.

**അന്താരാഷ്ട്ര പരിസ്ഥിതിദിനം ആചരിച്ചു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അന്താരാഷ്ട്ര പരിസ്ഥിതി ദിനം ആചരിച്ചു. ദിനാഘോഷത്തിന്റെ ഭാഗമായി സ്കൂൾ കുട്ടികൾക്കുള്ള ചിത്രരചന മത്സരം, സോഷ്യൽ വെൽഫെയർ സൊസൈറ്റികൾ കേന്ദ്രീകരിച്ച് സെമിനാറുകൾ, തൈകൾ നടീൽ എന്നിവ നടത്തി. മാനന്തവാടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നടന്ന ദിനാഘോഷ പരിപാടികളുടെ ഉദ്ഘാടനം നബാർഡ് ജില്ലാ മാനേജർ ആർ. ആനന്ദ് ഫലവൃക്ഷത്തൈ നട്ട് നിർവഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വൈസ് പ്രസിഡന്റ് സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ സംസാരിച്ചു.

**നബാർഡ് ജില്ലാ മാനേജർ സന്ദർശനം നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ മുള്ളൻകൊല്ലി നീർത്തട പ്രദേശത്ത് നടപ്പിലാക്കി വരുന്ന നബാർഡ് നീരുറവ സംരക്ഷണ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും നബാർഡിന്റെ ജില്ലാ മാനേജർ ആനന്ദ് ആർ നീർത്തട പ്രദേശത്ത് സന്ദർശനം നടത്തി. സന്ദർശനത്തിന്റെ ഭാഗമായി നീർത്തട കമ്മിറ്റി അംഗങ്ങളുമായി ചർച്ച, രേഖകളുടെ പരിശോധന എന്നിവ നടത്തി. കൂടാതെ നീർത്തട പ്രദേശത്ത് നടപ്പിലാക്കിയ കിണർ റീചാർജിങ്, കോഴി വളർത്തൽ, ചെറുകിട വ്യവസായ യൂണിറ്റുകൾ, ജൈവവള നിർമ്മാണ യൂണിറ്റ്, ചെറുകിട ജലസേചനം, മൺകയ്യാലകൾ, കല്ല് കയ്യാലകൾ തുടങ്ങിയ പദ്ധതി പ്രവർത്തങ്ങൾ നേരിട്ട് കണ്ടു മനസ്സിലാക്കി. സന്ദർശനത്തിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ, പ്രൊജക്റ്റ് കോ ഓർഡിനേറ്റർമാരായ റോബിൻ ജോസഫ്, ദീപു ജോസഫ് നീർത്തട കമ്മിറ്റി അംഗങ്ങളായ പി. സുനിൽകുമാർ, ചന്ദ്രിക സതീഷ് ബാബു എന്നിവർ നേതൃത്വം നൽകി.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

**SWS മീറ്റിംഗുകൾ**

ആലാറ്റിൽ, തലപ്പുഴ, വലിയകൊല്ലി, പാറത്തോട്ടം, ചെന്നലോട് കാരക്കാമല, കുറുമണി, കുറുമ്പാല, ഒഴുക്കന്മൂല, മംഗലശ്ശേരി,

മൊതക്കര, കൊട്ടിയൂർ, ചുങ്കക്കുന്ന്, പാൽചുരം, അമ്പായത്തോട്, ജൂഡ്സ്മൗണ്ട്, സീതാമൗണ്ട്, പട്ടാണിക്കൂപ്പ്, പടമല, കമ്മന, കണിയാരം, ആറാട്ടുതറ, തൃശ്ശിലേരി, പയ്യംമ്പള്ളി, ചെറുകാട്ടൂർ, എടയൂർ കുന്ന്, ദ്വാരക, കുഞ്ഞോം, വഞ്ഞോട്, പുതിയിടം, ഒണ്ടയങ്ങാടി എന്നിവിടങ്ങളിൽ നടത്തിയ സോഷ്യൽ വെൽഫെയർ സൊസൈറ്റി മീറ്റിംഗുകൾക്ക് ഫാ. മനോജ് കാക്കോനാൽ, SWS റീജിയണൽ കോർഡിനേറ്റർമാരായ ആലീസ് സിസിൽ, ബിൻസി വർഗ്ഗീസ്, ജിനി ഷിനു, ലിജ കുര്യാക്കോസ് എന്നിവർ നേതൃത്വം നൽകി.

**SHG രൂപീകരണം**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ വിവിധങ്ങളായ പ്രോജക്ടുകളും പ്രവർത്തനങ്ങളും കൂടുതൽ ഇടവകകളിലേക്കും കുടുംബങ്ങളിലേക്കും വ്യക്തികളിലേക്കും വ്യാപിപ്പിക്കുക, വരുമാന വർദ്ധക പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിന് ആവശ്യമായ പരിശീലനങ്ങൾ നൽകുക, സമ്പാദ്യശീലം വളർത്തുക എന്നീ ലക്ഷ്യങ്ങളോടെ നിരവിൽപുഴ, കുഞ്ഞോം, കാപ്പുണ്ടിക്കൽ, അരമ്പറ്റക്കുന്ന്, തലപ്പുഴ, വെട്ടിക്കകവല, അമ്മാവൻമുക്ക്, അമ്പുകുത്തി, അരണപ്പാറ, തൃശ്ശിലേരി എന്നിവിടങ്ങളിൽ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു.

**സോപ്പുല്പ്പന്ന നിർമ്മാണ പരിശീലനം നടത്തി**

കേളക്കവല, കാവുമന്ദം, മാനന്തവാടി, നിരവിൽപുഴ, വെള്ളമുണ്ട, എന്നീ സ്ഥലങ്ങളിൽ സോപ്പുല്പ്പന്ന നിർമ്മാണ പരിശീലനം നടത്തി.

**ഗർഭാശയ ക്യാൻസർ ബോധവത്ക്കരണ ക്ലാസ്സ്**

തൃശ്ശിലേരി, എടയൂർകുന്ന്, കമ്മന, കണിയാരം, പേരാൽ, മഞ്ഞൂറ, ഒഴുക്കൻമൂല, കാരക്കാമല, സീതാമൗണ്ട്, പാടിച്ചിറ, കണിയാമ്പറ്റ, ചുങ്കക്കുന്ന്, വഞ്ഞോട്, വാളേരി, ജൂഡ്സ്മൗണ്ട്, തോണിച്ചാൽ, എടത്തന, വലിയകൊല്ലി, കുഞ്ഞോം, കുറുമ്പാല, ചുള്ളിയാന എന്നീ സ്ഥലങ്ങളിൽ ക്യാൻസർ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. വിപിൻ വാസുദേവ്, ധന്യ, റോണി ഗിൽബർട്ട്, ശങ്കർ എന്നിവർ ക്ലാസ്സെടുത്തു.

**പരിസ്ഥിതി ദിനാചരണം**

പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി തൃശ്ശിലേരി, ചുങ്കക്കുന്ന്, കമ്മന എന്നീ സ്ഥലങ്ങളിൽ വൃക്ഷതൈകൾ നട്ടു.

**ഫാ. ജിനോജ് പാലത്തടത്തിൽ**

ഡയറക്ടർ, WSSS

# ജീവസ് & കെ. എൽ. എം

(Department for Labour and Welfare - Diocese of Mananthavady)

**ഫാമിലി ഹെൽത്ത് കെയർ**

ജീവസ്സ് & കെ.എൽഎം, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുമായി സഹകരിച്ച് നടപ്പിലാക്കിയ ഫാമിലി ഹെൽത്ത് ഇൻഷൂറൻസ് പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയായി.

രണ്ട് ലക്ഷം മുതൽ പത്ത് ലക്ഷം രൂപ വരെ പരിരക്ഷ ലഭിക്കത്തക്കവിധമാണ് പദ്ധതി പൂർത്തീകരിച്ചത്.

രണ്ട് ലക്ഷം പരിരക്ഷ 62, മൂന്ന് ലക്ഷം 21, നാല് ലക്ഷം 11, അഞ്ച് ലക്ഷം 77, ആറ് ലക്ഷം 24, ഏഴ് ലക്ഷം 12, എട്ട് ലക്ഷം10, ഒമ്പത് ലക്ഷം11, പത്ത് ലക്ഷം 15- വീതം കുടുംബങ്ങൾ ഉൾപ്പെടെ ആകെ 243 കുടുംബങ്ങൾ ആണ് ഇതിൽ അംഗങ്ങളായിട്ടുള്ളത്.

ഓരോ കുടുംബത്തിനും കുറഞ്ഞത് 3427 രൂപയും കൂടിയത് 14500 രൂപയും വീതം എല്ലാവർക്കും സംഘടനയിൽ നിന്നും പ്രീമിയം തുക സഹായമായി നല്കി. പത്ത് കുടുംബങ്ങൾക്ക് പൂർണ്ണമായ സഹായം നല്കി. 13 ലക്ഷം രൂപ ഈ ഇനത്തിൽ സഹായമായി നല്കുകയുണ്ടായി. സഹകരിച്ച ബഹുമാനപ്പെട്ട വൈദീകരോടും പാരീഷ് കോഡിനേറ്റർമാരോടുമുള്ള കൃതജ്ഞത അറിയിക്കുന്നു. പോളിസി സംബന്ധമായ വിവരങ്ങൾ നമ്പർ ഉൾപ്പെടെ എല്ലാവർക്കും നേരിട്ട് മെസേജ് ആയി കമ്പനി അയച്ചിട്ടുണ്ട്.

വിവിധ സ്ഥലങ്ങളിലായി അംഗങ്ങളെ വിളിച്ച് ചേർത്ത് കൂടുതൽ വിവരങ്ങളും പോളിസി പേപ്പറുകളും ജൂലൈ 15ന് മുമ്പ് നല്കുന്നതാണ്.

**ഫാമിലി ഹെൽത്ത് കെയർ രണ്ടാം ഘട്ടം**

ഈ പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. താല്പര്യമുള്ള പാരീഷ് കോഡിനേറ്റർമാർക്ക് രൂപതാ ഡയറക്ടറുമായി ബന്ധപ്പെടാവുന്നതാണ്.

**സംസ്ഥാന നേതൃസംഗമം**

സംസ്ഥാന തലത്തിൽ നടത്തിയ രൂപതാ ഭാരവാഹികളുടെ സംഗമം എറണാകുളം പി.ഒ.സിയിൽ വെച്ച് നടന്നു. രൂപതയെ പ്രതിനിധീകരിച്ച് പ്രസിഡണ്ട് ബിജു പോൾ പങ്കെടുത്തു.

**തയ്യൽ തൊഴിലാളി (KTWF) ക്ഷേമനിധി വെരിഫിക്കേഷൻ ക്യാമ്പ്**

തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗമാകുവാൻ അപേക്ഷ നല്കിയ 23 പേരുടെ ലേബർ ഡിപ്പാർട്ട്മെന്റിന്റെ വെരിഫി

ക്ലേഷൻ ക്യാമ്പ് നിലമ്പൂർ ലിറ്റിൽ ഫ്ളവർ ഫോറോന ചർച്ചിൽ വച്ച് നടന്നു. ക്യാമ്പ് ഫോറോന വികാരി ഫാ. സെബാസ്റ്റ്യൻ പുത്തേൻ ഉദ്ഘാടനം ചെയ്തു. KLM & Jewass നിലമ്പൂർ- മണിമൂളി റീജിയണൽ കോഡിനേറ്റർ ജോയി ചാച്ചിറ സ്വാഗതം ആശംസിച്ചു. ലേബർ ഡിപ്പാർട്ട്മെന്റിനെ പ്രതിനിധികരിച്ച് സുനിൽകുമാർ ക്ഷേമനിധിയുടെ പ്രവർത്തന രീതി, കിട്ടുന്ന ആനുകൂല്യങ്ങൾ എന്നിവയെ കുറിച്ച് ക്ലാസ്സ് എടുത്തു. KLM തയ്യൽ തൊഴിലാളി ഫോറം മലപ്പുറം ജില്ലാ കോ ഓർഡിനേറ്റർ ബിജു കോട്ടേപറമ്പിൽ ആശംസകൾ നേർന്നു. സഹവികാരി ഫാ. അനൂപ് കേച്ചേരി നന്ദി അർപ്പിച്ച് സംസാരിച്ചു. ഭാരവാഹികളായി വാസന്തി കാഞ്ഞിരം കോട്ടുവിളയിൽ, ലിൻസി കുര്യൻ മിറ്റത്താനി എന്നിവരെ യഥാക്രമം പ്രസിഡണ്ടും, സെക്രട്ടറിയുമായി തെരെഞ്ഞെടുത്തു.

**പാരീഷ് കോഡിനേറ്റർമാരുടെ യോഗം**

2025 ജൂലൈ 24ന് മാനന്തവാടി WSSSൽ വെച്ച് പാരീഷ് കോഡിനേറ്റർമാരുടെ യോഗം ചേരുന്നു. വിശദവിവരങ്ങൾ അവരെ അറിയിക്കുന്നതാണ്.

വികാരിയച്ചൻമാർ മാറി വന്നിട്ടുള്ള ഇടവകകളിലെ കോഡിനേറ്റർമാർ വൈദീകരെ സന്ദർശിച്ച് നടന്ന പ്രവർത്തനങ്ങൾ അറിയിക്കണമെന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**പാരീഷ് ക്യാമ്പുകൾ**

ഇടവകാതല സെമിനാറുകൾ നടന്ന സ്ഥലങ്ങളിൽ ഓഗസ്റ്റ് മാസം മുതൽ ക്ഷേമനിധികളിലും ഇൻഷൂറൻസ് പദ്ധതികളിലും ചേരുന്നതിനായി ക്യാമ്പുകൾ നടത്താൻ തയ്യാറാണ്. കോഡിനേറ്റർമാർ ഇക്കാര്യത്തിൽ പ്രത്യേകം താല്പര്യമെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**സ്വാവലംബൻ**

കേന്ദ്രഗവൺമെന്റ് പദ്ധതിയായ സ്വാവലംബനിൽ ചേർന്ന് മെയ് മാസം 60 വയസ്സ് പൂർത്തിയായ 22 പേരുടെ റിട്ടയർമെന്റ് ആനുകൂല്യത്തിന് അപേക്ഷ അയച്ചു.

**സ്കോളർഷിപ്പ് ആനുകൂല്യം**

വിവിധ ക്ഷേമപദ്ധതിയിൽ ചേർന്ന അംഗങ്ങളുടെ മക്കൾക്ക് 10,11,12 ക്ലാസുകൾക്ക് സ്കോളർഷിപ്പിനുള്ള അപേക്ഷ സമർപ്പിക്കുന്ന സമയമാണ്. അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കാൻ വേണ്ട ക്രമീകരണങ്ങൾ ഓഫീസ് തലത്തിൽ ചെയ്തു കൊടുക്കുന്നു.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
രൂപതാ ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

**1. ബഹു. അനൂപ് കൊല്ലംകുന്നേൽ അച്ചന് ആദരാഞ്ജലികൾ**

മാനന്തവാടി രൂപതാംഗവും, NDS അസി. ഡയറക്ടറവുമായ ബഹുമാനപ്പെട്ട കൊല്ലംകുന്നേൽ അനൂപച്ചൻ (37) 21.05.2025 ബുധനാഴ്ച്ച നിര്യാതനായി. ബഹുമാനപ്പെട്ട കൊല്ലംകുന്നേൽ അനൂപച്ചൻ തമിഴ്നാട് നീലഗിരി ജില്ലയിലെ കുന്നലാടിയിൽ കൊല്ലംകുന്നേൽ വർഗീസ് വൽസമ്മ ദമ്പതികളുടെ മൂത്ത മകനായി 1988 ജൂലൈ ഒമ്പതാം തീയതി ജനിച്ചു. ഉപ്പട്ടി ഭാരതമാതാ സ്കൂളിലെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം മാനന്തവാടി രൂപതക്കു വേണ്ടി 2015 ഡിസംബർ 29 ന് പൗരോഹിത്യം സ്വീകരിച്ചു. വൈദികനായ ശേഷം പയ്യംപള്ളി, തരിയോട്, നിലമ്പൂർ, ബോയ്സ് ടൗൺ എന്നീ ഇടവകകളിൽ അസ്തേന്തിയായും, ബോസ്പര, കല്ലുമുക്ക് ഇടവകകളുടെ വികാരിയായും നീലഗിരി ഡവലപ്മെന്റ് സൊസൈറ്റിയുടെ അസിസ്റ്റന്റ് ഡയറക്ടറായും ശുശ്രൂഷ ചെയ്തു. അടുത്ത നാളുകളിൽ ആരോഗ്യപരമായ അസ്വസ്ഥതകൾ അച്ചനെ ബാധിക്കുകയും അത് കഠിനമായ ന്യുമോണിയയായി പരിണമിക്കുകയും രണ്ടാഴ്ചയോളം തീവ്രപരിചരണം സ്വീകരിക്കുകയും ചെയ്തിരുന്നു. അടുത്ത ദിവസങ്ങളിൽ ആരോഗ്യനിലയിൽ കാര്യമായ പുരോഗതി ഉണ്ടായെങ്കിലും 2025 മെയ് 21 ന് രാവിലെ പെട്ടെന്നുണ്ടായ ഹൃദയസ്തംഭനം മൂലം അച്ചൻ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. വളരെ ചെറുപ്പത്തിൽത്തന്നെ മരണം മൂലം മാനന്തവാടിരൂപതയ്ക്ക് അനൂപച്ചനെ നഷ്ടപ്പെടുമ്പോൾ രൂപതാകുടുംബത്തോടൊപ്പം NDS കുടുംബവും ഏറെ ദുഃഖിക്കുന്നു.

ബഹുമാനപ്പെട്ട അനൂപ് കൊല്ലംകുന്നേലച്ചന്റെ മൃതസംസ്കാര ശുശ്രൂഷ 2025 മെയ് 22 ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയോടെ ആരംഭിക്കുകയും ചെയ്തു. ബലിയുടെ സമാപനത്തിൽ നീലഗിരി ഡവലപ്മെന്റ് സൊസൈറ്റിയുടെ ഡയറക്ടറായിരുന്ന ബഹു. ബിനോയ് കാശാംകുറ്റി അച്ചൻ നന്ദി പറഞ്ഞു സംസാരിച്ചു. ബിനോയ് അച്ചന്റെ അസിസ്റ്റന്റ് ആയി സേവനം ചെയ്ത ബഹു. അനൂപച്ചനെ ഹൃദയസ്പർശിയായ വാക്കുകൾകൊണ്ട് ബഹു. ബിനോയ് അച്ചൻ അനുസ്മരിച്ചു. അച്ചന്റെ ദേഹവിയോഗം അറിഞ്ഞ് NDS ധർമ്മഗിരി, വിമലഗിരി, ബോസ്പാറ, കയ്യൂന്നി, കുന്നലാടി, കൽപ്ര യൂണിറ്റുകളിൽ നിന്നും

ധാരാളം ആളുകൾ ആദരാഞ്ജലികൾ അർപ്പിക്കുവാനായി ദ്വാരകയിൽ എത്തി.

ബഹു. കൊല്ലംകുന്നേൽ അനൂപ് അച്ചന്റെ ദേഹവിയോഗത്തിൽ NDS കുടുംബം അഗാധമായ ദുഃഖം രേഖപ്പെടുത്തുകയും അച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**2. സമൃദ്ധകുടുംബം Phase 2 സന്ദർശനം**

NDS ഉം ബയോവിൻ അഗ്രോ റിസേർച്ചും സംയുക്തമായി നടപ്പിലാക്കുന്ന സമൃദ്ധകുടുംബം പദ്ധതിയുടെ രണ്ടാം ഘട്ടത്തിലേക്ക് നീലഗിരി റീജിയണിൽ നിന്നും ഗുണഭോക്താക്കളായി തിരഞ്ഞെടുക്കപ്പെട്ട 25 ൽ 23 പേരുടെയും ഭവനങ്ങളിൽ ജൂൺ മാസം 04, 05, 06 തീയതികളിലായി പ്രോജക്ട് കോഡിനേറ്റർ ജോഷി ടി.പി മൂന്നാംഘട്ട സന്ദർശനം പൂർത്തിയാക്കുകയും, അവർക്ക് രണ്ടാം ഘഡുവായി ലഭിച്ച തുകകൊണ്ട് നടപ്പിലാക്കിയ വരുമാന ഉത്പാദന മാർഗ്ഗങ്ങളെകുറിച്ച് ചോദിച്ചറിയുകയും, ഫോട്ടോ എടുക്കുകയും, അതിന്റെ വിശദമായ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

**സമൃദ്ധകുടുംബം പദ്ധതിയുടെ ഗുണഭോക്താക്കളുടെ പേര് വിവരങ്ങളും, നടപ്പിലാക്കുന്ന പദ്ധതികളും**

| | പേര് | നടപ്പിലാക്കുന്ന പദ്ധതികൾ |
|---|---|---|
| 1 | സിജി സജി | ചുരിദാർ, നൈറ്റി മെറ്റീരിയൽസ് വാങ്ങിച്ച് തയിച്ച് വിൽക്കുന്നു |
| 2 | ത്രേസ്യ പീറ്റർ | ബയോവിൻ SIGWE കറിമാസലാകളുടെ വിപണനം നടത്തുന്നു. ഒപ്പം 20 ഓളം കോഴികളെ മേടിച്ച് വളർത്തുന്നു. |
| 3 | ഷേർളി | 2 ആടുകളെ മേടിക്കുകയും ആട്ടിൻകൂട് പണിയുകയും ചെയ്തു. |
| 4 | മിനി ബാബു | 20 ഓളം കോഴികളെ മേടിച്ച് വളർത്തുന്നു. |
| 5 | സെലിൻ | തേയിലതോട്ടം ലീസിനെടുത്ത് ചപ്പ് എടുക്കുന്നു. |
| 6 | മേഴ്സി | തയ്യിൽ മെഷീൻ മേടിക്കുകയും ചുരിദാർ, നൈറ്റി മെറ്റീരിയൽസ് മേടിച്ച് തയിച്ച് വിൽക്കുകയും ചെയ്യുന്നു. |
| 7 | നന്ദിനി | കാപ്പി തോട്ടം ലീസിനെടുത്ത് കൃഷി ചെയ്യുന്നു |
| 8 | നിഷ | ചുരിദാർ, നൈറ്റി മെറ്റീരിയൽസ് മേടിച്ച് തയിച്ച് വിൽക്കുന്നു. |
| 9 | വിനിജ മനു | കാട്ടുതേൻ മേടിച്ച്, സംസ്കരിച്ച് പ്രാദേശികമായി വിപണനം നടത്തുന്നു. |
| 10 | പുഷ്പമേരി | ചുരിദാർ, നൈറ്റി മെറ്റീരിയൽസ് മേടിച്ച് തയിച്ച് വിൽക്കുന്നു. |

| | | |
|---|---|---|
| 11 | ജാൻസി | തയ്യിൽ മെഷീൻ മേടിക്കുകയും ചുരിദാർ, നൈറ്റി മെറ്റീരിയൽസ് മേടിച്ച് തയിച്ച് വിൽക്കുകയും ചെയ്യുന്നു. |
| 12 | അമലറാണി | ചുരിദാർ, നൈറ്റി മെറ്റീരിയൽസ് മേടിച്ച് തയിച്ച് വിൽക്കുന്നു. |
| 13 | ഉലകേശ്വരി | 3 ആടുകളെ മേടിക്കുകയും ആട്ടിൻകൂട് പണിയുകയും ചെയ്തു. |
| 14 | സോജ ജോഷി | പുതിയതായി ഒരു പ്രിന്റർ മേടിക്കുകയും സിറോക്സ് ഷോപ്പ് വിപുലീകരിക്കുകയും ചെയ്തു. |
| 15 | മഞ്ജു മാത്യു | കാപ്പ, കവുങ്ങ്, വാഴ തൈകൾ മേടിക്കുകയും നടുകയും ചെയ്തു |
| 16 | ഷിജി ജോൺസൺ | ബയോവിൻ SIGWE കറിമാസലാകളുടെ വിപണനം നടത്തുന്നു. |
| 17 | ജിജി | 3 ആടുകളെ മേടിക്കുകയും ആട്ടിൻകൂട് പണിയുവാനുള്ള സാധനങ്ങൾ മേടിക്കുകയും ചെയ്തു. |
| 18 | ബീന ജയിംസ് | വാഴകൃഷിക്ക് വളം, മരുന്ന്, നാട്ട, കയർ എന്നിവ മേടിച്ചു. |
| 19 | ഷീബ തോമസ് | പാവൽ, പയർ കൃഷിക്കുവേണ്ടി ഉപയോഗിച്ചു |
| 20 | മിൻസി | 1 ഏക്കർ തേയിലതോട്ടം ലീസിനെടുത്ത് ചപ്പ് എടുക്കുന്നു. |
| 21 | നീതു സെബാസ്റ്റ്യൻ | തയ്യിൽ മെഷീൻ മേടിക്കുകയും ചുരിദാർ, നൈറ്റി മെറ്റീരിയൽസ് മേടിച്ച് തയിച്ച് വിൽക്കുകയും ചെയ്യുന്നു. |
| 22 | ബിന്ദു ബിജു | 2 ഏക്കർ തേയിലതോട്ടം ലീസിനെടുത്ത് ചപ്പ് എടുക്കുന്നു. |
| 23 | മിനി ജോസ് | പശുവിനെ മേടിച്ച് വളർത്തുന്നു. |

**3. NDS മേഖലാ വിലയിരുത്തൽ മീറ്റിംഗ്**

2025 ജൂൺ മാസം 13-ാം തീയതി വെള്ളിയാഴ്ച്ച രാവിലെ 11.00 മണിമുതൽ ഈ മാസത്തെ ഇവാലുവേഷൻ മീറ്റിംഗ് മേഖലാ ഓഫീസിൽ വെച്ച് നടത്തപ്പെടുകയുണ്ടായി. മീറ്റിംഗിന് NDS ഡയറക്ടർ ഫാദർ ബിനോയി കാശാംകുറ്റിയിൽ നേതൃത്വം കൊടുത്തു. NDS അസി. ഡയറക്ടറായിരുന്ന ബഹു. അനൂപ് കൊല്ലംകുന്നേലച്ചന്റെ അകാലവിയോഗത്തിൽ അച്ചൻ അനുശോചനം രേഖപ്പെടുത്തി. വിമലഗിരി, കൽപ്ര, ബോസ്പാറ, ധർമ്മഗിരി, കയ്യൂന്നി യൂണിറ്റുകളിൽ നിന്നും പ്രതിനിധികൾ കഴിഞ്ഞ രണ്ടുമാസത്തെ യൂണിറ്റുകളുടെ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ഡയറക്ടറച്ചൻ യൂണിറ്റുകളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും, വ്യത്യസ്തങ്ങളായ

പ്രവർത്തനങ്ങൾ ചെയ്ത യൂണിറ്റുകളെ പ്രത്യേകം അഭിനന്ദിക്കുകയും ചെയ്തു. കൂടാതെ ജൂൺ, ജൂലൈ മാസങ്ങളിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായി ചർച്ച നടത്തുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**4. Personality Development Training**

2025 മെയ് 31-ാം തീയതി ദേവർഷോല, മെഫീൽഡിൽ വെച്ച് എസ്റ്റേറ്റ് തൊഴിലാളികളുടെ 5 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന 51 വിദ്യാർത്ഥികൾക്കുവേണ്ടി, പുതിയ അധ്യായന വർഷാരംഭത്തിനൊരുക്കമായി നേതൃത്വപരിശീലനം, വ്യക്തിത്വവികസനം, ആശയവിനിമയം, പഠനനിലവാരം മെച്ചപ്പെടുത്തൽ മുതലായ വിഷയങ്ങളിൽ NDS ന്റെ നേതൃത്വത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.00 മണിവരെയാണ് പരിശീലന പരിപാടി നടത്തിയത്. NDS സ്റ്റാഫ് ജൂഡ് മാർട്ടിൻ പരിശീലന പരിപാടികൾക്ക് നേതൃത്വം കൊടുത്തു.

**5. യൂണിറ്റ് ഓഡിറ്റിംഗ്**

2024-25 സാമ്പത്തിക വർഷത്തെ സ്വാശ്രയസംഘങ്ങളുടെ കണക്കുകൾ മേഖലയുടെ നേതൃത്വത്തിൽ ഓഡിറ്റിംഗ് ചെയ്യുന്നതിന്റെ ഭാഗമായി, NDS കയ്യൂന്നി യൂണിറ്റിലെ 3 സ്വാശ്രയസംഘങ്ങളുടെ കണക്കുകൾ 20.05.2025 ന് മേഖലാ കോഡിനേറ്റർ ജോഷിയുടെ നേതൃത്വത്തിൽ ഓഡിറ്റിംഗ് ചെയ്തു.

**6. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ & കരുണൈ ആംബുലൻസ് സർവ്വീസ്**

കരുണൈ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ ഭാഗമായി നീലഗിരി റീജിയണിലെ പന്തല്ലൂർ താലൂക്കിലെ പാട്ടവയൽ, ബെക്കി, കുന്നലാടി, കയ്യൂന്നി, കൊട്ടാട് പ്രദേശങ്ങളിൽ കിടപ്പുരോഗികളായവർക്ക് ആവശ്യമായ പാലിയേറ്റീവ് കെയർ നല്കുകയും, കിടപ്പുരോഗികളായവരുടെ ഷുഗർ, ബി.പി എന്നിവ പരിശോധിക്കുകയും അത്യാവശ്യമായി റൈൽസ് ട്യൂബ് ഇടേണ്ട 2 രോഗികൾക്ക് അത്തരം പരിചരണങ്ങൾ നല്കുകയും ചെയ്തു. മാസത്തിന്റെ മൂന്നാമത്തെ ശനിയാഴ്ച്ച പാലിയേറ്റീവ് കെയർ ദിനമായി ആചരിക്കുകയും അന്നേ ദിവസം രോഗികളെ പ്രത്യേകമായി നോക്കുകയും അവർക്ക് ആവശ്യമായ വൈദ്യസഹായങ്ങൾ നൽകുകയും ചെയ്തു. ഇതിനും പുറമേ നിർദ്ദനരായ രോഗികൾക്ക് അംബുലൻസ് സഹായം നൽകി.

**7. യൂണിറ്റ് തല പ്രവർത്തനങ്ങൾ**

**വിമലഗിരി യൂണിറ്റ്:** ബഹു. അനൂപ് കൊല്ലംകുന്നേലച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ യൂണിറ്റ് ഭാരവഹികളും അംഗങ്ങളും പങ്കെടുത്തു. അച്ചനുവേണ്ടി ദിവ്യബലി അർപ്പിച്ചും, ഒപ്പീസ് ചൊല്ലി

പ്രാർത്ഥിച്ചും, അനുസ്മരണ കുറിപ്പ് വായിച്ചും അനുസ്മരണം നടത്തുകയും അച്ചന്റെ വിയോഗത്തിൽ ദുഃഖം രേഖപ്പെടുത്തുകയും ചെയ്തു. ഇവാലുവേഷൻ മീറ്റിംഗും, കർമ്മസമിതി മീറ്റിംഗും നടത്തി. NDS ജനറൽ ബോഡി മീറ്റിംഗ് നടത്തുകയും യൂണിറ്റിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും, പുതിയ ലോണുകൾ നൽകുകയും ചെയ്തു. റോഡിന്റെ ഇരുവശങ്ങളിലും നിക്ഷേപിക്കുന്ന മാലിന്യങ്ങൾ നീക്കാൻ പഞ്ചായത്തിൽ പരാതി നല്കി. SIGWE കറിമസാലകളുടെ വിപണനം യൂണിറ്റിന്റെ നേതൃത്വത്തിൽ ഉടൻ ആരംഭിക്കുവാൻ തീരുമാനമായി.

**ധർമ്മഗിരി യൂണിറ്റ്:** ബഹു. അനൂപ് കൊല്ലംകുന്നേലച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ യൂണിറ്റ് ഭാരവഹികളും അംഗങ്ങളും പങ്കെടുത്തു. അച്ചനുവേണ്ടി ദിവ്യബലി അർപ്പിച്ചും, ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചും, അനുസ്മരണ കുറിപ്പ് വായിച്ചും അനുസ്മരണം നടത്തുകയും ചെയ്തു. കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗുകൾ നടത്തി. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും ലോണുകൾ നൽകുകയും ചെയ്തു. SIGWE കറിമസാലകളുടെ വിപണനം യൂണിറ്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു. യൂണിറ്റിന്റെ നേതൃത്വത്തിൽ ഇഞ്ചി കൃഷി ചെയ്തു.

**കൽപ്ര യൂണിറ്റ്:** കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗുകൾ നടത്തി. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും ലോണുകൾ നൽകുകയും ചെയ്തു. യൂണിറ്റ് കോഡിനേറ്ററുടെ നേതൃത്വത്തിൽ ഗ്രൂപ്പ് ഓഡിറ്റിംഗ് നടത്തി.

**ബോസ്പാറ യൂണിറ്റ്:** ബഹു. അനൂപ് കൊല്ലംകുന്നേലച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ യൂണിറ്റ് ഭാരവഹികളും അംഗങ്ങളും പങ്കെടുക്കയും റീത്ത് സമർപ്പിക്കുകയും ചെയ്തു. ഇവാലുവേഷൻ മീറ്റിംഗിൽ അനൂപച്ചനെകുറിച്ചുള്ള അനുസ്മരണ കുറിപ്പ് വായിച്ചു. കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗുകൾ നടത്തി. ആനിമേറ്റർക്ക് യാത്രയയപ്പ് നൽകി. പരിസര ശുചീകരണം നടത്തി. യൂണിറ്റിന്റെ നേതൃത്വത്തിൽ ക്ലീനിംഗ് പ്രോഡറ്റുകൾ നിർമ്മിച്ച് വിപണനം നടത്തി.

**കയ്യൂന്നി യൂണിറ്റ്:** ഇവാലുവേഷൻ മീറ്റിംഗിൽ അനൂപച്ചനെ കുറിച്ചുള്ള അനുസ്മരണ കുറിപ്പ് വായിക്കുകയും അച്ചന്റെ ആത്മ ശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗുകൾ നടത്തി. രോഗീ സന്ദർശനം നടത്തി. സാമ്പത്തിക സാഹയം നൽകി. പരിസ്ഥിതി ദിനാചരണം നടത്തി. യൂണിറ്റിന്റെ നേതൃത്വത്തിൽ പച്ചക്കറി തൈകളുടെ വിപണനം നടത്തി.

**ഫാ. ബിനോയി കെ സെബാസ്റ്റ്യൻ**
ഡയറക്ടർ നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി (NDS)

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവകൃഷി വ്യാപനം, പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുക എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 19099 കർഷകരാണ് 1115 ഗ്രൂപ്പുകളിലായി (48 ICS- Internal control system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**പദ്ധതിയിൽ അംഗത്വം**

ബയോവിൻ നടപ്പിലാക്കുന്ന ജൈവസുസ്ഥിര മാനദണ്ഡ പ്രകാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃഷിയിടമുള്ള ആർക്കും സാധ്യമാണ്. പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോവിന്നിൽ ചേർന്ന് പ്രവർത്തിക്കുവാൻ താൽപര്യപ്പെടുന്ന കർഷകർക്ക് നിങ്ങളുടെ പഞ്ചായത്തിലെ ഫീൽഡ് കോർഡിനേറ്ററുമായി (F-C-H-) ബന്ധപ്പെടാവുന്നതാണ്.

**ഇന്റേർണൽ ഇൻസ്പെക്ഷൻ**

ജൈവകൃഷി സാക്ഷ്യപത്ര പദ്ധതിയിൽ അംഗങ്ങളായ കർഷകരുടെ കൃഷിയിടങ്ങൾ സന്ദർശിക്കുന്നതിനും നിർദ്ദിഷ്ട മാനദണ്ഡങ്ങൾ കർഷകൻ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനുമായി വർഷത്തിൽ രണ്ടു തവണ സംഘടിപ്പിക്കാറുള്ള ഇന്റേർണൽ ഇൻസ്പെക്ഷൻ 8500 കൃഷിയിടങ്ങളിൽ പൂർത്തീകരിച്ചു. ഫീൽഡ് കോർഡിനേറ്റർമാർ, ICS കോർഡിനേറ്റർ എന്നിവർ നേതൃത്വം നൽകി.

**NPOP ഓഡിറ്റ് പൂർത്തീകരിച്ചു**

പുൽപ്പള്ളി, മുള്ളൻകൊല്ലി, ശ്രീമധുര, നെല്ലിയാളം, ദേവർഷോല, ഗൂഡല്ലൂർ എന്നിവിടങ്ങളിലായി 02 ICS കളുടെ ജൈവ സർട്ടിഫിക്കേഷൻ ഓഡിറ്റ് പൂർത്തീകരിച്ചു. കൃഷി ചെയ്യുന്ന ഉത്പന്നങ്ങൾ ഇന്ത്യയിൽ ഓർഗാനിക് ലേബലിൽ വിപണനം നടത്തണമെങ്കിൽ നാഷണൽ പ്രോഗ്രാം ഫോർ ഓർഗാനിക് പ്രൊഡക്ഷൻ (NPOP) എന്ന ഈ സർട്ടിഫിക്കേഷൻ നിർബന്ധമാണ്. ICS കോർഡിനേറ്റർ ജോബി വർഗീസ് കൃഷിയിട പരിശോധനയ്ക്ക്

ആവശ്യമായ ക്രമീകരണങ്ങൾ നടത്തുവാൻ നേതൃത്വം നൽകുകയും ചെയ്തു.

**ജൈവ കർഷക മീറ്റിംഗ് സംഘടിപ്പിച്ചു**

അമ്പലവയൽ പഞ്ചായത്തിൽ ഉൾപ്പെടുന്ന ജൈവ കർഷകർക്കായി മീറ്റിംഗ് സംഘടിപ്പിച്ചു. 100 ഓളം കർഷകർ പങ്കെടുക്കുകയും, ബയോവിൻ അസോസിയേറ്റ് ഡയറക്ടർ ഫാ. ബിനു പൈനുങ്കൽ, ഫാ. രജീഷ് കറുത്തേടത്ത്, ICS കോർഡിനേറ്റർ ശ്രീ. ജോബി വർഗീസ് , ഫീൽഡ് കോർഡിനേറ്റർ ശ്രീ. എൽദോ എന്നിവർ കർഷകരെ അഭിസംബോധന ചെയ്യുകയും ചെയ്തു.

**സിഗ്‌വി സസ്റ്റെയ്നബിൾ ഇൻകം ജനറേഷൻ ഫോർ വിമൻ എന്റർപ്രണേഴ്സ്**

മാനന്തവാടി പനമരം ബ്ലോക്കുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 20 വനിതകളെ ചേർത്തുകൊണ്ട് ബയോവിന്നിന്റെ നേതൃത്വത്തിൽ ആരംഭിച്ച സിഗ്‌വിയിലൂടെ (SIGWE - Sustainable Income Generation of Women Entrepreneurs) വനിതകളെ സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുന്നതോടൊപ്പം ഗുണമേന്മയുള്ള കാർഷിക ഉൽപ്പങ്ങൾ ഉപയോഗിച്ച് മായംകലരാത്ത ഉത്പ്പന്നങ്ങൾ വിപണിയിൽ എത്തിക്കുക എന്നതുകൂടിയാണ് ബയോവിന്നിന്റെ ലക്ഷ്യം.

ബയോവിൻ സഹായത്തോടെ ആരംഭിച്ച സ്വന്തം യൂണിറ്റുകളിൽ ഗുണമേന്മ ഉറപ്പു വരുത്തി സംസ്ക്കരണം നടത്തുന്ന ഉത്പന്നങ്ങൾ ബയോവിന്നിൽ എത്തിച്ച് ചേരുവകൾ കൃത്യമായി യോജിപ്പിച്ചതിനു ശേഷമാണ് വിപണിയിലേക്കെത്തിക്കുന്നതിനുള്ള പാക്കിങ് നടക്കുക. മുഴുവൻ പ്രവർത്തനങ്ങളിലും ക്വാളിറ്റി കൺട്രോൾ മാനേജരുടെ മേൽനോട്ടം ബയോവിൻ ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. കറി മസാലകളും, കാപ്പി, ചായ പൊടികളും ബ്രേയ്ക്ഫാസ്റ്റ് പൗഡറുകളുമാണ് നിലവിൽ സിഗ്‌വി ബ്രാൻഡിൽ വിപണനമാരംഭിച്ചിരിക്കുന്നത്. ബയോവിൻ ഫാക്ടറി ഔട്ട്ലെറ്റിൽ ഇവ ലഭ്യമാണ്.

**സിഗ്‌വി ബസാർ**

ഇടവകകളിൽ ഇടവക ജനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന സിഗ്‌വി ബസാർ പ്രഥമ സ്റ്റാൾ ഉത്ഘാടനവും വിപണവും വിവിധ ഇടവകകളിലായി നടന്നു. സെന്റ് ജോസഫ് ചർച്ച് അടക്കാത്തോട്, ഫാത്തിമ മാതാ ചർച്ച് ചുങ്കക്കുന്ന്, സെന്റ് സെബാസ്റ്റ്യൻ ചർച്ച് കൊട്ടിയൂർ, സെന്റ് സെബാസ്റ്റ്യൻ ചർച്ച് കൊമ്മയാട്, സെന്റ് ജോർജ്ജ് ചർച്ച് കല്ലോടി, ഇൻഫന്റ് ജീസസ് ചർച്ച് വലിയകൊല്ലി, ക്രൈസ്റ്റ് ദി കിംഗ് ചർച്ച് മണിമൂളി, സെന്റ് ജോസഫ് ചർച്ച് നരിവാലമുണ്ട, സെന്റ് മേരീസ് ചർച്ച് കബനിഗിരി, സെന്റ് സെബാസ്റ്റ്യൻ ചർച്ച് ചെറുകാട്ടൂർ, സെന്റ് മേരീസ് ചർച്ച്

കല്ലുവയൽ, ഹോളി ക്രോസ്സ് ചർച്ച് നടവയൽ, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് കാട്ടിക്കുളം, സെന്റ് മാർട്ടിൻസ് ചർച്ച് മാർട്ടിൻ നഗർ, സെന്റ് കാതറൈൻസ് ചർച്ച് പയ്യമ്പള്ളി, സെന്റ് മേരീസ് ചർച്ച് പനവല്ലി, സെന്റ് മാർട്ടിൻ ഡി പോറസ് ചർച്ച് അമ്പലവയൽ, ഔർ ലേഡി ഓഫ് അസംപ്ഷൻ ചർച്ച് സുൽത്താൻ ബത്തേരി, സെന്റ് തോമസ് ചർച്ച് തോമാട്ടുചാൽ, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് ചെന്നലോട്, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് ധർമഗിരി, സെന്റ് മേരീസ് ചർച്ച് കൽപ്ര, ഫാത്തിമ മാതാ ചർച്ച് കുന്നലാടി, സെന്റ് ജോസഫ്സ് ചർച്ച് ഊട്ടി എന്നീ ഇടവകകളിലാണ് മെയ്, ജൂൺ മാസങ്ങളിലായി സിഗ്‌വി ബസാർ ആരംഭിച്ചത്.

സിഗ്‌വിയിലൂടെ തയ്യാറാക്കപ്പെടുന്ന മായമില്ലാത്ത ഭക്ഷ്യവസ്തുക്കൾ, മിതമായ വിലയിൽ ഉപഭോക്താവിന്റെ ഏറ്റവും അരികെ എത്തിക്കുക എന്ന ഉദ്ദേശത്തോടെയായാണ് ഈ സംരംഭത്തിന് തുടക്കമിട്ടിരിക്കുന്നത്. ഞായറാഴ്ചകളിൽ സിഗ്‌വി ബസാറിലൂടെയും, മറ്റുദിവസങ്ങളിൽ പഞ്ചായത്ത്തല വാർഡ് അടിസ്ഥാനത്തിൽ വീട് വീടാന്തരം നേരിട്ട് വിപണനം നടത്തുന്നതുമായിരിക്കും. കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി താഴെ കാണുന്ന നമ്പറിൽ വിളിക്കാവുന്നതാണ്.

ശ്രീ. ലൻസ് ഫിലിപ്പ്: 8921595366 (info@sigwe.in)

**സംഭരണം**

പദ്ധതിയിൽ അംഗത്വമുള്ള കർഷകരിൽ നിന്നും മെയ് മാസം 720439 കിലോ കാപ്പി 265 രൂപ നിരക്കിലും 10775 കിലോ ഇഞ്ചി 38.3 രൂപ നിരക്കിലും, 2140 കിലോ മഞ്ഞൾ 31 രൂപ നിരക്കിലും സംഭരിച്ചു.

**സംസ്കരണം, വിപണനം**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ കാപ്പി, കുരുമുളക്, ഇഞ്ചി തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി ജർമ്മനി, ഇറ്റലി, ഫ്രാൻസ്, ബെൽജിയം, പോളണ്ട്, UAE, USA, ന്യൂസിലാൻഡ്, കാനഡ, ഓസ്ട്രേലിയ, സ്പെയിൻ, UK, പോർട്ടുഗൽ, അയർലണ്ട്, ഒമാൻ, ഓസ്ട്രിയ, ടർക്കി, ഡെൻമാർക്ക്, സ്വീഡൻ, നെതർലൻഡ്സ് എന്നിവിടങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു. റഷ്യ, ഉക്രൈൻ, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങളിലേക്ക് പുതുതായി വിപണി കണ്ടെത്തുവാനും കഴിഞ്ഞിട്ടുണ്ട്.

**അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**മാറ്റൊലി 16-ാം വാർഷികം**

കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലിയുടെ 16-ാം വാർഷികം ലളിതമായി ആഘോഷിച്ചു. മാറ്റൊലി ശ്രോതാക്കൾക്കായി പ്രത്യേക ക്വിസ് മത്സരം സംഘടിപ്പിച്ചു. വിജയികളായവർക്ക് ഇരുളം ലയൺസ് ക്ലബ് നൽകിയ സമ്മാനം വിതരണം ചെയ്തു. ആർച്ച & ആരോമൽ കാരയ്ക്കാമല, അസിം അഞ്ചാം മൈൽ, ദിലീപ് കേണിച്ചിറ, പ്രീതി പാലാക്കുളി, സുജിത ബീനാച്ചി, റാഷിദ് അഞ്ചാം മൈൽ, റോബിൻ വാളേരി, സൂര്യഗായത്രി കണ്ണോത്തു മല എന്നിവരാണ് വിജയികളായത്.

**മീഡിയ വർക് ഷോപ്പ് ഹൈദരാബാദ്**

യുനെസ്കോയുടെ ആഭിമുഖ്യത്തിൽ മെയ് 19-20 തിയ്യതികളിൽ ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിൽ വെച്ച് നടത്തിയ മീഡിയ വർക് ഷോപ്പിൽ റേഡിയോ മാറ്റൊലി ജൂനിയർ സൂപ്രണ്ട് സിന്ധു ജസ്റ്റിൻ, പ്രോഗ്രാം പ്രൊഡ്യൂസർ പ്രജിഷ രാജേഷ് എന്നിവർ പങ്കെടുത്തു. Transforming MENtalities – Engaging men and boys through Community Radio എന്ന വിഷയത്തിലായിരുന്നു ശില്പശാല.

**നാരോകാസ്റ്റ് - പായോട് സായാഹ്ന സ്വാശ്രയ സംഘം**

Transforming MENtalities – Engaging men and boys through Community Radio എന്ന പ്രൊജക്ടിന്റെ ഭാഗമായി ജൂൺ 7 ന് പായോട് സായാഹ്ന സ്വാശ്രയ സംഘത്തിൽ നാരോകാസ്റ്റ് നടത്തി. ഫാ. ടോണി, സിന്ധു ജസ്റ്റിൻ, റെനീഷ് ജോർജ്ജ് എന്നിവർ നേതൃത്വം നൽകി.

**നശ മുക്ത് ഭാരത് അഭിയാൻ - ബോധവത്കരണ പരിപാടി**

ലഹരിവസ്തുക്കളുടെ ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളേക്കുറിച്ച് ബോധവത്കരിക്കുന്നതിനായി നടപ്പിലാക്കുന്ന നശമുക്ത് ഭാരത് അഭിയാൻ പദ്ധതിയുടെ ഭാഗമായി ജൂൺ 15 ന് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ബോധവത്കരണ പരിപാടികൾ നടത്തി. കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലിയുടെ ആഭിമുഖ്യത്തിൽ നടത്തിയ പരിപാടിക്ക് കല്ലോടി സെന്റ് ജോസഫ്സ് സ്കൂൾ അധ്യാപകരും വിദ്യാർത്ഥികളും നേതൃത്വം നൽകി. ഫ്ളാഷ് മോബ്, തെരുവുനാടകം എന്നിവയാണ് അവതരിപ്പിച്ചത്. ബത്തേരി ചുങ്കം, പഴയ സ്റ്റാന്റ്, അസംപ്ഷൻ ജംഗ്ഷൻ, മീനങ്ങാടി, വാഴവറ്റ,

കാക്കവയൽ, മുട്ടിൽ, കൽപറ്റ പുതിയസ്റ്റാന്റ്, കമ്പളക്കാട്, പള്ളിക്കുന്ന് എന്നിവിടങ്ങളിൽ ആണ് ബോധവത്കരണ പരിപാടികൾ നടത്തിയത്. എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥൻ ശ്രീ. അമൽ ജോസ്, സാമൂഹ്യ നീതി വകുപ്പ് ഉദ്യോഗസ്ഥ മിലന്റാ ബെന്നി, റേഡിയോ മാറ്റൊലി അസി. ഡയറക്ടർമാരായ ഫാ. ബിവാൾഡിൻ, ഫാ. ടോണി ആന്റണി, റെനീഷ് ജോർജ്, കല്ലോടി സെന്റ് ജോസഫ്സ് സ്കൂൾ പ്രധാന അധ്യാപകൻ ജോസ് പള്ളത്ത് എന്നിവർ നേതൃത്വം നൽകി.

**തത്സമയ ഫോൺ ഇൻ പരിപാടി**

കൗമാരം സൗഹൃദം നമ്മുടെ സർക്കാർ ആരോഗ്യകേന്ദ്രങ്ങളിൽ എന്ന വിഷയത്തിൽ മെയ് 19 ന് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ഡോ. ജെറിൻ എസ് ജെറോഡ് (ആർ. സി. എച്ച് ഓഫീസർ), ആർ. കെ.എസ്.കെ കൗൺസിലർമാരായ ജാസ്മിൻ ബേബി, ആർഷ പി.സി എന്നിവർ പരിപാടിയിൽ പങ്കെടുത്തു സംസാരിച്ചു.

സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ജൂൺ 5 ന് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. സാക്ഷരതാ മിഷൻ ജില്ലാ കോർഡിനേറ്റർ പി. പ്രശാന്ത്കുമാർ തത്സമയ ഫോൺ ഇൻ പരിപാടിയിൽ പങ്കെടുത്ത് ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

**വെള്ളമുണ്ട വൈബ്സ്**

ജില്ലാപഞ്ചായത്ത് വെള്ളമുണ്ട ഡിവിഷന്റെ ആഭിമുഖ്യത്തിൽ 'വെള്ളമുണ്ട വൈബ്സ്' ആദരായന ആസ്വാദന പരിപാടി സംഘടിപ്പിച്ചു. വെള്ളമുണ്ടയുടെ പേരും പെരുമയും ഭംഗിയും ആഘോഷിക്കുന്ന ചടങ്ങിൽ വെള്ളമുണ്ട ഡിവിഷൻ പരിധിയിലെ നൂറിലധികം വരുന്ന ചെണ്ട/തുടി കലാകാരന്മാരെയും പാരമ്പര്യ തെയ്യം കലാകാരൻമാരെയും മീഡിയ, പാട്ട്, അഭിനയം, അനുകരണം തുടങ്ങിയ മേഖലകളിലെ പ്രതിഭകളെയും ഗ്രാമാദരപത്രം നൽകി അനുമോദിച്ചു. റേഡിയോ മാറ്റൊലിയെ പ്രതിനിധീകരിച്ച് പൂർണിമ കെ. റെനീഷ് ജോർജ്, ജനനി ശിവപാർവ്വതി എന്നിവർ പങ്കെടുത്തു.

**ഇന്റേൺഷിപ്പ്**

മാനന്തവാടി മേരിമാതാ ആർട്സ് ആന്റ് സയൻസ് കോളേജ് ബി.എ. ഇംഗ്ലീഷ് വിദ്യാർത്ഥികളായ ആൻലിയ കെ ജിജി, ഫഹീമ കെ, ഗംഗ പി എസ്, റിഷാന ഷെറിൻ റ്റി കോഴിക്കോട് ജെ.ഡി.റ്റി കോളേജ് വിദ്യാർത്ഥി ഷബാന ഇബ്രാഹിം എന്നിവർ ഒരുമാസത്തെ ഇന്റേൺഷിപ്പ് പൂർത്തിയാക്കി.

**ഫാ. ജോസ് കാവുങ്കൽ**

(അസ്സി. ഡയറക്ടർ, റേഡിയോ മാറ്റൊലി)

**May-June 2025**

- **College Reopening:** The college reopened after the summer vacation on June 2, 2025, marking the commencement of the new academic year.
- **IGNITE-25 Inauguration & Orientation (Faculty & Admin):**
  - On May 30, 2025, the college hosted IGNITE-25, an orientation programme for both faculty and administrative staff.
  - Rev. Fr. Paul Mundolickal, Manager inaugurated the Academic Year 2025–26 and formally welcomed the newly appointed guest faculty members.
  - Mr. Haridasan M R served as the resource person for the administrative staff orientation session.
- **Kannur University VI Semester Results:**
  - Ms. Aleena Mary Joseph (BA Functional English) was declared Kannur University Topper.
  - The Department of Mathematics secured the first position among all colleges under Kannur University for the second consecutive time.
- **Guest Faculty Interviews:** Conducted on May 19, 20, 21, and 23, to appoint new faculty members for the academic year 2025–26.
- **Programmes for Students**

* FYUGP Orientation (III Semester): Held on June 3, 2025, to brief students about the new academic structure and expectations.

* Internship: Students from the English Department completed a three-week internship at Radio Mattoli, gaining valuable media and communication experience.

* Inter-department Volleyball Tournament: Organized by the Samatva College Union and the Department of Physical Education on June 10, 2025.
* MTTS Participation: Akhila P A and Sneha Ann David from the PG & Research Department of Mathematics participated in the MTTS (Mathematics Training and Talent Search) – Initiation to Mathematics Programme.

- **World Environment Day:**
  * NCC, in association with Kerala Forest and Wildlife Department, Wayanad Division, organized a "Planting of Saplings and Plastic Eradication Drive."
  * Department of Zoology and Bhoomithra Sena, in association with Kerala Forest Social Forestry Division, celebrated the theme "Beat Plastic Pollution."
  * NSS also collaborated with the Social Forestry Division for World Environment Day celebrations under the same theme.
- **World Ocean Day (June 8):**
  * Celebrated by the Department of Zoology and Bhoomithra Sena under the theme "Wonder: Sustaining What Sustains Us".
  * Dr. Abhilash K R, Scientist C at National Centre of Sustainable Coastal Management (NCSCM), was the resource person.
- **World Blood Donor Day Poster Competition (June 14):**
  * Organized by NCC of the college
  * The Career Guidance & Placement Cell, in collaboration with Net-Hub (UGC NET Learning Platform), planned a one-day orientation programme for UGC NET aspirants.
- **Alumni Achievements:**
  * Vyshnav P Dinesh (BSc Physics, 2022 batch) secured PhD admission at UC Louvain, Belgium, with a scholarship. His research will focus on mixed-signal integrated circuit design for AI accelerators.

**Dr. Geetha Antony Pullen**
Principal in charge

## ഫെഡാർ ഫൗണ്ടേഷൻ

**റസിഡൻഷ്യൽ സ്കൂൾ**

ഫെഡാർ ഫൗണ്ടേഷന്റെ കീഴിൽ പുതുതായി ആരംഭിച്ച പ്ലസ് ടു റസിഡൻഷ്യൽ സ്കൂളിന്റെ ഉദ്ഘാടനം ജൂൺ 7 ന് അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം നിർവ്വഹിച്ചു. രൂപത വികാരി ജനറാൾ പെരിയ ബഹുമാനപ്പെട്ട ഫാ. പോൾ മുണ്ടോളിക്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഫൊറോന വികാരി ബഹു. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ, ഫെഡാർ ഫൗണ്ടേഷൻ വൈസ് പ്രസിഡണ്ട് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, ക്രിസ്തുദാസി സന്യാസിനി സമൂഹത്തിന്റെ റീജിയണൽ സൂപ്പീരിയർ ബഹു. സിസ്റ്റർ ഷോളി ജോസഫ് എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. തുടർന്ന് ആധുനിക സജ്ജീകരണങ്ങളോടുകൂടി നിർമ്മിച്ച ഐ.ടി. ലാബിന്റെ വെഞ്ചരിപ്പ് കർമ്മം അഭിവന്ദ്യ പിതാവും സ്കൂൾ വെബ്സൈറ്റ് ലോഞ്ചിംഗ് ബഹുമാനപ്പെട്ട ജോസ് കൊച്ചറക്കൽ അച്ചനും നിർവ്വഹിച്ചു.

40 കുട്ടികളുമായി ആരംഭിച്ചിരിക്കുന്ന പ്ലസ് വൺ സയൻസ് ബാച്ചിന് മൂന്നാഴ്ച നീണ്ടു നില്ക്കുന്ന ഇംഗ്ലീഷ് ഭാഷാ പരിശീലനം, ടൈപ്പിംഗ് തുടങ്ങി വിവിധങ്ങളായ പരിശീലന ക്ലാസുകൾ ജൂൺ 8 മുതൽ ആരംഭിച്ചു.

**ജർമൻ പ്രോഗ്രാം**

ഫെഡാർ ലാങ്ഗ്വേജ് സ്കൂൾ വലിയ ഉയർച്ചയിലേക്ക് വന്ന മാസങ്ങൾ ആയിരുന്നു കടന്ന് പോയത്. ഈ വർഷം നിലവിൽ ഫെഡാർ സ്കൂളുകളിൽ ജെർമൻ പഠിക്കുന്ന കുട്ടികളുടെ എണ്ണം 300 കവിഞ്ഞു. ഇതിൽ ഇന്ത്യൻ വടക്ക് കിഴക്ക് സംസ്ഥാനങ്ങളിൽപെട്ട 20 കുട്ടികളും ഉൾപ്പെടുന്നു. കേരളത്തിലെ പ്രമുഖ ലാങ്ഗ്വേജ് സ്കൂളുകളിൽ ഒന്നായി ഇതിനോടകം തന്നെ ഫെഡാർ മാറിക്കഴിഞ്ഞു. കഴിഞ്ഞ ദിവസങ്ങളിൽ വന്ന റിസൾട്ടുകളിൽ 10 കുട്ടികൾ B2 പാസ്സായി. പുതിയ ബാച്ച് ജൂലൈ മാസം അവസാന വാരം ആരംഭിക്കും.

**ഫെഡാർ കണക്ട്**

ഇടവകകളിൽ മൂല്യാധിഷ്ഠിത വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസ സാദ്ധ്യതകളും, സ്ഥാപനങ്ങളും പരിചയപ്പെടുത്തുന്ന Parish Outreach പരിപാടി പറളിക്കുന്ന് ഇടവകയിൽ നടത്തപ്പെട്ടു. ഫാ. നോബിൾ പാറക്കൽ, ഫാ. റിൻസൺ നെല്ലിമലയിൽ, സി. ക്രിസ്റ്റ SKD, സി. സീന SKD, സി. അഞ്ജലി SKD എന്നിവർ നേതൃത്വം നൽകി.

GNM nursing പഠനം ആഗ്രഹിക്കുന്നവർക്ക് മൂന്ന് വർഷം ഫോർമേഷൻ രീതിയിൽ പരിശീലനം നൽകുന്ന FEDAR MedPro, അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. താൽപര്യമുള്ളവർക്ക് 6238862380 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**TECLESIA**

ജൂൺ 24 ന് പയ്യമ്പള്ളി ഫൊറോനയിലുള്ള ബഹുമാനപ്പെട്ട വൈദികർക്കും, TECLESIA- പ്ലാറ്റ്ഫോം ഇൻചാർജ് ഉള്ള അൽമായർക്കും TECLESIA- പ്ലാറ്റ്ഫോമിന്റെ പരിശീലനവും സംശയ ദുരീകരണവും നടത്തി. 24 ന് ചൊവ്വാഴ്ച രാവിലെ 9.30 ന് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ സെഷനോടുകൂടി ആരംഭിച്ചു. ഉച്ചയ്ക്ക് 12.30ന് ഉച്ചഭക്ഷണത്തോടുകൂടി ട്രെയിനിങ് അവസാനിച്ചു.

ഇടവകകളിൽ ഡേറ്റാ അപ്ഡേറ്റ് ചെയ്യുവാൻ, ഡേറ്റ എൻട്രി ചെയ്യുന്നവർ ലഭ്യമാണ്. അതിനായി ബഹു. ലൂയിസ് തുരുത്തിയിൽ അച്ചനെ കോൺടാക്ട് ചെയ്യുക (8289862550).

**ഫാ. അരുൺ മഠത്തിപറമ്പിൽ**
ജി.എം. ഫെഡാർ ഫൗണ്ടേഷൻ

## സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ മാനന്തവാടി

**നേഴ്സസ് ഡേ സെലിബ്രേഷൻ**

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലിന്റെ ആഭിമുഖ്യത്തിൽ വിപുലമായ പരിപാടികളോടുകൂടി ലോക നേഴ്സസ് ദിനം ആചരിച്ചു. സാമൂഹിക സാംസ്കാരിക രംഗത്തെ നിറ സാന്നിധ്യമായ വയനാട് ജില്ലാ പഞ്ചായത്ത് ക്ഷേമ കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ജുനൈദ് കൈപ്പാണി ഉദ്ഘാടനം ചെയ്തു. നേഴ്സിംഗ് സ്റ്റാഫിന്റെ വിവിധ കലാപരിപാടികൾ നേഴ്സസ് ദിനത്തിന് മാറ്റുകൂട്ടി.

**പൾമനോളജി ക്യാമ്പ് സംഘടിപ്പിച്ചു**

ഹോസ്പിറ്റലിലെ പൾമനോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ സൗജന്യ ശ്വാസകോശ രോഗ നിർണ്ണയ ക്യാമ്പും, സ്പൈറോമെട്രി ടെസ്റ്റും സംഘടിപ്പിച്ചു.

**ഡയാലിസിസ് വിഭാഗം ആരംഭിച്ചു**

ഹോസ്പിറ്റലിൽ ഡയാലിസിസ് വിഭാഗത്തിന്റെ സേവനം ആരംഭിച്ചു. ആദ്യ ഘട്ടമായി തിങ്കൾ മുതൽ ശനി വരെ, രാവിലെ 8 മണി മുതൽ വൈകിട്ട് 5 മണി വരെ ഡയാലിസിസ് സേവനം ലഭ്യമാണ്.

**ഹീൽ ടുഗതർ ഡയാലിസിസ് സ്പോൺസർഷിപ് ക്യാമ്പയ്ൻ തുടക്കം കുറിച്ചു**

ഡയാലിസിസ് രോഗികളെ ചേർത്ത് നിർത്തുക എന്ന ലക്ഷ്യത്തോടെ ഡയാലിസിസ് സ്പോൺസർഷിപ് ക്യാമ്പയിന് തുടക്കം കുറിച്ചു. വ്യക്തികളായോ, സംഘടനകളായോ, കമ്മ്യൂണിറ്റികളായോ ഇതിൽ പങ്കുചേരാം. ഒരു രോഗിയെയോ, ഒരു ഡയാലിസിസ് സെഷനോ, ഒന്നിലധികം സെഷനുകളോ സ്പോൺസർ ചെയ്യുന്നതിലൂടെ ഹീൽ ടുഗതർ പദ്ധതിയിൽ പങ്കാളികൾ ആവാം.

**ഫാ. മനോജ് കവലക്കാടൻ**
ഡയറക്ടർ

## കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിക്ക് കീഴിലുള്ള കണിയാരം എ. എൽ. പി സ്കൂളിനായി നിർമിച്ച വിദ്യാലയ സമുച്ചയത്തിന്റെ വെഞ്ചിരിപ്പ് കർമ്മവും ഉദ്ഘാടനവും അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് നിർവഹിച്ചു.

**വിദ്യാലയ വാർത്തകൾ**

**എൽ. പി. വിഭാഗം**

**I ദേവമാതാ എ. എൽ. പി. സ്കൂൾ ആടിക്കൊല്ലി**

പ്രവേശനോത്സവം ആഘോഷമായി നടത്തപ്പെട്ടു. എല്ലാവരും എഴുതുന്നു എല്ലാവരും വായിക്കുന്നു പ്രോജക്ടിന്റെ ലോഗോ പ്രകാശനകർമ്മം നിർവഹിച്ചു. പരിസ്ഥിതിദിനാചരണം വിപുലമായ പരിപാടികളോടെ നടത്തപ്പെട്ടു.

**II സെന്റ് തോമസ് എൽ. പി. സ്കൂൾ അരിഞ്ചേർമല**

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിക്ക് തുടക്കമായി. പ്രവേശനോത്സവ ദിനത്തിൽ എല്ലാവരും എഴുതുന്നു, എല്ലാവരും വായിക്കുന്നു പദ്ധതിക്ക് തുടക്കമായി വിദ്യാർഥി പ്രതിഭകളെ ആദരിച്ചു. പരിസ്ഥിതിദിനം ആചരിച്ചു. സമഗ്രഗുണമേന്മ പദ്ധതിയുടെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ നടത്തി.

**III സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ ഏലപ്പീടിക**

പ്രവേശനോത്സവം സമുചിതമായി ആചരിക്കുകയും എല്ലാവരും എഴുതുന്നു; എല്ലാവരും വായിക്കുന്നു പ്രവർത്തനത്തിന്റെ ലോഗോ പ്രകാശന കർമ്മം നിർവഹിക്കുകയും ചെയ്തു. പരിസ്ഥിതിദിനം വിവിധ പരിപാടികളോടെ ആചരിച്ചു.

**IV സെന്റ് മാർട്ടിൻസ് എൽ. പി. സ്കൂൾ ഒണ്ടയങ്ങാടി**

പ്രവേശനോത്സവം വിപുലമായി ആചരിച്ചു. എല്ലാവരും എഴുതുന്നു, എല്ലാവരും വായിക്കുന്നു പദ്ധതിക്ക് തുടക്കമായി. പരിസ്ഥിതിദിനം ആചരിച്ചു. സമഗ്രഗുണമേന്മ പദ്ധതിയുടെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ നടത്തി.

**V സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ പോരൂർ**

നവാഗതർക്ക് മറക്കാനാവാത്ത അനുഭവമായി പ്രവേശനോത്സവം. എല്ലാവരും എഴുതുന്നു എല്ലാവരും വായിക്കുന്നു പ്രോജക്ടിന്റെ ലോഗോ പ്രകാശനം നിർവഹിച്ചു. പരിസ്ഥിതിദിനം ആചരിച്ചു. ജൂൺ മൂന്ന് മുതൽ പതിമൂന്ന് വരെ പൊതുധാരണകൾ രൂപപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി.

**VI സെന്റ് ജോർജ് എൽ. പി. സ്കൂൾ അമ്പായത്തോട്**

സ്കൂൾതല പ്രവേശനോത്സവം സംഘടിപ്പിച്ചു. റോഡ് നിയമങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തി. പരിസ്ഥിതി ദിനം ആചരിച്ചു. ഹരിതകർമ്മ സേനാംഗങ്ങളെ ആദരിച്ചു. വിവിധ മത്സരങ്ങൾ നടത്തി.

**VII സെന്റ് ജോർജ് എൽ. പി. സ്കൂൾ കൊളവയൽ**

പ്രവേശനോത്സവം വർണ്ണശഭളമായി നടത്തപ്പെട്ടു. പുതിയതായിപ്രവേശനം നേടിയ കുട്ടികൾക്ക് പഠനകിറ്റ് നൽകി. പരിസ്ഥിതി ദിനം ആചരിച്ചു.

**VIII സി. കെ. എൽ. പി സ്കൂൾ മണിമൂളി**

കിഡ്സ് പാർക്ക് ഉദ്ഘാടനം ചെയ്തു. എല്ലാവരും എഴുതുന്നു എല്ലാവരും വായിക്കുന്നു പ്രോജക്ടിന്റെ ലോഗോ പ്രകാശനം നിർവഹിച്ചു.

**IX സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ വാഴവറ്റ**

സ്കൂൾ പ്രവേശനോത്സവം നടത്തി. എല്ലാവരും എഴുതുന്നു എല്ലാവരും വായിക്കുന്നു പ്രോജക്ടിന്റെ ലോഗോ പ്രകാശനം നിർവഹിച്ചു. മുഴുവൻ വിദ്യാർത്ഥികൾക്കും പഠനോപകരണങ്ങൾ വിതരണം ചെയ്തു. ന്യൂട്രീഷൻ ഗാർഡൻ ആരംഭിച്ചു.

**X എൽ. പി. സ്കൂൾ കണിയാരം**

വിദ്യാലയത്തിനായി നിർമിച്ച പുതിയ കെട്ടിടത്തിന്റെ വെഞ്ചിരിപ്പ് കർമ്മവും ഉദ്ഘാടനവും വിരമിക്കുന്ന പ്രധാനാധ്യാപികയ്ക്കുള്ള യാത്രയയപ്പും സമുചിതമായി നടത്തപ്പെട്ടു. പ്രവേശനോത്സവദിനത്തിൽ അക്കാദമിക മികവ് ലക്ഷ്യമാക്കി നടപ്പിലാക്കുന്ന എല്ലാവരും എഴുതുന്നു; എല്ലാവരും വായിക്കുന്നു പ്രവർത്തനത്തിന് തുടക്കം കുറിച്ചു. പരിസ്ഥിതിദിനം സമുചിതമായി ആചരിക്കപ്പെട്ടു. വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും വായനയെ പ്രോത്സാഹിപ്പിക്കാൻ മുഴുവൻ കുട്ടികൾക്കും ലൈബ്രറി പുസ്തകങ്ങൾ നൽകിക്കൊണ്ട് പുസ്തക ചങ്ങാതിയ്ക്ക് തുടക്കമായി.

**യു. പി. വിഭാഗം**

**I സെന്റ് തോമസ് എ. യു. പി. സ്കൂൾ ഇടിവണ്ണ**

USS സ്കോളർഷിപ്പ് നേടിയ വിദ്യാർത്ഥികളെ അനുമോദിച്ചു. എല്ലാവരും എഴുതുന്നു എല്ലാവരും വായിക്കുന്നു പ്രോജക്ടിന്റെ ലോഗോ പ്രകാശനകർമ്മം നിർവഹിച്ചു. പരിസ്ഥിതിദിനം വിവിധ പരിപാടികളോടെ ആചരിച്ചു.

**II അസംപ്ഷൻ എ. യു. പി. സ്കൂൾ ബത്തേരി**

അക്കാദമിക മികവിന് തെളിവായി മുപ്പത്തിമൂന്ന് USS വിജയികളും പതിമൂന്ന് LSS വിജയികളും വിദ്യാലയത്തിന്റെ അഭിമാനമായി മാറി. പ്രവേശനോത്സവം സമുചിതമായി ആചരിക്കുകയും എല്ലാവരും എഴുതുന്നു; എല്ലാവരും വായിക്കുന്നു പ്രവർത്തനത്തിന്

തുടക്കമാവുകയും ചെയ്തു. പരിസ്ഥിതിദിനം സമുചിതമായി ആചരിച്ചു.

**III സെന്റ് തോമസ് എ. യു. പി. സ്കൂൾ മുള്ളൻകൊല്ലി**

പഞ്ചായത്തുതല പ്രവേശനോത്സവത്തിന് വിദ്യാലയം വേദിയായി. പ്രവേശനോത്സവദിനത്തിൽ എല്ലാവരും എഴുതുന്നു, എല്ലാവരും വായിക്കുന്നു പദ്ധതിക്ക് തുടക്കമായി. LSS, USS വിജയികളെ ആദരിച്ചു. പരിസ്ഥിതിദിനം ആചരിച്ചു. പി.ടി.എ ജനറൽ ബോഡിയോഗവും ഓറിയന്റേഷൻ ക്ലാസും സംഘടിപ്പിച്ചു.

**IV അമ്പായത്തോട് യു. പി. സ്കൂൾ**

പ്രവേശനോത്സവം വർണാഭമായി സംഘടിപ്പിച്ചു. എല്ലാവരും എഴുതുന്നു എല്ലാവരും വായിക്കുന്നു പ്രോജക്ടിന്റെ ലോഗോ പ്രകാശനവും നിർവഹിച്ചു. പരിസ്ഥിതിദിനം ആചരിച്ചു.

**V സെന്റ് ആന്റണീസ് യു. പി. സ്കൂൾ പഴൂർ**

LSS, USS പരീക്ഷയിൽ വിദ്യാർത്ഥികൾ ഉന്നതവിജയം കരസ്ഥമാക്കി. പ്രവേശനോത്സവം സമുചിതമായി സംഘടിപ്പിച്ചു. പരിസ്ഥിതിദിനം വിപുലമായ രീതിയിൽ നടത്തപ്പെട്ടു.

**VI എ. യു. പി. സ്കൂൾ ദ്വാരക**

LSS, USS പരീക്ഷയിൽ മികച്ച വിജയം കൈവരിച്ചു. എല്ലാവരും എഴുതുന്നു എല്ലാവരും വായിക്കുന്നു പ്രോജക്ടിന്റെ ലോഗോ പ്രകാശനം നിർവഹിച്ചു. പരിസ്ഥിതിദിനം വിപുലമായി ആചരിച്ചു. പഞ്ചായത്തുതല പ്രവേശനോത്സവത്തിന് വിദ്യാലയം വേദിയായി.

**VII സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ കൊമ്മയാട്**

പ്രവേശനോത്സവ ദിനത്തിൽ സമഗ്രഗുണമേന്മ പദ്ധതിയുടെ വിവിധ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും എല്ലാവരും എഴുതുന്നു എല്ലാവരും വായിക്കുന്നു പ്രോജക്ടിന്റെ ലോഗോ പ്രകാശനം നിർവ്വഹിക്കുകയും ചെയ്തു. LSS, USS വിജയികളെ ആദരിച്ചു. പരിസ്ഥിതിദിനം സമുചിതമായി ആചരിച്ചു.

**VIII സെന്റ് മേരീസ് യു. പി. സ്കൂൾ കബനിഗിരി**

പ്രവേശനോത്സവദിനം മനോഹരമായി ആഘോഷിച്ചു. എല്ലാവരും എഴുതുന്നു എല്ലാവരും വായിക്കുന്നു പ്രോജക്ടിന്റെ ലോഗോ പ്രകാശനവും നിർവഹിച്ചു. പരിസ്ഥിതിദിനം സമുചിതമായി ആചരിച്ചു. രക്ഷിതാക്കൾക്കായി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു.

**IX സെന്റ് തോമസ് യു. പി. സ്കൂൾ തവിഞ്ഞാൽ**

പ്രവേശനോത്സവം വിപുലമായ പരിപാടികളോടെ നടത്തപ്പെട്ടു. സ്കൂൾ ബസ് വാങ്ങിച്ചു. പ്രവേശനോത്സവദിനത്തിൽ എല്ലാവരും എഴുതുന്നു, എല്ലാവരും വായിക്കുന്നു പദ്ധതിക്ക് തുടക്കമായി. പരിസ്ഥിതിദിനത്തിൽ കൂട്ടുകാരനൊരു ഫലവൃക്ഷത്തൈ പദ്ധതി ആരംഭിച്ചു.

**X സെന്റ് ആന്റണീസ് യു. പി. സ്കൂൾ കോട്ടത്തറ**

സമ്പൂർണ്ണ സ്കൂൾ പ്രവേശനം ഉറപ്പാക്കുന്നതിനായി ഭവന സന്ദർശനം നടത്തി. പഠനോപകരണങ്ങളുടെ വിതരണം നടത്തി.

**XI സെന്റ് ജോസഫ്സ് ടി. ടി. ഐ. മാനന്തവാടി**

LSS, USS വിജയികളെ ആദരിച്ചു. എല്ലാവരും എഴുതുന്നു എല്ലാവരും വായിക്കുന്നു പ്രോജക്ടിന്റെ ലോഗോ പ്രകാശനം നിർവഹിച്ചു. പരിസ്ഥിതിദിനം ആചരിച്ചു.

**XII സെന്റ് ജോസഫ്സ് യു. പി. സ്കൂൾ കല്ലോടി**

സമഗ്രഗുണമേന്മ വിദ്യാഭ്യാസപദ്ധതി സ്കൂൾതലം രൂപീകരിച്ചു. LSS, USS ജേതാക്കളെ ആദരിച്ചു.

**XIII സെന്റ് മേരീസ് യു. പി. സ്കൂൾ തരിയോട്**

പ്രവേശനോത്സവദിനത്തിൽ എല്ലാവരും എഴുതുന്നു, എല്ലാവരും വായിക്കുന്നു പദ്ധതിക്ക് തുടക്കമായി. LSS, USS വിജയികളെ ആദരിച്ചു. പരിസ്ഥിതിദിനം വിപുലമായി ആചരിച്ചു. വിദ്യാർത്ഥികൾക്കായി പഠനോപകരണ ചലഞ്ച് നടത്തി.

**ഹൈസ്കൂൾ വിഭാഗം**

**I സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

ലോക പരിസ്ഥിതിദിനം ആചരിച്ചു. വിദ്യാർത്ഥികൾക്കായി ബോധവൽക്കരണ ക്ലാസ് നടത്തി. വിവിധ മേഖലകളിലെ വിദ്യാർഥി പ്രതിഭകളെ ആദരിച്ചു.

**II സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

പ്രവേശനോത്സവം വിപുലമായി ആഘോഷിച്ചു. പരിസ്ഥിതിദിനം ആചരിച്ചു. സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് രൂപീകരിച്ചു. വിദ്യാർത്ഥികൾക്കായി ഏകദിന സെമിനാർ നടത്തി.

**III സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്**

ലിറ്റിൽ കൈറ്റ്സ് സമ്മർ ക്യാമ്പ് നടത്തി. SSLC പരീക്ഷയിൽ 100 ശതമാനം വിജയം കൈവരിച്ചു. സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് അവലോകനയോഗം നടത്തി. എല്ലാവരും എഴുതുന്നു എല്ലാവരും വായിക്കുന്നു പദ്ധതി ഉദ്ഘാടനം ചെയ്തു.

**IV അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

പ്രവേശനോത്സവം വിപുലമായ രീതിയിൽ സംഘടിപ്പിച്ചു. പ്രവേശനദിനത്തിൽ നവാഗതരായ വിദ്യാർത്ഥികൾ ലഹരിവിരുദ്ധ പ്രതിജ്ഞയെടുത്തു. എല്ലാവരും എഴുതുന്നു എല്ലാവരും വായിക്കുന്നു പ്രോജക്ടിന്റെ ലോഗോ പ്രകാശനവും നിർവഹിച്ചു. ദേശീയ അന്തർദേശീയ മത്സരങ്ങളിൽ മികവ് തെളിയിച്ച വിദ്യാർത്ഥിയെ ആദരിച്ചു. പരിസ്ഥിതിദിനം സമുചിതമായി ആചരിച്ചു. സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തി.

**V സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി**

സ്കൂൾ പ്രവേശനോത്സവത്തിന് മുന്നോടിയായി വെഞ്ചിരിപ്പ്

കർമ്മം നിർവഹിച്ചു. എല്ലാവരും എഴുതുന്നു, എല്ലാവരും വായിക്കുന്നു പദ്ധതിക്ക് തുടക്കമായി. ലഹരിവിരുദ്ധ ബോധവത്കരണം നടത്തി. ലഹരിക്കെതിരെ മനുഷ്യച്ചങ്ങല തീർത്തു.

**VI നിർമ്മല ഹൈസ്കൂൾ കബനിഗിരി**

പരിസ്ഥിതിദിനത്തിൽ പുഴയോരയാത്ര സംഘടിപ്പിച്ചു.

**VII ഫാ. ജി. കെ. എം ഹൈസ്കൂൾ കണിയാരം**

SSLC പരീക്ഷയിൽ മികച്ച വിജയം കൈവരിച്ചു. സമഗ്രഗുണമേന്മ പദ്ധതിയുടെ സ്കൂൾതല സമിതി രൂപീകരണം നടത്തി.

**VIII സി. കെ. എച്ച്. എസ് മണിമൂളി**

പ്രവേശനോത്സവം സമുചിതമായി ആഘോഷിച്ചു. എല്ലാവരും എഴുതുന്നു എല്ലാവരും വായിക്കുന്നു പ്രോജക്ടിന്റെ ലോഗോ പ്രകാശനം നിർവഹിച്ചു. പരിസ്ഥിതിദിനം ആചരിച്ചു.

**ഹയർസെക്കണ്ടറി വിഭാഗം**

**I സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ കല്ലോടി**

രണ്ടാം വർഷ വിദ്യാർത്ഥികൾക്ക് ക്ലാസുകൾ ആരംഭിച്ചു. പരിസ്ഥിതിദിനം ആചരിച്ചു. പി.ടി.എ. യോഗം ചേർന്നു.

**II ഐ. ജെ. എം. ഹയർസെക്കണ്ടറി സ്കൂൾ കൊട്ടിയൂർ**

പ്ലസ് ടു പരീക്ഷയിൽ 91.89 ശതമാനം വിജയം കരസ്ഥമാക്കി. വിദ്യാലയ ശുചീകരണം നടത്തി. പരിസ്ഥിതിദിനം സമുചിതമായി ആചരിച്ചു. വിദ്യാർത്ഥികൾക്കായി ഓറിയന്റേഷൻ ക്ലാസ് നടത്തി.

**III സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ നടവയൽ**

ജൂൺ രണ്ടിന് രണ്ടാം വർഷ ക്ലാസുകൾ ആരംഭിച്ചു. പോക്സോ നിയമ അവബോധക്ലാസുകൾ നൽകി. സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് രൂപീകരിച്ചു.

**IV ഫാ. ജി. കെ. എം ഹയർസെക്കണ്ടറി സ്കൂൾ കണിയാരം**

SSLC പരീക്ഷ വിജയിച്ചവർക്കായി FOCUS POINT പ്രോഗ്രാം സംഘടിപ്പിച്ചു. മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങളിൽ NSS വോളന്റിയേഴ്സ് പങ്കാളികളായി.

**V സെന്റ് കാതറൈൻസ് ഹയർസെക്കണ്ടറി സ്കൂൾ പയ്യമ്പള്ളി**

NSS, സൗഹൃദ ക്ലബ്ബ്, എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ കരിയർ ഗൈഡൻസ് ക്ലാസ് സംഘടിപ്പിച്ചു.

**VI സി. കെ. എച്ച്. എസ്. എസ് മണിമൂളി**

പ്ലസ് ടു പരീക്ഷയിൽ മികച്ച വിജയം കൈവരിച്ച വിദ്യാർത്ഥികളെ അനുമോദിച്ചു. സ്കൂളും പരിസരവും NSS, സ്കൗട്ട് ആൻഡ് ഗൈഡ്സ് വിദ്യാർത്ഥികൾ വൃത്തിയാക്കി. ഹരിതാരാമം എന്ന പേരിൽ പൂന്തോട്ടം നിർമിച്ചു. റീഡിങ് കോർണർസ്ഥാപിച്ചു.

പുതിയ അധ്യയനവർഷം മികവുകളുടേതാകാൻ ഏവർക്കും ആശംസകൾ.

**ഫാ. സിജോ ഇളംകുന്നപ്പുഴ** (കോർപ്പറേറ്റ് മാനേജർ)

# Bishop's Programme



***July 2025***

*01 Tue - 31 Thu: ............... Abroad*

***August 2025***

*01 Friday: ........................... Back from abroad*

*02-04: ................................ Engaged*

*05 Tue- 09 Sat: ................... POC: KCBC*

*10 Sun 11 Mon: ................. Engaged*

*12 Tue: ............................... Meeting of Parish Priests in charge of Corporate Schools*

*16 Sat: ................................ Cathedral: Ordination of Deacon Linto Kottayil MSFS*

*Afternoon: ........... WSSS: AGM*

*18 Mon- 29 Fri: ................. Kakkanad: Synod*

*30 Sat: ............................... FEDAR General Body Meeting*

# *Auxiliary Bishop's Programme*



***July 2025***

| | | |
|---|---|---|
| *2* | *Wed- 8 Tue:* ................. | *Abroad* |
| *13* | *Sunday:* ........................ | *Chennalode: Pastoral Visit* |
| *14* | *Monday:* ....................... | *Kaniyaram: Baptism* |
| *15* | *Tuesday:* ...................... | *Dwaraka: Pravasi Sanghamam* |
| *20* | *Sunday:* ....................... | *Karimani: Pastoral Visit* |
| *23* | *Thursday:* ...................... | *Kunnoth: Good Shepherd Major Seminary* |
| *27* | *Sunday:* ....................... | *Kolavayal: Pastoral Visit* |
| *28* | *Monday: Morning:......* | *Ettupara: Holy Mass* |
| | *Evening:........* | *Kamballur: Holy Mass* |
| *30* | *Wednesday:* ................. | *Chooralmala: Requiem Mass* |

***August 2025***

| | | |
|---|---|---|
| *3* | *Sunday:* ...................... | *Kaniyaram: Cathedral: Pastoral Visit* |
| *5* | *Tues- 9 Sat:* ................... | *POC: KCBC* |
| *18* | *Mon- 29 Fri:* .................. | *Kakkanad: Synod* |
| *13* | *Sunday:* ........................ | *Chennalode: Pastoral Visit* |